

# ഉള്ളഴക്

ഡൺസ്റ്റനച്ചനെക്കുറിച്ചുള്ള

ഓർമ്മക്കുറിപ്പുകൾ

**Dharmaram Publications**

No. 504



# ഉള്ളഴക്

ഡൺസ്റ്റനച്ചനെക്കുറിച്ചുള്ള

ഓർമ്മക്കുറിപ്പുകൾ

## Fr. Dunston Olakkengal CMI

| | | |
|---|---|---|
| Birth | : | 27-11-1920 |
| Profession | : | 24-11-1939 |
| Ordination | : | 31-05-1947 |
| Death | : | 20-10-2006 |

www.dunston.in



# ഉള്ളഴക്

ഡൺസ്റ്റനച്ചനെക്കുറിച്ചുള്ള

ഓർമ്മക്കുറിപ്പുകൾ

**ഫാ. ഡൺസ്റ്റൺ ഒലക്കെങ്കൽ സി.എം.ഐ.**

www.dunston.in

**ഫാ. പോൾ തെക്കിനിയത്ത് സി.എം.ഐ.**
**ഫാ. ജോൺസൺ വലിയകുളത്തിൽ സി.എം.ഐ.**

2020
**Preshitha Communications**
Little Flower Mission Centre
Bharathiar University P.O.
Coimbatore 641 046
&
**Dharmaram Publications**
Bengaluru 560 029 India

**Ullazhaku: Dunstonachanekurichulla Ormakurippukal**

**ഉള്ളഴക്: ഡൺസ്റ്റനച്ചനെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ**

Editors

Paul Thekkiniyath CMI
Johnson Valiyakulathil CMI

© Presitha Communications, Coimbatore
First Published 2020

Fr. Dunston's Birth Centenary Edition
(27 November 1920 - 27 November 2021)

Cover: Suresh Kumar

Layout & Printing: Viani Printers, Kochi

ISBN: 978-81-948836-6-1

Price: Rs. 50

Publisher
**Preshitha Communications**
Little Flower Mission Centre
Bharathiar University P.O.
Coimbatore 641 046, India
&
**Dharmaram Publications**
Bengaluru 560 029 India

# ഉള്ളടക്കം


ബഹുമാനപ്പെട്ട ഫാ. ഡൺസ്റ്റൻ സി.എം.ഐ.: യേശുവിന്റെ പ്രതിരൂപം
**മാർ ജേക്കബ് മനത്തോടത്ത്** 9

പ്രാർത്ഥനാഗാനം
**ഫിലിപ്സ് പനയ്ക്കൽ സി.എം.ഐ.** 10

Dunston
**Fr. Varghese Manjaly CMI** 10

പുണ്യാത്മാവായ ഡൺസ്റ്റനച്ചൻ
**ഫാ. തോമാസ് ചാത്തംപറമ്പിൽ സി.എം.ഐ.** 11

ഡൺസ്റ്റനച്ചൻ: സി.എം.ഐ. സന്ന്യാസസമൂഹത്തിലെ വേറിട്ടൊരു സന്ന്യാസി
**ഫാ. സാജു ചക്കാലക്കൽ സി.എം.ഐ.** 13

വിശുദ്ധിയുടെ നിറക്കൂട്ടുകൾ
**ഫാ. ഡേവിസ് പനയ്ക്കൽ സി.എം.ഐ.** 15

Fr. Dunston: A Carmelite Who Made Holiness Attractive
**Fr. Paul Achandy CMI** 17

ഡൺസ്റ്റനച്ചന്റെ ജീവിതശൈലി
**ഫാ. ജോൺസൺ വലിയകുളത്തിൽ സി.എം.ഐ.** 19

ഒരു യാത്രികൻ
**Fr. Dany Kokkaden CMI** 21

ഉള്ളഴകിൻ പുണ്യാത്മാവ്... ഫാ. ഡൺസ്റ്റൻ ഒലക്കേങ്കൽ സി.എം.ഐ.
ഫാ. പോൾ തെക്കിനിയത്ത് സി.എം.ഐ. 22

ഡൺസ്റ്റനച്ചന് നൂറാം പിറന്നാളാശംസകൾ ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ 26

ഡൺസ്റ്റനച്ചൻ: തിളങ്ങുന്ന ഒരു നക്ഷത്രം ഫാ. തോമസ് ഐക്കര സി.എം.ഐ. 29

ഇല്ലായ്മയും ഉള്ളായ്മയും ഫാ. ആന്റോ വട്ടക്കുഴി സി.എം.ഐ. 30

Fr. Dunston CMI: A Model for Formators **Fr. John Peter Muringathery CMI** 31

Our Priceless Prince-Fr. Dunston **Fr. Dany Kokkaden CMI** 34

ഉള്ളഴകിൻ പുണ്യാത്മാവ്: ഡൺസ്റ്റനച്ചൻ ഫാ. പോൾ തെക്കിനിയത്ത് സി.എം.ഐ. 35

സ്നേഹത്തിൻ സക്രാരി ഫാ. ടോണി കൊള്ളനൂർ സി.എം.ഐ. 35

ഡൺസ്റ്റനച്ചൻ: ഒരു അനുഭവ യാത്ര ഫാ. ഡേവിസ് തട്ടിൽ സി.എം.ഐ. 36

ഡൺസ്റ്റനച്ചൻ: പ്രകൃതി സംരക്ഷകൻ ഫാ. ആന്റോ അക്കരപ്പട്ടിയേക്കൽ സി.എം.ഐ. 38

എന്റെ പുണ്യചരിതനായ ഡൺസ്റ്റൻ ഒലയ്ക്കലേങ്കൽ അച്ചൻ
ഫാ. വിൻസൻ മൊയലൻ സി.എം.ഐ. 39

Fr. Dunston: A Trusted and Worthy Friend — **Fr. Francis Thaivalappil CMI** 42

ഓർമ്മകളിലെ സുകൃതജീവിതം — **ഫാ. ജോയ് അറയ്ക്കൽ സി.എം.ഐ.** 43

ഡൺസ്റ്റനച്ചൻ എന്റെ ഓർമകളിൽ... — **ഫാ. ജോൺ പീറ്റർ സി.എം.ഐ.** 45

ലാളിത്യത്തിന്റെ രാജകുമാരൻ: ഡൺസ്റ്റനച്ചൻ — **ഫാ. ബാബു തട്ടിൽ സി.എം.ഐ.** 46

കുഞ്ഞേത്തിയുടെ ആത്മഗതം — **ഫാ. റിജോ ചിറയത്ത് സി.എം.ഐ.** 48

Strong Footprints of Fr. Dunston — **Fr. Jose Martin Kaithavalappil CMI** 49

നന്മനിറഞ്ഞവൻ  ഡൺസ്റ്റനച്ചൻ — **ഫാ. ആന്റണി വാഴപ്പിള്ളി സി.എം.ഐ.** 51

‘ഞാൻ രക്തം കണ്ടാൽ തല കറങ്ങി വീഴുന്നവനാണ്’ — **ഫാ. ജെ. വിതയത്തിൽ സി.എം.ഐ.** 53

എളിമതന്നെയായ ഡൺസ്റ്റനച്ചൻ — **ഫാ. പോൾസൻ കണ്ണനായ്ക്കൽ സി.എം.ഐ** 54

A Holy Presence of Intercession in Heaven — **Fr. Shyjo Paramel CMI** 59

ഡൺസ്റ്റനച്ചനും KSRTC യും...
**ഫാ. ജോസ് പോൾ എടക്കളത്തൂർ സി.എം.ഐ.** 61

എന്റെ ഫ്രാൻസീസ് അസീസ്സി ഡൺസ്റ്റനച്ചൻ ...ഒരു ഓർമ്മക്കുറിപ്പ്
**ഫാ. ഫിലിപ്സ് പനയ്ക്കൽ സി.എം.ഐ.** 62

The Voyager 'D'
**Fr. Varghese Manjaly CMI** 64

അവധൂതന്റെ അവികലവഴികൾ
**ഫാ. നിമിഷ് ചുൻണ്ടംക്കുഴിയിൽ സി.എം.ഐ.** 65

**பணிவின் மணிவிளக்கே!**
அருட்சகோ. ஷிஜோ சொவ்வல்லூர் சி.எம்.ஐ. 65

ഗുരുവരൻ ഡൺസ്റ്റനച്ചൻ...
**ഫാ. ജോസഫ് വിതയത്തിൽ സി.എം.ഐ.** 66

അമർത്യൻ
**ഫാ. ആൻസൻ പാണേങ്ങാടൻ സി.എം.ഐ.** 68

പ്രേഷിതയുടെ പുണ്യസൂനം ഡൺസ്റ്റനച്ചാ...
**ലിറ്റിൽ ഫ്ളവർ മൈനർ സെമിനാരി** 69

അഴകുള്ളാത്മാവേ...
**അരുൾ ഇല്ലം നോവിഷ്യേറ്റ്** 69

ഡൺസ്റ്റനച്ചന്റെ ജീവിതനാൾവഴികൾ 70

# ഫാ. ഡൺസ്റ്റൻ സി.എം.ഐ.: യേശുവിന്റെ പ്രതിരൂപം



ബഹുമാനപ്പെട്ട ഡൺസ്റ്റനച്ചന്റെ ജന്മശദാബ്തി ആചരിക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. അച്ചൻ നമ്മിൽ നിന്നും വേർപിരിഞ്ഞുപോയി എങ്കിലും അദ്ദേഹത്തെപ്പറ്റിയുള്ള ഓർമ്മകൾ സ്മൃതി പദത്തിൽ നിറഞ്ഞു നില്ക്കുകയാണ്. മരിച്ചാലും മറക്കാൻ പറ്റാത്ത വ്യക്തികളിലൊരാളാണ് ബഹുമാനപ്പെട്ട ഡൺസ്റ്റനച്ചൻ. എനിക്ക് അച്ചനെ ഹ്യസ്വകാലത്തെ പരിചയമെയുള്ളു. എന്നിട്ടുപോലും അച്ചൻ എന്റെ മനസ്സിൽ തെളിഞ്ഞു പ്രകാശിക്കുകയാണ്. കർത്താവ് യോഹന്നാൻ മാംദാനയെപ്പറ്റി ഇപ്രകാരം പറയുന്നുണ്ട് : 'കത്തിജ്ജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ. അല്പസമയത്തേയ്ക്ക് അവന്റെ പ്രകാശത്തിൽ ആഹ്ളാദിക്കുവാൻ നിങ്ങൾ ഒരുക്കവുമായിരുന്നു' (യോഹ 5:35). ഡൺസ്റ്റനച്ചനെപ്പറ്റി എനിക്ക് പറയുവാൻ തോന്നുന്നത് ഏതാണ്ട് അതുതന്നെയാണ്. നിശബ്ദമായിരുന്നു അദ്ദേഹത്തിന്റെ ജീവിതമെങ്കിലും കത്തിജ്വലിച്ചുനിന്ന ഒരു വിളക്കായിരുന്നു അദ്ദേഹം. ഏവർക്കും പ്രകാശം പരത്തിയ അതിന്റെ വെളിച്ചം അനുഭവിക്കുവാൻ എനിക്ക് അല്പസമയം മാത്രമെ ലഭിച്ചുള്ളു. അഭിവന്ദ്യ ജോസഫ് ഇരിമ്പൻ പിതാവിനും മറ്റുള്ളവർക്കും അതിനുള്ള ഭാഗ്യം കിട്ടി. അച്ചൻ വളരെകാലം ഇരിമ്പൻ പിതാവിന്റെ കുമ്പസാരക്കാരൻ കൂടിയായിരുന്നു. അച്ചനെപ്പറ്റിയുള്ള പാവനസ്മരണകൾ നമ്മുടെ ജീവിതവഴികളെ ദീപ്തമാക്കട്ടെയെന്നാണ് എന്റെ പ്രാർത്ഥന.

അച്ചനെപ്പറ്റി പറയുവാൻ സാധിക്കുന്ന ഏറ്റം സവിശേഷമായ കാര്യം ശാന്തതയും ക്ഷമയും വിനയവും അച്ചന്റെ മുഖമുദ്രയായിരുന്നു എന്നതാണ്. കർത്താവ് നമ്മളോട് പറഞ്ഞു: 'ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും' (മത്താ 11:29). ഡൺസ്റ്റനച്ചൻ സ്വജീവിതത്തിൽ പ്രദർശിപ്പിച്ച ക്ഷമയും ശാന്തതയും വിനയവും കർത്താവിൽ നിന്ന് പഠിച്ചതാണ്. കർത്താവിലേക്ക് അത്രമാത്രം വളർന്നു. 'സ്നേഹത്തിൽ സത്യം പറഞ്ഞുകൊണ്ട് ശിരസ്സായ ക്രിസ്തുവിലേക്ക് എല്ലാവിധത്തിലും നാം വളരേണ്ടിയിരിക്കുന്നു' (എഫേ 4:15) എന്നാണല്ലോ പൗലോസ് ശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നത്. ഡൺസ്റ്റനച്ചൻ അപ്രകാരം വളരാൻ തീക്ഷ്ണമായി പരിശ്രമിച്ചു. ആ പരിശ്രമത്തിൽ അദ്ദേഹം അതിശയകരമാംവിധം വിജയിച്ചു. അതുകൊണ്ട് അദ്ദേഹം യേശുവിനെപ്പോലെയായി. യേശുവിന്റെ സാക്ഷാൽ പ്രതിരൂപമായി. അച്ചനെ നമുക്ക് മാതൃകയും മാദ്ധ്യസ്ഥനുമായി നല്കിയ നല്ല ദൈവത്തിന് നന്ദി പറയാം. അദ്ദേഹത്തിന്റെ ഓർമ്മയാചരണം വഴി നമ്മുടെ ജീവിതം ധന്യമാകട്ടെ.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

# പ്രാർത്ഥനാഗാനം

പുണ്യമലരാം ഡൺസ്റ്റനച്ചാ
പുണ്യവഴികളെയെന്നും പുൽകി നീ
പാരിൻ നാഥനിൽ ചെന്നുചേരുവാൻ
പാവനജീവിതം പാഥേയമാക്കി

കൂടണയും കൂടപ്പിറപ്പുകളിൽ
കരുതലിൻകനവുകൾ നിറച്ചു നീ
കരുണതൻ കൈത്തിരി കാട്ടിടൂ
കർമ്മലയിൽ കനകമായ് കതിരിടൂ

വിതുമ്പിവരും വിണ്ണിൻ വഴിയിറമ്പിൽ
വിയർപ്പെഴും വിരലാൽ വർണ്ണമെഴുതി
വിശ്വാസത്തിൻ വെള്ളവസ്ത്രം വീശിടൂ
വിശുദ്ധിതൻ വീഥിയിൽ വിളങ്ങിടൂ



Lyrics & Music

ഫിലിപ്സ് പനയ്ക്കൽ സി.എം.ഐ.



# Dunston

**D**aring and a challenging religious.
**U**nending and tireless in all his efforts.
**N**ever gives up, until reaches to the core.
**S**imple in life and careful in approach.
**T**angible to anyone can experience the peace.
**O**pen smile without duplicity.
**N**' "D"a Divine soul in heaven!

Fr. Varghese Manjaly CMI



# പുണ്യാത്മാവായ ഡൺസ്റ്റനച്ചൻ



ജീവിതമദ്ധ്യേ വിശുദ്ധരായവരുണ്ട്. ജീവിതത്തിന്റെ അന്ത്യത്തിൽ വിശുദ്ധരായവരുണ്ട്. ജീവിതകാലം മുഴുവൻ വിശുദ്ധരായവരുണ്ട്.അവസാനഗണത്തിൽ പെടുന്ന പുണ്യാത്മാവാണ് ബഹുമാനപ്പെട്ട ഡൺസ്റ്റനച്ചൻ. 1920 നവംബർ 27ന് പാവറട്ടിയിൽ ഒലക്കേങ്കിൽ പൗലോസ്-മറിയം ദമ്പതികളുടെ നാലാമത്തെ മകനായി അദ്ദേഹം ജനിച്ചു. ക്രിസ്തീയ ചൈതന്യം നിറഞ്ഞ കുടുംബാന്തരീക്ഷത്തിലാണ് അദ്ദേഹം വളർന്നു വന്നത്. മാതാപിതാക്കളുടെയും മൂത്ത സഹോദരി കുഞ്ഞേത്തിയുടെയും ക്രിസ്തീയജീവിത മാതൃക ഡൺസ്റ്റനച്ചന്റെ കുട്ടിക്കാലത്തെ വളരെയധികം സ്വാധീനിച്ചു. അതിന്റെ ഫലമായി ഏഴാമത്തെ വയസ്സിൽ ഒരു വിശുദ്ധനാകണമെന്ന് അദ്ദേഹം തീരുമാനമെടുത്തു. സ്വരാജ്യസ്നേഹത്താൽ ഭാരതത്തിലെ ആദ്യത്തെ പുണ്യവാനാകുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു. അതിനുള്ള മാർഗ്ഗം സന്യാസജീവിതമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ 1935ൽ യോഗാർത്ഥി ഭവനത്തിൽ ചേർന്നു. സന്യാസ വൈദിക പരിശീലനത്തിനു ശേഷം 1947ൽ ചെത്തിപ്പുഴയിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു. അതിനു ശേഷമുള്ള 59 വർഷങ്ങളിൽ ഭൂരിഭാഗവും സേവനമനുഷ്ഠിച്ചത് സന്യാസ വൈദികാർത്ഥികളെ പരിശീലിപ്പിക്കുന്നതിലായിരുന്നു. സി.എം.ഐ. സഭയിലെ ആദ്യകാല മിഷനറിമാരിലൊരാളാകാൻ അതിയായി ആഗ്രഹിച്ചെങ്കിലും അനുസരണത്തിൻ കീഴിൽ ഇഷ്ടമില്ലാത്ത യോഗാർത്ഥി പരിശീലകന്റെ ദൗത്യം ദൈവഹിതമായി അദ്ദേഹം ഏറ്റെടുത്തു.

ഡൺസ്റ്റനച്ചന്റെ വിശുദ്ധ ജീവിതത്തിന്റെ അടിസ്ഥാനം സത്യത്തോടുള്ള അതിയായ സ്നേഹമാണ്. അത് അദ്ദേഹത്തിന്റെ ജീവിത പ്രമാണമായിരുന്നു. തന്റെ ആത്മീയാനുഭവ കുറിപ്പിൽ അദ്ദേഹം എഴുതി: 'സത്യമായതു വിശ്വസിക്കുക, വിശ്വസിക്കുന്നതു പറയുക, പറയുന്നതു പ്രവർത്തിക്കുക. സത്യത്തിന്റെ അംഗീകരണത്തിൽ നിന്നേ നീതി പുലരുകയുള്ളൂ.' സനാതനസത്യമായ ദൈവത്തിൽ ഒന്നായിത്തീരുവാൻ അതിയായി ആഗ്രഹിച്ച ഡൺസ്റ്റനച്ചൻ സ്വന്തം ജീവിതത്തിൽ സത്യത്തിന്റെയും നീതിയുടെയും പ്രവാചകനായി. 'യാഥാർത്ഥ്യം തന്നോട് ആവശ്യപ്പെട്ട സമയങ്ങളിൽ ഒരിക്കലും മന:പൂർവ്വം കള്ളം പറഞ്ഞിട്ടില്ല,' എന്ന അദ്ദേഹത്തിന്റെ സ്വയം വെളിപ്പെടുത്തൽ വഴി, ഈ സത്യസ്നേ ഹത്തിന്റെ ആഴവും വ്യാപ്തിയും തിരിച്ചറിയാനാകും. അതുകൊണ്ടു തന്നെ തന്റെ

മന:സാക്ഷിയെ ദൈവത്തിന്റെ നീതിയോട് ചേർത്തു വയ്ക്കാൻ ഡൺസ്റ്റനച്ചനു സാധിച്ചു.

പ്രാർത്ഥന ജീവിതമാക്കിയ അദ്ദേഹം, ദേവാലയത്തിൽ ദീർഘനേരം ചിലവിട്ടു. ധ്യാനലീനനായി മുട്ടുകുത്തി ദിവ്യകാരുണ്യ സന്നിധിയിൽ ഈശോയുമായി നിരന്തരം സംഭാഷിക്കുന്ന ഡൺസ്റ്റനച്ചൻ ഏവർക്കും പ്രചോദനമായി.

ഉത്തമ സന്യാസിയായിരുന്ന ഡൺസ്റ്റനച്ചന്, അനുസരണമെന്നത് അധികാരികളോടുള്ള 'വഴിപ്പെടൽ' ആയിരുന്നു. ദൈവപരിപാലനയിൽ ആശ്രയിച്ച്, ലാളിത്യം ജീവിത ശൈലിയാക്കിയ അദ്ദേഹത്തിന്, ദൈവത്തെ അല്ലാതെ 'ആരേയും സേവിക്കാതെ മനസ്സിന്റെ ശ്രേഷ്ഠത പാലിക്കാൻ' ദാരിദ്ര്യവ്രതം സഹായകമായി. ബ്രഹ്മചര്യവ്രതത്തിലൂടെ സ്വാഭാവിക സ്നേഹബന്ധങ്ങളെ അതിജീവിച്ച് ആത്മീയബന്ധങ്ങൾക്ക് അടിസ്ഥാനമിടാൻ അച്ചന് സാധിച്ചു. സന്യാസസമൂഹത്തിലെ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന സ്നേഹിതരല്ല, മറിച്ച് ദൈവം നൽകിയ സഹോദരന്മാരാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

ഈശോയുടെ അനുകമ്പയുടെ മറുവാക്കായ ഡൺസ്റ്റനച്ചൻ, അനുരഞ്ജന ശുശ്രൂഷയ്ക്കണയുന്നവരുടെ ആശ്വാസമായിരുന്നു. സ്വജീവിതത്തിൽ സഹനത്തിന്റെ ദാസനായിരുന്ന അദ്ദേഹം, രോഗികളുടെ സ്നേഹ ശുശ്രൂഷകനായിരുന്നു. മറവിയെന്ന കുറവിനെ, എളിമയോടെ ദൈവഹിതമായി സ്വീകരിച്ചപ്പോഴും, ആത്മീയ കാര്യങ്ങളിലും സുകൃതപാലനത്തിലും, ഓർമ്മക്കുറവ് അശേഷം പോലും അദ്ദേഹത്തെ ബാധിച്ചില്ല.

ചുരുക്കത്തിൽ, സ്വന്തം രാജ്യത്തിന്റെ വിശുദ്ധിക്കും അഭിമാനത്തിനും വേണ്ടി പുണ്യവാനാകാൻ ആഗ്രഹിച്ച ഇട്ടൂപ്പുണ്ണിയെന്ന കൊച്ചുബാലൻ, സത്യസ്നേഹത്തിൽ അടിസ്ഥാനമിട്ട്, വിശ്വാസത്തിന്റെയും എളിമയുടെയും സഹനത്തിന്റെയും മാർഗ്ഗത്തിലൂടെ, ദൈവപരിപാലനയിൽ ആശ്രയിച്ച്, സാർവ്വത്രിക സഭയുടെ പുണ്യാത്മാവായ ഡൺസ്റ്റനച്ചനായി! വിശുദ്ധിയിൽ ജീവിക്കാൻ, ക്രിസ്തു സാക്ഷികളാകാൻ, ഈ വിശുദ്ധാത്മാവിന്റെ ജീവിതം നമുക്ക് പ്രചോദനമാകട്ടെ. പുണ്യാത്മാവായ ഡൺസ്റ്റനച്ചന്റെ മാദ്ധ്യസ്ഥം നമുക്കപേക്ഷിക്കാം.

**ഫാ. തോമാസ് ചാത്തംപറമ്പിൽ സി.എം.ഐ.**

പ്രിയോർ ജനറൽ

## ഡൺസ്റ്റനച്ചൻ:
## സി.എം.ഐ. സന്ന്യാസസമൂഹത്തിലെ വേറിട്ടൊരു സന്ന്യാസി



വിശുദ്ധമായ ജീവിതംകൊണ്ടും നന്മനിറഞ്ഞ ബന്ധങ്ങൾകൊണ്ടും നീതിനിഷ്ഠമായ കാഴ്ചപ്പാടുകൾകൊണ്ടും വേറിട്ട ഒരു സന്ന്യാസ വ്യക്തിത്വമായിരുന്നു ഞാൻ കണ്ട ഡൺസ്റ്റൻ ഒലക്കേങ്കലച്ചൻ. സി.എം.ഐ. സന്ന്യാസസമൂഹത്തിന്റെ സ്വത്വത്തെ തിരിച്ചറിയുകയും തന്റേതായ ജീവിതശൈലികൊണ്ട് അതിനെ കൂടുതൽ ആഴപ്പെടുത്തുകയും മഹത്വരമാക്കുകയും ചെയ്തയാളാണ് അദ്ദേഹം.

ഒരു പക്ഷെ, പ്രേഷിത പ്രവിശ്യയുടെ ചരിത്രത്തിൽ ഏറ്റവും സാധാരണക്കാരനായി, ദരിദ്രരിൽ ദരിദ്രനായി, ഏറ്റവും എളിയ രീതികളിൽ സ്വന്തം ജീവിതത്തെ ക്രമീകരിച്ച ഡൺസ്റ്റനച്ചൻ, തന്റെ വിശുദ്ധി നിറഞ്ഞ ജീവിതംകൊണ്ട് ഏറ്റവും മഹത്വമേറിയ ഒരു സ്ഥാനം തന്നെ അറിയുന്നവരുടെയെല്ലാം മനസ്സുകളിൽ നേടിയിട്ടുണ്ട്. ഈ മഹത്വപൂർണമായ സ്ഥാനം ജീവിച്ചിരിക്കുമ്പോൾത്തന്നെ അദ്ദേഹത്തിന് നേടാനായി എന്ന വസ്തുത അദ്ദേഹത്തിന്റെ ജീവിതശൈലിക്ക് മാറ്റുകൂട്ടുന്നുണ്ട്.

സത്യത്തിന്റെയും നീതിയുടെയും പാതയിൽ ഒരു വേറിട്ട മുഖം ഡൺസ്റ്റനച്ചനുണ്ടായിരുന്നു. സത്യത്തിന് നിരക്കാത്ത യാതൊന്നും അദ്ദേഹം സംസാരിക്കുന്നതോ പ്രവർത്തിക്കുന്നതോ ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല; ആരും അത്തരത്തിലുള്ള ഒരു സംഭവത്തെക്കുറിച്ചുപോലും പറയുന്നതും കേട്ടിട്ടില്ല. കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും സർവസാധാരണമായ ആനുകാലിക സമൂഹത്തിൽ അതിനെതിരെ വളരെ ശക്തമായി പ്രതികരിച്ചിട്ടുള്ളയാളാണ് അദ്ദേഹം. കൈക്കൂലി കൊടുക്കാത്തതിന്റെ പേരിൽ ഏതെങ്കിലും ഒരു സ്ഥാപനം പണിയുന്നതിനോ നടത്തുന്നതിനോ തടസ്സം നേരിട്ടാൽ അത് ദൈവരാജ്യത്തിനുള്ള ഏറ്റവും ശ്രേഷ്ഠമായ ഒരു സാക്ഷ്യമായിരിക്കുമെന്ന് അദ്ദേഹത്തിന് ഉറച്ച ബോധ്യമുണ്ടായിരുന്നു; അതിൽനിന്നും അണുവിട മാറാതെ തീരുമാനങ്ങളെടുത്ത് നടപ്പാക്കാൻ അദ്ദേഹം ബദ്ധശ്രദ്ധനുമായിരുന്നു.

സന്ന്യാസവൈദികപരിശീലനരംഗത്ത് നിരവധി വർഷങ്ങൾ സേവനം ചെയ്ത ഡൺസ്റ്റനച്ചന്റെ കറകളഞ്ഞതും വിശുദ്ധിനിറഞ്ഞതുമായ ജീവിതം തന്നെയായിരുന്നു ഏറ്റവും ശക്തമായ പരിശീലനഉപകരണം. നീതിന്യായത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ ഏറെ

കണിശ്ശക്കാരനായിരുന്നു അദ്ദേഹമെങ്കിലും, വ്യക്തികളെ നയിക്കുന്നതിൽ അദ്ദേഹത്തിന് സ്വന്തമായിരുന്ന കരുണയുടെയും സ്നേഹത്തിന്റെയും ഭാവം ഒരു പരിശീലകനെന്നനിലയിൽ ഡൺസ്റ്റനച്ചനെ വേറിട്ടവനാക്കി. രോഗികളായ അർത്ഥികളോട് അദ്ദേഹം പുലർത്തിയിരുന്ന മനോഭാവവും സമീപനവും എപ്പോഴും കരുണയിൽ ചാലിച്ചതായിരുന്നു.

ആധ്യാത്മികജീവിതത്തിൽ തന്നോടുതന്നെ ഏറെ കാർക്കശ്യം പുലർത്തിയിരുന്ന ഡൺസ്റ്റനച്ചൻ ആഴമേറിയ അറിവോടും ആത്മാർത്ഥമായ തീക്ഷ്ണതയോടുംകൂടെ വളരെയേറെ ശിഷ്യരെ ആത്മീയതയിൽ വളർത്തുവാനായി നിരന്തരം ഒരു കൈത്താങ്ങായിരുന്നു. താത്വികമായി ആത്മീയതയെക്കുറിച്ചും അറിവുണ്ടായിരുന്ന അദ്ദേഹത്തിന് തന്റെ പ്രോജ്ജ്വലമായ ആത്മീയാനുഭവങ്ങളുടെ ബലത്തിൽ മറ്റുള്ളവരെ വിജയകരമായി നയിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദിവ്യകാരുണ്യസന്നിധിയിൽ അദ്ദേഹം ചിലവഴിച്ച നീണ്ട മണിക്കൂറുകൾ, വളരെ പ്രത്യേകമായി നിശയുടെ നിശബ്ദതയിൽ തുടർച്ചയായി യേശുസാന്നിധ്യത്തിലായിരുന്നത്, അദ്ദേഹത്തെ വേറിട്ട ഒരു ആത്മീയ ശൈലിയുടെ ഉടമയും ആചാര്യനുമാക്കി.

ഡൺസ്റ്റനച്ചന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ അദ്ദേഹത്തിന്റെ വേറിട്ട ജീവിതം വഴി സി.എം.ഐ. സന്ന്യാസജീവിതശൈലിയെ കൂടുതൽ ആത്മീയവും ആകർഷവുമാക്കിയതിന്, സത്യവും നീതിയും കരുണയും ആത്മീയജീവിതത്തിന്റെ ഊടും പാവുമാണെന്ന് നമ്മെ തുടർച്ചയായി ഓർമിപ്പിക്കുന്നതിന്, കൂടുതൽ ആഴമേറിയതും ഒട്ടും വ്യതിചലിക്കാത്തതുമായ ഒരു വ്യക്തിബന്ധം ദൈവവുമായി ഈ ആധുനികകാലത്തും ജീവിക്കുവാൻ കഴിയുമെന്ന് ഉച്ചൈസ്തരം തന്റെ ജീവിതം വഴി പ്രഘോഷിക്കുന്നതിന്... ദൈവമേ നിനക്ക് സ്തുതി! ഡൺസ്റ്റനച്ചന്റെ ഈശോപാസനം ഏവർക്കും കൂടുതൽ പ്രചോദനമേകട്ടെയെന്ന് ആശംസിക്കന്നു. അദ്ദേഹത്തിന്റെ അനന്യമായ ജീവിതം വിശുദ്ധിയുടെ വിളങ്ങുന്ന മാതൃകയായി തിരുസഭയിൽ ഉയർത്തപ്പെടട്ടെയെന്നാണ് പ്രാർത്ഥന...

**ഫാ. സാജു ചക്കാലക്കൽ സി.എം.ഐ.**
പ്രൊവിൻഷ്യൽ, പ്രേഷിത പ്രോവിൻസ്

# വിശുദ്ധിയുടെ നിറക്കൂട്ടുകൾ



'സുതാര്യം സുന്ദരം' ഡൺസ്റ്റനച്ചന്റെ ജീവിത സംഗ്രഹ ഗ്രന്ഥമാണല്ലോ. വളരെ പെട്ടന്നു തന്നെ അത് വായിച്ചു തീർത്തു. വിശുദ്ധിയുടെ വഴികൾ വളരെ ചെറുപ്പത്തിൽ തന്നെ തിരിച്ചറിഞ്ഞ് ദൃഢനിശ്ചയത്തോടെ മുന്നേറിയ സന്ന്യാസ വര്യന്റെ ജീവിത കഥ. അടുത്ത പരിചയം എനിക്കില്ല. എങ്കിലും അകലെ നിന്ന് നോക്കി കണ്ടിരുന്നു. എന്തെങ്കിലും ആകർഷകമായി സൂക്ഷിക്കുവാൻ ഡണ്സ്റ്റനച്ചനെകുറിച്ച് എനിക്കില്ലായിരുന്നു. പക്ഷെ ഈ പുസ്തകത്തിലൂടെ അടുത്ത് നിന്ന് പരിചയപ്പെട്ടപ്പോൾ ഒത്തിരി സന്തോഷം തോന്നി. കുറേ വിശുദ്ധിയുടെ നിറക്കൂട്ടുകൾ അച്ചനിൽ പരിലസിച്ചിരുന്നു. ചിലത് ഏറെ മനസ്സിൽ തങ്ങി നിൽക്കുന്നു. 'മറവിയുടെ വിശുദ്ധി', 'ക്ഷമയുടെ വിശുദ്ധി', 'പരിശ്രമ വിശുദ്ധി', 'സത്യ വിശുദ്ധി', 'പ്രാർത്ഥനയുടെ വിശുദ്ധി', 'ആരാധന വിശുദ്ധി', 'വഴിപ്പെടലിന്റെ വിശുദ്ധി' തുടങ്ങിയവയാണവ. തന്റെ ജീവിതത്തെ ലളിതമായി വിശുദ്ധിയുടെ നിറച്ചാർത്തുകളോടെ അവതരിപ്പിച്ചിരുക്കുന്ന ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 2011 ഏപ്രിൽ 13ന് വത്തിക്കാൻ ചത്വരത്തിൽ വച്ച് തന്നെ കാണാൻ വന്ന ദൈവജനത്തോട് സംവദിച്ചത് വിശുദ്ധരെ കുറിച്ചാണ്. അഞ്ച് ചോദ്യോത്തരങ്ങളിലൂടെയാണ് പരിശുദ്ധ പിതാവ് ത്ന്റെ മനസ്സ് തുറന്നത്. ഈ അഞ്ച് ചോദ്യോത്തരങ്ങൾ ഡൺസ്റ്റനച്ചന്റെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഞാൻ അനുമാനിക്കുന്നു. ഈ ചോദ്യോത്തരങ്ങളിലൂടെ അച്ചന്റെ ജീവിതത്തെ സംഗ്രഹിക്കാവുന്നതാണ്.

1. വിശുദ്ധി എന്നു പറയുന്നത് എന്താണ്? ആരെയാണ് വിശുദ്ധന് എന്ന് വിളിക്കുക?

   അനിതരസാധാരണമായ പ്രവർത്തികൾ ചെയ്യുന്നതില്ല മറിച്ച് യേശുവിനോട് ഐക്യപ്പെട്ട് യേശുവിന്റെ മാതൃകയിലും, സ്വഭാവത്തിലും, ചിന്തയിലുമുള്ള അനുരൂപണമാണ്.

2. എങ്ങനെയാണ് യേശുവിന്റെ വിളിക്കനുസൃതമായി വിശുദ്ധിയുടെ പാത തിരഞ്ഞെടുക്കുക?

   വിശുദ്ധ ജീവിതം എന്നു പറയുന്നത് നമ്മുടെ പ്രവർത്തികളുടേയോ, പരിശ്രമങ്ങളുടേയോ ഫലമല്ല. അതിനേക്കാൾ ഉപരിയായി ദൈവം ഒരു വ്യക്തിയിൽ നടത്തുന്ന വിശുദ്ധീകരണമാണ്. ഇത് ഒരു വ്യക്തിയുടെ അന്തരാത്മാവിലുള്ള പരിശുദ്ധാ-

ആത്മാവിന്റെ പ്രവർത്തനമാണ്. ഇത് ഉത്ഥിതനായ ക്രിസ്തുവിന്റെ ജീവിതം ഒരു വ്യക്തിയിൽ നടത്തുന്ന രൂപാന്തരീകരണമാണ്; സംവദിക്കലാണ്.

3. എങ്ങിനെയാണ് നമ്മുടെ ചിന്താരീതികളും, നമ്മുടെ പ്രവൃത്തികളും ക്രിസ്തുവിന്റെ ചിന്തയും പ്രവൃത്തികളുമായി അനുരൂപപ്പെടുന്നത്? അല്ലെങ്കിൽ വിശുദ്ധിയുടെ ആത്മാവ് എന്ന് പറയുന്നത് എന്താണ്?

ക്രിസ്തീയ വിശുദ്ധി എന്ന് പറയുന്നത് സ്നേഹം അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്നതിലാണ്. സ്നേഹം ഒരു നല്ല വിത്തു പോലെ വളർന്ന് ആത്മാവിൽ ഫലങ്ങൾ പുറപ്പെടുവിക്കുന്നതു പോലെയാണ്. ഇത് സാദ്ധ്യമാകുന്നത് അനുദിനദൈവവചനശ്രവണത്തിലൂടെ, ദൈവേഷ്ടം പ്രാവർത്തികമാക്കുന്നതിലൂടെ, കൂദാശകളുടെ സ്വീകരണത്തിലൂടെ, നിരന്തരമായ പ്രാർത്ഥനയിലൂടെ, സ്വയം നിഗ്രഹത്തിലൂടെ, സഹോദരങ്ങളെ സേവിക്കുന്നതിലൂടെ, എല്ലാ പുണ്യങ്ങളും അഭ്യസിക്കുന്നതിലൂടെയുമാണ്.

4. വിശുദ്ധിക്കു വേണ്ടിയുള്ള അവശ്യ ഘടകങ്ങളെന്താണ്? അല്ലെങ്കിൽ വിശുദ്ധിക്കുവേണ്ടി യുള്ള അവശ്യമാർഗ്ഗങ്ങളെന്താണ്?

ഉത്ഥിതനായ ക്രിസ്തുവിനെകണ്ടുമുട്ടുവാനുള്ള ദിവ്യബലി ഒഴിവാക്കാതിരിക്കുക. ഒരു ദിവസത്തിന്റെ പ്രാരംഭത്തിലും, അവസാനത്തിലും ദൈവവുമായി അല്പ സമയം ബന്ധത്തിലും പ്രാർത്ഥനയിലും ആയിരിക്കുക. പത്ത് കൽപനകളിലൂടെ ദൈവം നമുക്കു കാണിച്ചു തന്ന അടയാളങ്ങളെ സ്നേഹം മാനദണ്ഡമാക്കി കാത്ത് പാലിക്കുക.

5. നമ്മുടെ പരിമിതികളിലും ദൗർഭല്യങ്ങളിലും ഇത്രയും ഉന്നതമായ ലക്ഷ്യമിടാമോ?

എല്ലാ വിശുദ്ധരും പറയുന്നത് എല്ലാവർക്കും ഈ വിശുദ്ധിയുടെ പാത സാദ്ധ്യമാണെന്നാണ്. തിരുസഭാചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ വിശുദ്ധർ പല പ്രായങ്ങളിലും, വിവിധ ജീവിത കാലഘട്ടങ്ങളിലും, വിശുദ്ധർ സാധാരണ ജനങ്ങളുടെ മുഖത്തെ, ഭാഷയെ, രാജ്യത്തെ പ്രകാശിപ്പിക്കുന്നു. അവർക്ക് വിവിധ സ്വഭാവ വിശേഷങ്ങളുമുണ്ട്. ഇങ്ങനെ തന്റേതായ വൈവിധ്യമാർന്ന മാർഗ്ഗത്തിലൂടെ വിശുദ്ധിയുടെ സോപാനത്തിലേയ്ക്ക് നടന്നടുക്കുന്ന അതുല്യ വ്യക്തിത്വമാണ് ഡൺസ്റ്റനച്ചൻ.

**ഫാ. ഡേവിസ് പനയ്ക്കൽ സി.എം.ഐ.**
പ്രൊവിൻഷ്യൽ, ദേവമാത പ്രോവിൻസ്

# Fr. Dunston:
# A Carmelite Who Made Holiness Attractive



'Generations to come will scarce believe that such a one as this ever in flesh and blood walked upon this earth.' These were the famous words of Albert Einstein on Mahatma Gandhi, father of the nation. When I reflect upon Fr. Dunston, the same sentence comes to my mind with a sense of great respect and admiration.

Holiness is the most attractive face of the Church (Pope Francis, *Gaudete et Exsultate*, No. 9). The Lord wants us to be saints and not to settle for a bland and mediocre existence (Pope Fancis, *Gaudete et Exsultate*, No. 1). Even years before Pope Francis uttered this great revelation, Fr. Dunston realized it and practised it by walking before the Lord blameless (Gen 17:1) and waking up the CMI community for a life in fullness and holiness. Walk before me, and be blameless!

Fr. Dunston was our prior in St. Pius X Minor Seminary, Varandarappilly, where he taught us Christian Doctrine. More than his sessions in the classroom, he inspired us through his life: in the prayer room, in the garden, in the community gatherings and all the more through his witnessing life of deep interiority, contemplative serenity and religious simplicity. Being a true Carmelite, he could say along with St. Teresa of Avila, “God alone suffices.” Nothing disturbed him; nothing frightened him. He realized: “All things are passing; God never changes.” For those who live in eternity, time does not matter. The religious are expected to arouse the people around a sense of eternity and heaven. Though we live in the world, we are not of the world and we communicate something eternal than transitory. Being a person totally immersed in God, Fr. Dunston was indeed mad after God and it made him forget ordinary events of the day. During the time of the classes, we used to find him in the garden and in the chapel or in any other engagement with people. Later,

he would rush to the class with humility and at the same time with a smile on his face. We just loved him, the Sattvic Sannyasin, who treasured higher things in life when ordinary human beings were so worried about the material things.

"*Modern man listens* more willingly to witnesses than to *teachers*, and *if he* does *listen* to *teachers*, it is *because they* are witnesses," St. Paul VI *w*rote in his apostolic exhortation, *Evangelii Nuntiandi*. While we were in the novitiate at Ampazhakkad in 1981, Fr. Dunston was our novitiate team member. He was a textbook for religious life and he was the mirror to identify the distance we need to travel to be a religious. He challenged us with his inspiring life. He was an excellent confessor and spiritual director. He was quite radical in his insights and all the more in his life of living the Gospel in its purity. He accompanied the young novices like a father, mother and an elder brother. Despite his age, he had no difficulty to connect with us in our own ways. He was available 24/7 for us and without any formality, we could be with him. His austere life and bare minimum facilities in the room are always a question mark while we aspire for comforts and better facilities in life. Though I have not grown to his life and lifestyle, he ever remains a challenge and a model to be emulated to live the true spirit of religious life.

Youngsters need to be challenged, not merely by revolutionary ideas and ideals, but by the authentic role models like Fr. Dunston. May the Lord raise him to the altar so that he will ever remain an icon of holiness for the religious to follow Christ radically and prophetically!

Fr. Paul Achandy CMI
Rector
Dharmaram College, Bengaluru

# ഡൺസ്റ്റനച്ചന്റെ ജീവിതശൈലി



എല്ലാവരോടും ഡൺസ്റ്റനച്ചനെക്കുറിച്ചുള്ള നല്ല ഓർമകൾ പങ്കുവെക്കണം എന്ന് നിർബന്ധിപ്പിച്ചപ്പോഴും എനിക്കുള്ള ഓർമ്മകൾ പങ്കുവയ്ക്കണം എന്ന ചിന്ത എന്റെ മനസ്സിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഡൺസ്റ്റനച്ചനെപ്പറ്റിയുള്ള മധുരിക്കുന്ന ഓർമ്മകൾ പലരും അയച്ചുതന്നതു വായിച്ചപ്പോൾ എനിക്കും തോന്നി ഇതുപോലെ ഇന്നും പച്ചകെടാതെ നിൽക്കുന്ന ഒത്തിരി ഓർമ്മകൾ എനിക്കും ഉണ്ടല്ലോ എന്ന്. ഞാനറിഞ്ഞ ഡൺസ്റ്റനച്ചനെ ഞാൻ പങ്കുവച്ചില്ലെങ്കിൽ അതെങ്ങനെ മറ്റുള്ളവർ അറിയും, ഡൺസ്റ്റനച്ചൻ എന്റെ മാത്രം സ്വകാര്യ അനുഭവമായി ഇരിക്കാൻ പാടില്ല എന്ന ശക്തമായ പ്രചോദനമാണ് ഈ വരികൾ എഴുതുവാൻ അതിരാവിലെ എന്നെ എഴുന്നേൽപ്പിച്ചത്.

എന്റെ പോസ്റ്റുലൻസി, നോവിഷ്യേറ്റ് കാലത്ത് അച്ചന്റെ കൂടെ ഉണ്ടായിരുന്നുവെങ്കിലും അതിലുമെല്ലാം അധികമായി 2001-2003 കാലമാണ് മധുരിക്കുന്ന ഓർമ്മകളായി തെളിയുന്നത്. നോവിഷ്യേറ്റ് ടൈംടേബിൾ കൃത്യമായി പാലിച്ചിരുന്ന അച്ചന് സ്വന്തമായ മറ്റൊരു ദിനചര്യ കൂടി ഉണ്ടായിരുന്നു. പോളി അച്ചൻ എഴുതിയ 'സുതാര്യം സുന്ദരം' എന്ന പുസ്തകത്തിൽ കാണുന്ന അച്ചന്റെ പല ഫോട്ടോകളും ഈ കാലത്തിൽ ഞാനെടുത്തതാണ്. ഡൺസ്റ്റനച്ചൻ എന്നും ജീവിക്കണം എന്ന് എവിടെനിന്നോ കിട്ടിയ ഒരു പ്രചോദനം. രാവിലത്തെ കുർബാനയും പ്രാർത്ഥനയും കഴിഞ്ഞാൽ ഡൺസ്റ്റനച്ചൻ തോട്ടപ്പണിക്ക് റെഡി ആകും. അതിനും ഉണ്ടായിരുന്നു ഒരു വ്യത്യാസം. ആരും എത്തിപ്പെടാത്ത സ്ഥലമായിരുന്നു അച്ചന്റെ പണിസ്ഥലം. അച്ചൻ ഏറ്റവും കൂടുതൽ സമയം ചെലവഴിച്ചിരുന്നത് നമ്മുടെ V-Guard ഇൻഡസ്റ്ററി റോഡ് ആയിരുന്നു. നിറച്ചും മുൾച്ചെടികളായിരുന്നു റോഡിന്റെ സൈഡിൽ. വലിയ പിക്കാസും തൂമ്പായും കമ്പിപ്പാരയും കൊണ്ട്, മുൾച്ചെടികൾ പറിക്കും. കാരണം ജോലിക്കാർക്ക് നടക്കാൻ തടസ്സമാണ് മുൾച്ചെടികൾ എന്ന് അച്ചന് അറിയാമായിരുന്നു. രാവിലെയും വൈകുന്നേരവും മുടങ്ങാതെ ചെയ്തിരുന്നു ഈ ദിനചര്യ. ആഴത്തിൽ കിളച്ചു വേരെടുത്തുള്ള ഈ ജോലി നാളെ മറ്റുള്ളവർക്ക് ഈ മുള്ളുകൾ തടസ്സമാകരുത് എന്ന ചിന്തയോടെയായിരുന്നു.

ഭക്ഷണത്തിനു ശേഷം ഒത്തിരി സമയം അച്ചൻ മുട്ടിൽമേൽനിന്ന് പ്രാർത്ഥിക്കുമായിരുന്നു. ഉച്ചസമയത്തും രാത്രിയിലും നീണ്ട സമയം മുട്ടിൽമേൽ നിന്ന് പ്രാർത്ഥിക്കുന്നത് കാണുമ്പോൾ അല്പസമയം അച്ചൻ ഇരുന്നാൽ നന്നായിരുന്നു എന്ന് ഞാൻ ചിന്തിക്കാറുണ്ടായിരുന്നു.

മുട്ടിൽമേൽനിന്നു പ്രാർത്ഥിക്കുന്നത് അതിമനോഹരമായിരുന്നുവെങ്കിലും അച്ചൻ ക്ഷീണിതനാണല്ലോ എന്ന ഓർമ്മ എന്നെ വിഷമിപ്പിച്ചിട്ടുണ്ട്.

അച്ചന് വളർത്തു മൃഗങ്ങളെ ഒത്തിരി ഇഷ്ടമായിരുന്നു. ഒഴിവു സമയങ്ങളിൽ കറവയുള്ള പശുക്കളെ തീറ്റുന്നതും പുല്ലുപറിച്ചു കൊണ്ടുവന്നു പശുകുട്ടികൾക്കു കൊടുക്കുന്നതും, അവരോടു സംസാരിക്കുന്നതും അച്ചന് എന്നും സന്തോഷമായിരുന്നു.

അച്ചൻ എല്ലാ ദിവസവും ന്യൂസ്പേപ്പർ വായിക്കുമായിരുന്നു. രാവിലത്തെ പണിയും പ്രാർത്ഥനയും കഴിഞ്ഞ് സാധാരണ 11 മണിക്കാണ് പേപ്പർ വായന. മലയാളം പേപ്പർ ഒന്ന് ഓടിച്ചു വായിക്കും; പിന്നെ ഇംഗ്ലീഷ് പേപ്പർ എടുത്തു പുറത്തിരുന്നു വായിക്കുന്നതാണ് അച്ചന് ഇഷ്ടം. അത് ഒന്ന് കണ്ണടക്കാനും വിശ്രമിക്കാനും ഉള്ള സൂത്രമായിരുന്നോ എന്ന് എനിക്ക് തോന്നിയിട്ടുണ്ട്.

വ്രതാർപ്പണ ജീവിതത്തിൽ അച്ചൻ എന്നും ഒരു ജീവിത മാതൃകയായിരുന്നു. അച്ചന് മൂന്ന് ഉടുപ്പുകളാണ് ഉണ്ടായിരുന്നത്. അതിൽ ഒന്ന് കീറിപ്പറിഞ്ഞ തുന്നിയ ഉടുപ്പായിരുന്നു; തോട്ടപ്പണിക്കു മാത്രം അത് ഉപയോഗിച്ചിരുന്നു. മറ്റു രണ്ടെണ്ണത്തിൽ ഒന്ന് ഡെയിലി ഉപയോഗത്തിനും മറ്റതു ആഘോഷദിവസത്തിനും വേണ്ടി മാറ്റിവച്ചിരുന്നു. അച്ചന്റെ ബ്രൗൺ ഉടുപ്പ് ഇടാൻ എനിക്ക് വലിയ കൊതിയായിരുന്നു. ഈ ഇഷ്ടം ഞാൻ പറഞ്ഞപ്പോൾ ഉള്ളതിൽ ഏറ്റവും നല്ല ഉടുപ്പ് എനിക്ക് സ്വന്തമായി തന്നു. ഏറെനാളുകൾക്കു ശേഷമാണു ഞാൻ അറിഞ്ഞത് ഒറ്റ ഉടുപ്പുകൊണ്ടാണ് അച്ചൻ ജീവിച്ചത് എന്ന്. രാത്രിയിൽ അലക്കി ഉണക്കി കഷ്ടപ്പെട്ട ദിവസങ്ങൾ, അച്ചന്റെ ഉടുപ്പ് തിരിച്ചു കൊടുത്തെങ്കിലും അച്ചൻ വാങ്ങിയില്ല. അവസാനം റെക്ടർ അച്ചൻ പറഞ്ഞതനുസരിച്ച് സരവണാംപട്ടിയിലെ ജേക്കബ് ചേട്ടൻ പുതിയ ഒരു ഉടുപ്പ് തയ്ച്ചു നൽകിയത് ഇന്നും ഓർക്കുന്നു. റോമിൽ ഉപരിപഠനത്തിനു പോയപ്പോൾ ആ ഉടുപ്പ് അച്ചന് തിരിച്ചു നൽകി. പഠനം കഴിഞ്ഞുവരുമ്പോൾ ഉടുപ്പുതരാം എന്ന് അച്ചൻ പറഞ്ഞിരുന്നു എങ്കിലും ഞാൻ തിരിച്ചുവന്നപ്പോൾ അച്ചൻ സ്വർഗ്ഗത്തിലേക്ക് പറന്നുയർന്നിരുന്നു. മധുരിക്കും ഓർമകളെ...

**ഫാ. ജോൺസൺ വലിയകുളത്തിൽ സി.എം.ഐ.**
വികർ പ്രൊവിൻഷ്യൽ



# ഒരു യാത്രികൻ



വഴിവെട്ടമായ തിരിച്ചറിവായ
ഉൾവിളിക്കുള്ളിലെ മിന്നലായ
രക്ഷകനെ തേടിയലഞ്ഞൊരാ–
ജ്ഞാനികൾക്ക് കാലിക്കൂട്ടിലെ
പൊൻ പ്രഭയെ കാണിച്ച താരമെ
ഓർക്കുന്നു ഞങ്ങൾ നിനക്ക് സമനായ
ഡൺസ്റ്റനച്ചനെന്ന നക്ഷത്ര ദീപത്തെ
സത്യാന്വേഷണ സ്നേഹിയായ് തുടങ്ങിയിട്ട
നിൻ ജീവിത യാത്രയിൽ –വിശുദ്ധിതൻ
പരിമള കാറ്റായ് കുളിരേകി നിൻ കളരിയിൽ
കുത്തികുറിച്ചിട്ട ജീവിത സത്യത്തെ
പകർന്നേകി തൻ ശിഷ്യർക്കായ്
സനാതന സത്യമായ ദൈവത്തെ
തുറന്നു കാട്ടി നിൻ നയങ്ങൾ
കത്തി ജ്വലിച്ചു നിൻ അധരങ്ങൾ
വചനത്തിൻ ജ്ഞാന പ്രഭയിൽ
നറുപുഞ്ചിരിയിൽ ചേർത്തു പിടിച്ചുനീ
മാലോകരെ സ്നേഹ വലയത്തിൽ
ഉണർത്തുന്ന ഞങ്ങളെ നിൻ ജീവിതപാഠങ്ങൾ
ഒരു നൂറ്റാണ്ടിനിപ്പുറം ഇപ്പോഴും ഒളിമങ്ങിടാതെ
മിന്നുന്നു ഞങ്ങൾ തിളക്കമാർന്ന ഹാരം കണക്കെ
നീ കോർത്തിണക്കിയ പവിഴമുത്തിൽ ഹാരം കണക്കെ...

Fr. Dany Kokkaden CMI

# ഉള്ളഴകിൻ പുണ്യാത്മാവ്...
# ഫാ. ഡൺസ്റ്റൻ ഒലക്കേങ്കൽ സി.എം.ഐ.



സത്യസ്നേഹ പ്രകടനത്തിലൂടെ പുണ്യജീവിതം നയിച്ച്, വിശ്വാസവും എളിമയും സത്യത്തിന്റെ ഏറ്റുപറച്ചിലാണ് എന്ന് നമ്മെ ഓർമ്മപ്പെടുത്തി, ഇഹലോക ജീവിതത്തെ സമ്പൂർണ്ണ സമർപ്പണമായി, അർപ്പിതന്റെ നിറവോടെ ദൈവപരിപാലനയിൽ ആശ്രയിച്ച്, സന്യാസം ശിരസ്സിൽ വഹിച്ച്, ദൈവേഷ്ടം പാദരക്ഷയാക്കി, കത്തോലിക്കാസഭയിൽ വിശുദ്ധ ചാവറയച്ചനാൽ സ്ഥാപിതമായ സി.എം.ഐ. സന്യാസസഭയുടെ സ്വന്തവും അഭിമാനവും പുണ്യശ്ലോകനുമായ ഡൺസ്റ്റനച്ചന്റെ 100-ാം ജന്മദിനം 2020 നവംബർ 27ന് വെള്ളിയാഴ്ച അനുസ്മരിക്കുകയാണ്.

2006 ഒക്ടോബർ 20ന് ഇഹലോകവാസം വെടിഞ്ഞ് അദ്ദേഹം നമ്മിൽ നിന്ന് വേർപിരിഞ്ഞിട്ട് 14 വർഷങ്ങളായി. കൺമുമ്പിൽ നിന്ന് മറഞ്ഞിട്ടും വിശുദ്ധ സാന്നിദ്ധ്യമായി ഡൺസ്റ്റനച്ചൻ ഞങ്ങളുടെ ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്നു: ആശ്വാസമായി, പ്രത്യാശയായി, ഒരു വഴികാട്ടിയായി.

## വിശുദ്ധ ജന്മവും ദൈവവിളിയും

ജീവിത മദ്ധ്യേ വിശുദ്ധരായവരുണ്ട്. ജീവിതത്തിന്റെ അന്ത്യത്തിൽ വിശുദ്ധരായവരുണ്ട്. ജീവിതകാലം മുഴുവൻ വിശുദ്ധരായവരുണ്ട്. അവസാനഗണത്തിൽ പെടുന്ന പുണ്യാത്മാവാണ് ഡൺസ്റ്റനച്ചൻ. 1920 നവംബർ 27ന് പാവറട്ടിയിൽ ഒലക്കേങ്കിൽ പൗലോസ്-മറിയം ദമ്പതികളുടെ നാലാമത്തെ മകനായി അദ്ദേഹം ജനിച്ചു. ക്രിസ്തീയ ചൈതന്യം നിറഞ്ഞ കുടുംബാന്തരീക്ഷത്തിലാണ് അദ്ദേഹം വളർന്നു വന്നത്. മാതാപിതാക്കളുടെയും മൂത്ത സഹോദരി കുഞ്ഞേത്തിയുടെയും ക്രിസ്തീയ വിശ്വാസ ജീവിതമാതൃക ഡൺസ്റ്റനച്ചന്റെ കുട്ടിക്കാലത്തെ വളരെയധികം സ്വാധീനിച്ചു. അതിന്റെ ഫലമായി ഏഴാമത്തെ വയസ്സിൽ ഒരു വിശുദ്ധനാകണമെന്ന് അദ്ദേഹം തീരുമാനമെടുത്തു. സ്വരാജ്യ സ്നേഹത്താൽ ഭാരതത്തിലെ ആദ്യത്തെ പുണ്യവാനാകുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു. അതിനുള്ള മാർഗ്ഗം സന്യാസജീവിതമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ 1935ൽ യോഗാർത്ഥി ഭവനത്തിൽ ചേരുകയും സന്യാസവൈദിക പരിശീലനത്തിനുശേഷം 1947ൽ ചെത്തിപ്പുഴയിൽ വച്ച് പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു. അതിനു ശേഷമുള്ള 59 വർഷങ്ങളിൽ ഭൂരിഭാഗവും സേവനമനുഷ്ഠിച്ചത് സന്യാസവൈദികാർത്ഥികളെ പരിശീലിപ്പിക്കുന്നതിലായിരുന്നു. സി.എം.ഐ. സഭയിലെ ആദ്യകാല മിഷനറിമാരിലൊരാളാകാൻ അതിയായി ആഗ്രഹിച്ചെങ്കിലും അനുസരണത്തിൻ കീഴിൽ ഇഷ്ടമില്ലാത്ത യോഗാർത്ഥി പരിശീലകന്റെ ദൗത്യം ദൈവഹിതമായി അദ്ദേഹം ഏറ്റെടുക്കുകയായിരുന്നു.

## സത്യസ്നേഹമാർഗ്ഗം

ഡൺസ്റ്റനച്ചന്റെ വിശുദ്ധ ജീവിതത്തിന്റെ അടിസ്ഥാനം സത്യത്തോടുള്ള അതിയായ സ്നേഹമാണ്. അത് അദ്ദേഹത്തിന്റെ ജീവിത പ്രമാണമായിരുന്നു. തന്റെ ആത്മീയാനുഭവ കുറിപ്പിൽ അദ്ദേഹം എഴുതി: 'സത്യമായതു വിശ്വസിക്കുക, വിശ്വസിക്കുന്നതു പറയുക, പറയുന്നതു പ്രവർത്തിക്കുക. സത്യത്തിന്റെ അംഗീകരണത്തിൽ നിന്നേ നീതി പുലരുകയുള്ളൂ.' സനാതനസത്യമായ ദൈവത്തിൽ ഒന്നായിത്തീരുവാൻ അതിയായി ആഗ്രഹിച്ച ഡൺസ്റ്റനച്ചൻ സ്വന്തം ജീവിതത്തിൽ സത്യത്തിന്റെയും നീതിയുടെയും പ്രവാചകനായി. 'യാഥാർത്ഥ്യം തന്നോട് ആവശ്യപ്പെട്ട സമയങ്ങളിൽ ഒരിക്കലും മന:പൂർവ്വം കള്ളം പറഞ്ഞിട്ടില്ല' എന്ന അദ്ദേഹത്തിന്റെ സ്വയം വെളിപ്പെടുത്തൽ വഴി, ഈ സത്യസ്നേഹത്തിന്റെ ആഴവും വ്യാപ്തിയും തിരിച്ചറിയാനാകും. അതുകൊണ്ടു തന്നെ തന്റെ മന:സാക്ഷിയെ ദൈവത്തിന്റെ നീതിയോട് ചേർത്തു വയ്ക്കാൻ ഡൺസ്റ്റനച്ചനു സാധിച്ചു. അദ്ദേഹത്തിന്റെ മൃതസംസ്കാര വേളയിൽ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവ് ഇപ്രകാരം സാക്ഷ്യപ്പെടുത്തുകയുണ്ടായി: 'വിശുദ്ധ കുർബാനയുടെ ആമുഖ പ്രാർത്ഥനയിൽ പറയുന്നതുപോലെ നിർമ്മലമായ ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസാക്ഷിയോടും കൂടെ ജീവിച്ച സന്യാസ വൈദികനായിരുന്നു ഡൺസ്റ്റനച്ചൻ.'

## അൾത്താരയിലെ കെടാവിളക്ക്

'ദൈവതിരുമനസ്സ് നടക്കും നടത്തും' എന്ന സി.എം.ഐ. സഭാ സ്ഥാപക പിതാവായ വിശുദ്ധ ചാവറയച്ചന്റെ അരുൾമൊഴി ജീവിതത്തിൽ പകർത്തി ഈശോയുടെ ഹിതം മനസ്സിലാക്കി പ്രവർത്തിക്കാൻ ഡൺസ്റ്റനച്ചൻ ഏറെ ശ്രദ്ധിച്ചിരുന്നു.

പ്രാർത്ഥന ജീവിതമാക്കിയ അദ്ദേഹം, ദേവാലയത്തിൽ ദീർഘനേരം ചിലവിട്ടു. ധ്യാനലീനനായി മുട്ടുകുത്തി ദിവ്യകാരുണ്യ സന്നിധിയിൽ ഈശോയുമായി നിരന്തരം സംഭാഷിക്കുന്ന ഡൺസ്റ്റനച്ചൻ ഏവർക്കും പ്രചോദനമായിരുന്നു.

പന്ത്രണ്ടു വയസ്സുള്ളപ്പോൾ മുതൽ എളിമ, ക്ഷമ, സഹനശക്തി, ധൈര്യം എന്നീ പുണ്യങ്ങൾക്ക് വേണ്ടിയായിരുന്നു ഡൺസ്റ്റനച്ചൻ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നത്. അനുനിമിഷം ദൈവസാന്നിദ്ധ്യ സ്മരണയിൽ ആയിരിക്കുകയെന്നതും ആത്മീയ ഗ്രന്ഥപാരായണം നടത്തുന്നതും ഡൺസ്റ്റനച്ചന്റെ ജീവിതചര്യയായിരുന്നു.

## ജീവിത ലാളിത്യവും വ്രതാർപ്പണ ജീവിതവും

ഉത്തമ സന്യാസിയായിരുന്ന ഡൺസ്റ്റനച്ചന്, അനുസരണമെന്നത് അധികാരികളോടുള്ള 'വഴിപ്പെടൽ' ആയിരുന്നു.

അധികാരികളും അധീനരും തമ്മിലുള്ള ബന്ധം പിതൃപുത്ര സമാനമായിരിക്കണം എന്നായിരുന്നു ഡൺസ്റ്റനച്ചന്റെ കാഴ്ചപ്പാട്. ദൈവപരിപാലനയിൽ ആശ്രയിച്ച്, ലാളിത്യം ജീവിത ശൈലിയാക്കിയ അദ്ദേഹത്തിന്, ദൈവത്തെ അല്ലാതെ ആരേയും സേവിക്കാതെ മനസ്സിന്റെ ശ്രേഷ്ഠത പാലിക്കാൻ ദാരിദ്ര്യവ്രതം സഹായകമായി. ദാരിദ്ര്യവ്രതം വിശുദ്ധിയിലേക്കുള്ള സോപാനമായി അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.

‘എളിയഭാവം കാണിക്കുന്നവനാണ് ഏറ്റവും ഉന്നതൻ’ എന്ന വിശുദ്ധ ചാവറയച്ചന്റെ വാക്കുകൾ ഡൺസ്റ്റനച്ചന്റെ ജീവിതത്തിലുടനീളം പൂവണിയുന്നത് നമ്മുക്ക് ദർശിക്കാനാകും.

ബ്രഹ്മചര്യവ്രതത്തിലൂടെ സ്വാഭാവിക സ്നേഹബന്ധങ്ങളെ അതിജീവിച്ച് ആത്മീയബന്ധങ്ങൾക്ക് അടിസ്ഥാനമിടാൻ അച്ചന് സാധിച്ചു. സന്യാസസമൂഹത്തിലെ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന സ്നേഹിതരല്ല, മറിച്ച് ദൈവം നൽകിയ സഹോദരന്മാരാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

## കരുതലുള്ള കരുണയുടെ മാർഗ്ഗദർശി

‘ദൈവത്തിന്റെ ശക്തമായ കരത്തിനു കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്ക സമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും.’

യേശുവിന്റെ കരുണയുടെ മറുവാക്കായ, അനുരഞ്ജനകൂദാശയെ ചെറുപ്പം മുതലേ തികഞ്ഞ ആദരവോടെ സമീപിച്ചിരുന്ന ഡൺസ്റ്റനച്ചൻ, അനുരഞ്ജനശുശ്രൂഷയ്ക്കണയുന്നവർക്ക് ആഴമായ ദൈവബന്ധം പുനഃസ്ഥാപിക്കുന്നതിനും ദൈവവഴിയിലൂടെ നടന്നു മുന്നേറുന്നതിനും സഹായിക്കുന്ന ദൈവകൃപയുടെ ഉപകരണമായിരുന്നു. കരുണയുള്ള കരുതലുള്ള ദൈവീക ഭാവത്തെ മനസ്സിലാക്കി കൊടുക്കുന്ന ഉപദേശങ്ങളായിരുന്നു തന്നെ സമീപിക്കുന്നവർക്ക് അദ്ദേഹം പകർന്ന് കൊടുത്തിരുന്നത്. ‘പിഴക്കാത്ത മനുഷ്യരില്ല. പൊറുക്കാത്ത ദൈവവുമില്ല’ എന്ന വിശുദ്ധ ചാവറയച്ചന്റെ വചനങ്ങൾ, തന്റെ ഉപദേശങ്ങളിൽ ചാലിച്ചുചേർക്കുവാൻ അദ്ദേഹം മറന്നില്ല.

### സഹനം ഒരു വരം

സ്വജീവിതത്തിൽ സഹനത്തിന്റെ ദാസനായിരുന്ന അദ്ദേഹം, രോഗികളുടെ സ്നേഹ ശുശ്രൂഷകനായിരുന്നു. ശാരീരിക വേദനകളിൽ അപാരമായ ക്ഷമ പ്രകടിപ്പിച്ചിരുന്ന ഡൺസ്റ്റനച്ചൻ സഹനത്തെ ദൈവം തന്ന അനുഗ്രഹമായിട്ടാണ് കരുതിയിരുന്നത്.

## മറവി എന്ന തുറവി

സ്വന്തം കുറവുകളെക്കുറിച്ചുള്ള അവബോധത്തോടെ അവയെല്ലാം തന്റേതുതന്നെയെന്ന് അംഗീകരിച്ച് ആ കുറവുകളെ നോക്കി പുഞ്ചിരിച്ച് നിറവുകളാക്കുന്ന ആത്മജ്ഞാനിയായിരുന്നു അദ്ദേഹം. മറവിയെന്ന കുറവിനെ, തുറവിയോടെ, എളിമയോടെ ദൈവഹിതമായി സ്വീകരിച്ചപ്പോഴും, ആത്മീയ കാര്യങ്ങളിലും സുകൃതപാലനത്തിലും, ഓർമ്മക്കുറവ് അശേഷം പോലും അദ്ദേഹത്തെ ബാധിച്ചില്ല. ഒരിക്കൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു: ‘നിങ്ങൾ കരുതുന്നതു പോലെയല്ല കാര്യങ്ങൾ. എന്നിൽ കുറവുകൾ ഉണ്ട്. അതു നികത്തി നന്മരണം കിട്ടാൻ പ്രാർത്ഥിക്കണം.’ ദിവ്യനായ ഡൺസ്റ്റനച്ചൻ ജീവിതാന്ത്യം വരെ തികഞ്ഞ സ്വയാവബോധത്തിൽ ജീവിച്ച ഒരു പുണ്യാത്മാവായിരുന്നു.

## കായികാദ്ധ്വാനം: പ്രകൃതി നാഥനുമായുള്ള സല്ലാപം

കായികാദ്ധ്വാനം ഡൺസ്റ്റനച്ചന് ഒരു ഹരമായിരുന്നു. തന്റെ ദാരിദ്ര്യജീവിതത്തിന്റെയും പ്രാർത്ഥനയുടെയും അവിഭാജ്യ ഘടകമായി കായികാദ്ധ്വാനത്തെ അദ്ദേഹം കരുതി.

ഒരു പ്രകൃതി സ്നേഹിയായിരുന്ന ഡൺസ്റ്റനച്ചൻ വൃക്ഷത്തൈകളും പൂച്ചെടികളും നട്ടുപിടിപ്പിക്കുന്നതിലും പരിപാലിക്കുന്നതിലും ഒത്തിരിയേറെ ശ്രദ്ധ ചെലുത്തിയിരുന്നു, അതിൽ ആനന്ദമടഞ്ഞിരുന്നു. കായികാദ്ധ്വാനിയായിരുന്ന അദ്ദേഹം ഭവനവും പരിസരവും വൃത്തിയാക്കുക, പാത്രം കഴുകുക, തോട്ടപ്പണിയും തോട്ടിപ്പണിയും ചെയ്യുക, അതിരാവിലെ എഴുന്നേറ്റ് ദേവാലയം വൃത്തിയാക്കുക എന്നീ ജോലികൾ ഒരു പ്രശംസയോ അംഗീകാരമോ ആഗ്രഹിക്കാതെ നിസ്വാർത്ഥമായി തന്റെ കർത്തവ്യമായി ചെയ്തുകൊണ്ടിരുന്ന കർമ്മനിരതനായ സ്ഥിരോത്സാഹിയായ ഒരു സന്യാസവര്യനായിരുന്നു. പ്രകൃതിയിൽ അലിഞ്ഞ് ജീവിച്ച് അദ്ദേഹം പ്രകൃതി നാഥനുമായി സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ടായിരുന്നു നടന്നിരുന്നത്.

## ഉള്ളഴകിൻ പുണ്യാത്മാവ്

ബാഹ്യമായ അഴകോ ആകാരഭംഗിയോ ഇല്ലായിരുന്നു ഡൺസ്റ്റനച്ചന്. തലയിൽ മുടിയില്ല, ശൂന്യമായ പുരികങ്ങൾ. എന്നാൽ ബാഹ്യമായ ആകർഷകത്വത്തെ വെല്ലുന്ന ആന്തരിക സൗന്ദര്യം അച്ചനുമാത്രം സ്വന്തം. ഉന്നതമായ ജീവിതാദർശങ്ങൾ പറഞ്ഞു ഫലിപ്പിക്കാനുള്ള വാക്ചാതുര്യം അദ്ദേഹത്തിന് ഇല്ലായിരുന്നു. ഉപദേശത്തേക്കാൾ അദ്ദേഹത്തിന്റെ ജീവിത ശൈലിയായിരുന്നു ഏവരേയും ആകർഷിച്ചത്. നിഷ്കളങ്കമായ പെരുമാറ്റ രീതിയും ആത്മാർത്ഥതയും സുതാര്യതയും ശാന്തവും ശാലീനതയും ലാളിത്യവും നിറഞ്ഞ ജീവിതം എല്ലാവർക്കും അനുകരണീയമായിരുന്നു. അഴകില്ലെങ്കിലും ആകാരഭംഗിയില്ലെങ്കിലും അകം മുഴുവൻ അഴകായി, വിശ്വാസ വെളിച്ചത്തിൽ വസിച്ച്, പരസ്നേഹത്തിൽ ചരിച്ച്, പ്രകൃതിയെ താലോലിച്ച്, പരിമളം പരത്തിയ പുണ്യ പൂമരമാണ്, ഉള്ളഴകിൽ പുണ്യാത്മാവ് ഫാ. ഡൺസ്റ്റൻ.

'സ്വരാജ്യസ്നേഹമാണ് എന്റെ സകല ഭാഗ്യങ്ങളുടെയും ആരംഭം' എന്ന നിലപാടോടെ സ്വന്തം രാജ്യത്തിന്റെ വിശുദ്ധിക്കും അഭിമാനത്തിനും വേണ്ടി പുണ്യവാനാകാൻ ആഗ്രഹിച്ച ഇട്ടൂപ്പുണ്ണിയെന്ന കൊച്ചുബാലൻ, സത്യസ്നേഹത്തിൽ അടിസ്ഥാനമിട്ട്, വിശ്വാസത്തിന്റെയും എളിമയുടെയും സഹനത്തിന്റെയും മാർഗ്ഗത്തിലൂടെ, ദൈവപരിപാലനയിൽ ആശ്രയിച്ച്, സാർവ്വത്രിക സഭയുടെ പുണ്യാത്മാവായ ഡൺസ്റ്റനച്ചനായി.

ക്രിസ്തു മൂല്യങ്ങൾ മുറുകെ പിടിച്ച്, സുവിശേഷം ആകാനും ഏകാനും വിശുദ്ധിയിൽ ജീവിക്കാനും ഈ വിശുദ്ധാത്മാവിന്റെ ജീവിതം നമുക്ക് പ്രചോദനമാകട്ടെ.

ജീവിച്ചിരുന്നപ്പോഴും ഇപ്പോഴും അദ്ദേഹത്തിലൂടെ നമുക്കോരോരുത്തർക്കും ദൈവം നല്കിയ, വർഷിച്ചു കൊണ്ടിരിക്കുന്ന വലിയ കൃപകളെ, ദാനങ്ങളെ പ്രതി കൃതജ്ഞതയുള്ളവരായിരിക്കാം.

ഉള്ളഴകിൻ പുണ്യാത്മാവായ ഡൺസ്റ്റനച്ചന്റെ മാദ്ധ്യസ്ഥം നമുക്കപേക്ഷിക്കാം.

**ഫാ. പോൾ തെക്കിനിയത്ത് സി.എം.ഐ.**
കൗൺസിലർ ഫോർ എഡ്യുക്കേഷൻ &
കമ്മ്യൂണിക്കേഷൻ മീഡിയ

# ഡൺസ്റ്റനച്ചന് നൂറാം പിറന്നാളാശംസകൾ



പ്രിയ ബഹുമാനപ്പെട്ട ഡൺസ്റ്റനച്ചാ,
ആദ്യമായി 100-ാം പിറന്നാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. അങ്ങ് ഞങ്ങളിൽനിന്നു വേർപിരിഞ്ഞിട്ട് 14 വർഷങ്ങളായി. മറഞ്ഞിട്ടും വിശുദ്ധ സാന്നിദ്ധ്യമായി അങ്ങ് ഓർമ്മകളിൽ നിറഞ്ഞുനിൽക്കുന്നു. ആ ഓർമ്മകൾ ഞങ്ങൾക്ക് ആശ്വാസവും ആനന്ദവും പകരുന്നവയാണ്.

ഞങ്ങൾ മുന്നേറുന്ന വഴികളിൽ തിരുത്തലുകൾക്കുള്ള ഓർമ്മപ്പെടുത്തലായി, നവീകരണ പ്രേരകമായ പുളിമാവായി അങ്ങിപ്പോഴും പ്രവർത്തനനിരതനാണ്. സന്ന്യാസപരിശീലന രംഗത്തെ ദിവ്യജ്ഞാനിയായി അങ്ങയെ അംഗീകരിക്കുന്നവരോടൊപ്പം പ്രതിസന്ധികളുടെ വഴികളിൽ ആശ്വാസമായി, പ്രത്യാശയായി അങ്ങ് സഞ്ചരിക്കുന്നുണ്ട്. അങ്ങയുടെ ജീവിതം വായിക്കുന്നവർ പലരും ചെറുപുഷ്പത്തിന്റെ നവമാലികയുടെ നറുമണം അതിൽ ആസ്വദിക്കുന്നു. മറ്റുചിലർ കുരിശിന്റെ വി. യോഹന്നാന്റെ ആദ്ധ്യാത്മകതയുമായി ആ ചൈതന്യത്തിനു സമാനത തേടുന്നു. ഏറെനാൾ അങ്ങയോടൊപ്പം നടന്നവർ, അങ്ങ് കറതീർന്ന ആത്മീയനെന്ന് അംഗീകരിച്ചവർ അത്ഭുതത്തിൽ ആണ്ടുപോകുന്നു. "ഇത്രയേറെ ആഴമുണ്ടെന്നറിഞ്ഞില്ല. ഒപ്പം നടന്നപ്പോൾ വേണ്ടതുപോലെ അറിയാതെപോയി." അങ്ങയെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവെ ക്കുന്നതുതന്നെ ദൈവികാനുഭവമാണെന്നും ആ ഉയിരുള്ള ഓർമ്മകളിൽ മുഴുകുമ്പോൾ ഗുരുവ രൻ ഒപ്പം നില്ക്കുന്നതുപോലെ, കൂടെ നടക്കുന്നതുപോലെയുള്ള അനുഭവമാണെന്നും ചിലരു ടെ സാക്ഷ്യം.

ഈ പിറന്നാളിൽ അങ്ങയുടെ ഈ സ്നേഹസാന്നിദ്ധ്യസ്മരണ അങ്ങ് ഞങ്ങൾക്കു നല്കിയിട്ട് കടന്നുപോയ ആത്മീയബോദ്ധ്യങ്ങളിലേക്കു വീണ്ടും ഞങ്ങളെ കൂട്ടിക്കൊണ്ടുപോകുന്നു. ആണ്ടുകൾ നീണ്ട അന്വേഷണത്തിന്റെ അന്ത്യത്തിൽ അങ്ങ് പ്രഖ്യാപിച്ചു, "എന്റെ പുണ്യജീവിതം മുഴുവൻ സത്യത്തോടുള്ള സ്നേഹമാണ്."

അങ്ങ് വിശ്വസിക്കുകയും ജീവിക്കുകയും ചെയ്ത സത്യത്തിന്റെ സ്നേഹശാസ്ത്രമെന്തെന്നു ചുരുക്കമായി വിവരിക്കുന്നുണ്ട്: "സത്യമായിട്ട് ഒന്നു മാത്രമേയുള്ളു. അതു ദൈവമാണ്. ദൈവം സകലത്തിന്റെയും നാഥനാണ്. എല്ലാവരും അവിടുത്തെ ഇഷ്ടം നിറവേറ്റുവാൻ കടപ്പെട്ടിരിക്കുന്നു. ഈ സത്യത്തിന്റെ പ്രായോഗികനിഷേധം എല്ലാ പാപകർമ്മങ്ങളിലും അടങ്ങിയിരിക്കുന്നു... സകല പാപവും അസത്യമാണ്... സത്യത്തെ സ്നേഹിക്കുന്നവർ അജ്ഞതയിൽനിന്നും അബദ്ധങ്ങളിൽനിന്നും വിമോചിതനാകുവാൻ പരിശ്രമിക്കുന്നു.

എളിമയാണ് സകല പുണ്യങ്ങളുടേയും അടിസ്ഥാനമെന്നു ചിലർ പറയുന്നു. മറ്റുചിലർ, വിശ്വാസമാണ് എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനമെന്നു പ്രസ്താവിക്കുന്നു. അങ്ങനെയെങ്കിൽ എളിമയും വിശ്വാസവും ഒന്നുതന്നെയാണൊ? അതെ, രണ്ടും എളിമയും വിശ്വാസവും ഒരേ സത്യത്തിന്റെ ഏറ്റുപറച്ചിലാണ്. സൃഷ്ടികർമ്മത്തിന്റെ ഏറ്റുപറച്ചിലാണ്. ദൈവമാണു സ്രഷ്ടാവ് എന്നുപറയുന്നത് വിശ്വാസം. ഞാൻ സൃഷ്ടിയാണെന്ന് സമ്മതിക്കുന്നത് എളിമ. ഇങ്ങനെ ആഗ്രഹിക്കാവുന്നതെല്ലാം സത്യത്തോടുള്ള സ്നേഹത്തിൽ അടങ്ങിയിരിക്കുന്നു. ദൈവവും ദൈവികവുമായ സകലവും അതിലുണ്ട്."

സ്നേഹമുള്ള ഡൺസ്റ്റനച്ചാ, അങ്ങ് സത്യത്തെ സ്നേഹിച്ചു. അതിനെ സർവ്വസ്വവുമായിക്കരുതി. സത്യമല്ലാത്ത എല്ലാത്തിൽനിന്നും മനസ്സിനെ മോചിപ്പിച്ചു. പ്രാർത്ഥനയും പരിത്യാഗവും വഴി തന്നെത്തന്നെ ശുദ്ധീകരിച്ചു. ദൈവികസുകൃതങ്ങൾ നിരന്തരമായി അഭ്യസിച്ചു. നിത്യസത്യമായ ദൈവവുമായുള്ള ഐക്യത്തിനും സായൂജ്യത്തിനുമായി തന്നെത്തന്നെ സമർപ്പിച്ചു. സത്യമെന്നത് അങ്ങേക്ക് അമൂർത്തമായ ഒരാശയമല്ല. ഒരു വ്യക്തിയാണ്. അങ്ങത് മനസ്സിലാക്കി. ആ പരമസത്യത്തെയാണ് അങ്ങ് പുല്കിയത്.

എഡിത്ത് സ്റ്റെയിൻ എന്നറിയപ്പെടുന്ന കുരിശിന്റെ വി. തെരേസ ബെനഡിക്റ്റ് പറയുന്നു: "Whoever seeks the truth is seeking God, whether consciously or unconsciously." "സത്യത്തെ തേടുന്നവർ അറിഞ്ഞോ അറിയാതെയോ ദൈവത്തെ തേടുന്നു." അങ്ങ് സത്യത്തെ സ്നേഹിച്ചു. ദൈവത്തിലേക്കുള്ള വഴിയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ സത്യത്തെ നിരന്തരം അന്വേഷിച്ചു. നിത്യസത്യമായ ദൈവത്തെ കണ്ടെത്തി. ആ സത്യത്തിൽ വിലയംകൊണ്ടു.

അനുദിനജീവിത സാഹചര്യങ്ങളിൽ വാക്കിലും പ്രവൃത്തിയിലും സത്യസ്നേഹത്തിന് അങ്ങ് സാക്ഷ്യം നല്കി. വാക്ചാതുരിയില്ലാതെ, വളച്ചുകെട്ടുകളില്ലാതെ, മനസ്സാ, വാചാ, കർമ്മണാ സത്യത്തിന്റെ ഋജുവായ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചു. അസത്യത്തിനെതിരെ ശബ്ദമുയർത്തി. സമൂഹത്തിൽ ഭൂരിപക്ഷത്തിന്റെ സ്വരം സത്യമായി അംഗീകരിക്കണമെന്ന മിഥ്യാധാരണകൾക്കതീതമായി നിലകൊണ്ടു. പലപ്പോഴും ഒറ്റയാളായി സത്യത്തിനു സാക്ഷ്യംവഹിച്ചു. സത്യസ്നേഹം അങ്ങയെ അതിന്റെ പ്രവാചകനാക്കി. മനഃസാക്ഷിയെ സത്യത്തിന്റെ പ്രതിരൂപമായി കണ്ട അങ്ങേക്കു മനസ്സാക്ഷിയെപ്രതി സഹിച്ചവയെല്ലാം മറക്കാനാവാത്ത, ആത്മാവിനെ സ്പർശിക്കുന്ന സഹനമായി മാറി.

എല്ലാറ്റിനും ഉപരിയായി, സത്യത്തിനുവേണ്ടി സഹിച്ചപ്പോഴും അങ്ങ് സ്നേഹം കൈവെടിയുന്നില്ല. സ്വന്തം സമൂഹത്തിൽ സത്യത്തിന്റെ വഴിയിൽനിന്നു മാറിനടന്നവരെയെല്ലാം ഹൃദയംകൊണ്ട് ആശ്ലേഷിച്ചു. എല്ലാവരെയും ഉള്ളഴിഞ്ഞു സ്നേഹിച്ചു. സത്യവും സ്നേഹവും വഴിപിരിയാതെ അങ്ങയുടെ ജീവിതവഴിയിൽ ഒരുമിച്ചൊഴുകി. സത്യം നിറഞ്ഞ സ്നേഹവും സ്നേഹം നിറഞ്ഞ സത്യവും അങ്ങയുടെ ജീവിതചര്യയായി.

വീണ്ടും വി. എഡിത്ത് സ്റ്റെയിൻ പറയുന്നു: "Do not accept anything as the truth if it lacks love. And do accept anything as love which lacks truth! One without the other becomes a destructive lie.'' “സ്നേഹമില്ലാത്ത ഒന്നിനെയും സത്യമായി അംഗീകരിക്കരുത്. സത്യമില്ലാത്ത ഏതൊന്നിനെയും സ്നേഹമായി സ്വീകരിക്കരുത്. ഒന്ന് മറ്റൊന്നിന്റെ അഭാവത്തിൽ വിനാശകരമായ നുണയായി മാറുന്നു.” സത്യത്തെയും സ്നേഹത്തെയും വേർതിരിക്കാനാവില്ല. അവയ്ക്കു പരസ്പരം അവഗണിക്കാനാവില്ല. അവ തമ്മിൽ അന്തർലീനമായ ബന്ധമുണ്ട്. കാരണം ദൈവം സത്യവും സ്നേഹവുമാണ്. ഡൺസ്റ്റനച്ചാ, അങ്ങു തേടിയത് സത്യവും സ്നേഹവുമായ ഈ ദൈവത്തെത്തന്നെയാണ്.

തിരുസ്സഭയിൽ നാമകരണം ചെയ്യപ്പെട്ട മഹാവിശുദ്ധർ സ്വന്തമായ മുദ്രാവാക്യങ്ങളോടെയാണ് മുന്നേറിയത്. “സഹിക്കുക, അല്ലെങ്കിൽ മരിക്കുക”, “മരിക്കാതെ സഹിക്കുക”, “മരിച്ചാലും മറക്കില്ലാട്ടോ”, “പാപത്തെക്കാൾ മരണം”, “ദൈവേഷ്ടം നടക്കും, നടത്തും”, “ദൈവേഷ്ടം... അതു മാത്രം... അതു മുഴുവൻ” ഇങ്ങനെ അവരെല്ലാം സ്വന്തം ആത്മീയബോദ്ധ്യങ്ങളെ കാച്ചിക്കുറുക്കി ഗുളികപാകത്തിൽ ലോകത്തിനു നല്കി. അങ്ങയുടെ വാക്കും ജീവിതവും ഞങ്ങൾക്കു നല്കുന്ന മുദ്രാവാക്യമെന്താണ്? “സത്യസ്നേഹമാർഗത്തിലൂടെ നിത്യസത്യസ്നേഹത്തിലേക്ക്” അല്ലെങ്കിൽ “സത്യസ്നേഹമാർഗം നിത്യസത്യലക്ഷ്യം” എന്ന് അങ്ങയുടെ ചൈതന്യത്തെ ആറ്റിക്കുറുക്കിയാൽ അംഗീകരിക്കുമോ? ഈ നൂറാം പിറന്നാൾ ആഘോഷിക്കുമ്പോൾ ഞങ്ങൾക്കായി ഒരുക്കപ്പെട്ട സ്നേഹസമ്മാനമായി ഇതിനെ സ്വീകരിക്കുന്നു. “സത്യസ്നേഹമാർഗം നിത്യസത്യലക്ഷ്യം!”

പാവറട്ടി കൊവേന്തയുടെ വലിയ ദേവാലയത്തിലെ ചെറിയ അൾത്താരകളിലൊന്നിൽ തന്റെ രൂപം സ്ഥാപിക്കപ്പെടുന്നതായും പാവറട്ടി എന്ന നാടിന്റെ നില താൻമൂലം ഉയരുന്നതായും 14 വയസ്സുള്ള ബാലനായ ഇട്ടൂപ്പുണ്ണി കനവു കണ്ടു. ഇട്ടൂപ്പുണ്ണി ആശിച്ചതുപോലെ പാവറട്ടിയിലെ ചെറിയ അൾത്താരയിൽ അങ്ങ് വാഴ്ത്തപ്പെടുന്നവനായിത്തീരട്ടെ. ആശിച്ചതിനുമപ്പുറം അനേകം വലിയ അൾത്താരകളിൽ അങ്ങയുടെ സ്വരൂപം വാഴ്ത്തപ്പെടട്ടെ. പിറന്ന നാടിന്റെ കീർത്തി അങ്ങുമൂലം ഉയരട്ടെ. അങ്ങ് ചരിച്ച വഴികളെല്ലാം പുണ്യകീർത്തിയാൽ അനുഗൃഹീതമാകട്ടെ. പിറന്നാൾ മാത്രമല്ല അങ്ങയുടെ തിരുനാളുകളും കൊണ്ടാടപ്പെടട്ടെ.

വലിയ മറവിക്കാരനെങ്കിലും അങ്ങേക്കു അയച്ച കത്തുകൾക്കെല്ലാം മറുപടി ലഭിച്ചതായി അനുഭവം. നൂറാം പിറന്നാളിലെ ഈ മംഗളപത്രത്തിനും മറുപടി പ്രതീക്ഷിക്കുന്നു.

എന്ന്
സ്വന്തം ആത്മീയമക്കൾ

ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.



# ഡൺസ്റ്റനച്ചൻ: തിളങ്ങുന്ന ഒരു നക്ഷത്രം

നാം എല്ലാവരും സ്നേഹത്തോടെയും ആദരവോടെയും അനുസ്മരിക്കുന്ന പ്രിയങ്കരനായ ഡൺസ്റ്റനച്ചന്റെ ജന്മശതാബ്ദി ആചരിക്കുന്നുവെന്ന് അറിയുന്നതിൽ ഏറെ സന്തോഷം. ഒരു ആദ്ധ്യാത്മികാചാര്യനായിരുന്നു ഡൺസ്റ്റനച്ചൻ. അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകളിലൂടെ അനവധി ആദ്ധ്യാത്മിക ചിന്തകളാണ് എന്റെ മനസ്സിലേക്ക് കടന്നുവരുന്നത്.

ഡൺസ്റ്റനച്ചനുമായി എനിക്കുള്ള വ്യക്തിപരമായ ബന്ധം പ്രധാനമായും സി.എം.ഐ. സഭയുടെ പൊതുസംഘസമ്മേളനങ്ങളുടെ അവസരങ്ങളിലായിരുന്നു. 1978ലും 1981–82ലും ധാരാളം സുഹൃദ് സംഭാഷണങ്ങളും ഗൗരവമായ ചർച്ചകളും അദ്ദേഹവുമായി നടത്തിയിട്ടുണ്ട്.

ഡൺസ്റ്റനച്ചന്റെ വ്യക്തവും ശക്തവുമായ സന്യാസ വീക്ഷണം, ആത്മാർത്ഥതയുടെ ആകർഷകമായ ഒരു ശൈലി തുടങ്ങിയവയെല്ലാം ഇന്നും എന്റെ ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു, വലിയ ആദരവോടെ, അതിലേറെ നന്ദിയോടെ.

സന്യാസജീവിതം വിശുദ്ധിയിലേക്കുള്ള ഒരു വിശേഷ വിളിയാണെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന, ആ വിളി ആത്മാർത്ഥമായി ജീവിച്ച ഒരു വിശുദ്ധ സാന്നിധ്യമായിരുന്നു ഡൺസ്റ്റനച്ചന്റെ ജീവിതം. അദ്ദേഹത്തിന്റെ ശാന്തമായ സ്നേഹസാന്നിധ്യം ഇടപഴകുന്നവർക്കു വിശുദ്ധ ജീവിതത്തിലേക്കുള്ള ഒരു ഉത്തേജക വഴിവിളക്കായിരുന്നു. ഉള്ളിൽ ജ്വലിച്ചിരുന്ന ആദ്ധ്യാത്മിക അഗ്നിയുടെ തീക്ഷണതയായിരുന്നു അദ്ദേഹത്തിന്റെ സംഭാഷണങ്ങളിൽ, പെരുമാറ്റ ശൈലിയിൽ. അദ്ദേഹം ദീർഘകാലം സേവനം ചെയ്ത സന്യാസ പരിശീലനരംഗത്തെ തീക്ഷ്ണതയും ആധികാരികതയും അനേകം സഭാംഗങ്ങൾക്കും മറ്റുള്ളവർക്കും വലിയ മാതൃകയും വഴികാട്ടിയുമായിരുന്നു.

ഡൺസ്റ്റനച്ചന് വ്യക്തവും വിശാലവുമായ സഭാ വീക്ഷണം ഉണ്ടായിരുന്നു. സഭയെ അദ്ദേഹം സ്വന്തം അമ്മയെപ്പോലെ സ്നേഹിച്ചു. സഭയുടെ ചരിത്രം, പാരമ്പര്യം, തനിമ ഇവയെല്ലാം അദ്ദേഹത്തിന് വളരെ വിലപ്പെട്ടവയായിരുന്നു. കർമ്മലമാതാവിനോടും കർമ്മലീത്താ ചൈതന്യത്തോടും അദ്ദേഹത്തിന് അസാധാരണമായ ഒരു അടുപ്പം ഉണ്ടായിരുന്നു. ഈ വിഷയത്തെക്കുറിച്ച് അദ്ദേഹം പൊതുസംഘാവസരങ്ങളിൽ ദീർഘമായി എന്നോട് സംസാരിക്കാറുണ്ടായിരുന്നു.

സ്വന്തം ആശയങ്ങളിൽ വ്യക്തത ഉള്ളപ്പോഴും മറ്റുള്ളവരുടെ ആശയങ്ങൾ സ്വാഗതം ചെയ്യുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ച തുറവിയും ആത്മാർത്ഥതയും അദ്ദേഹത്തിന്റെ വലിയ

മനസ്സിന്റെ തിളങ്ങുന്ന ഒരടയാളമായിരുന്നു. യഥാർത്ഥത്തിൽ അരൂപി നിറഞ്ഞ ഒരു മനുഷ്യന്റെ ആകർഷകമായ ഒരു മുഖം. ഡൺസ്റ്റനച്ചൻ സത്താപരമായി ദൈവത്തിന്റെ മനുഷ്യനായിരുന്നു. അനുധ്യാനവും ദിവ്യകാരുണ്യാരാധനയും കറയില്ലാത്ത സാഹോദര്യവും വിശുദ്ധമായ അജപാലനസേവനവുമെല്ലാം അദ്ദേഹത്തിന്റെ ജീവിത സവിശേഷതകൾ ആയിരുന്നു. വിശുദ്ധ ചാവറ പിതാവിന്റെ മുഖമുദ്രയായിരുന്നു ഈ ഗുണവിശേഷങ്ങൾ. ഡൺസ്റ്റനച്ചന് അധികം പ്രസംഗിക്കാതെ സുവിശേഷം പ്രഘോഷിക്കാൻ കഴിയുമായിരുന്നു. ഒരു വാക്കുകൂടി ചേർക്കട്ടെ. ഇതു പോലെയുള്ള ജന്മശതാബ്ദി ആചരണം വളരെ ശ്ലാഘനീയമാണ്. കടന്നു പോയ ആത്മീയാചാര്യന്മാരെ അനുസ്മരിക്കുന്നത് ഉത്തമം മാത്രമല്ല ഉത്തേജനവുമാണ്. പ്രിയങ്കരനായ ഡൺസ്റ്റനച്ചനെ നമുക്ക് നന്ദിയോടെ, അഭിമാനത്തോടെ, സ്നേഹത്തോടെ അനുസ്മരിക്കാം.

തിളങ്ങുന്ന ഒരു നക്ഷത്രമായി ഡൺസ്റ്റനച്ചൻ നമ്മുടെ മനസ്സുകളിൽ പ്രകാശിക്കട്ടെ!

**ഫാ. തോമസ് ഐക്കര സി.എം.ഐ.**
മുൻ പ്രിയോർ ജനറാൾ

## ഇല്ലായ്മയും ഉള്ളായ്മയും

അഴകില്ല ആകാരഭംഗിയില്ല
അഹന്തയില്ല അഹംഭാവമില്ല
ആശയില്ല ആർത്തിയില്ല
അസൂയയില്ല അലംഭാവമില്ല.

വിനയമുണ്ട് വീണ്ടുവിചാരമുണ്ട്
വിശുദ്ധിയുണ്ട് വിശ്വാസമുണ്ട്
വിവേകമുണ്ട് വിജ്ഞാനമുണ്ട്
വികാരമുണ്ട് വിധിന്യായമുണ്ട്.

പാട്ടില്ല പഠാർത്ഥയില്ല
പകയില്ല പകപോക്കലില്ല
പരാതിയില്ല പരിദേവനമില്ല
പാരതന്ത്ര്യമതുമേതുമില്ല.

നോട്ടമില്ല നേട്ടമേതും
നോവുകളും നൊമ്പരവും
നിർഭയനായി നേരിടുന്നു
നിത്യതയെ പുൽകിടുവാൻ.

കാന്തിയുണ്ട് മനഃശാന്തിയുണ്ട്
കരുതലുണ്ട് കർതൃഭാവമുണ്ട്
കരുണയുണ്ട് കരളിലലിവുണ്ട്
കർമ്മമുണ്ട് കർമ്മശേഷിയുണ്ട്.

യാഗമായി ത്യാഗമായി
ജീവനായി ജ്വാലയായി
ഓർമ്മയായി ശക്തിയായി
ശാന്തിയായി സമാധിയായി.



**ഫാ. ആന്റോ വട്ടക്കുഴി സി.എം.ഐ.**

# Fr. Dunston CMI: A Model for Formators



20 October 2020 was the fourteenth death anniversary of Fr. Dunston Olakkengal CMI; on 27 November 2020, we celebrate his birth centenary as well. Many in the CMI Congregation, especially those in the northern provinces in Kerala (Thrissur, Coimbatore and Sagar), knew him as an exemplary formator. On his death anniversary, some members shared, through voice mail, their memories of Father Dunston, how he influenced them during their formation.

Those who did their novitiate in Saravanampatti, Coimbatore, during 1984-1986 and 2004-2006 knew Fr. Dunston very closely. As he grew older, he became physically weak; hence, brothers took turn at night to watch over him and to extend support, if needed. One of them remembered how one day he did not find Father Dunston in his bed, and anxiously began to search for him; later, he found him in the chapel kneeling before the tabernacle. Though he lost his memory, he could identify the tabernacle and could sit quietly in the Lord's presence: "Though he forgot everything, he did not forget Jesus," recalled this former novice. He narrated another incident: the madam who was teaching English, seeing Fr. Dunston walking, said: "He is a saint!" The cover picture of the book mentioned below shows him in his old brown habit with an innocent smiling face, without any trace of hair on his head, as he lost his hair completely due to eczema which he had contracted in his forties.

When Fr. Dunston was at Ampazhakad, during 1953-1956, Fr. Malachias was the prior and his spiritual director. He asked him to write down his memories. Obediently, Fr . Dunston wrote down in a note book (163 pages in all) his memories. Based on this manuscript, Fr. Poly Payyappilly has written a biography of Fr. Dunston, with the title "Sutharyam Sundaram" (meaning, transparent and beautiful), the second edition of which will be published during the commemoration of his birth centenary.

Fr. Dunston was born on 27 November 1920 at Pavaratty, in the Archdiocese of Thrissur in Olakkengal family as the fourth of the seven children. “There was a spiritual atmosphere in the family,” writes Fr. Dunston. From his early years he wanted to be a saint. His elder sister Kunjethi influenced him in a very special way. She passed away one year after Fr. Dunston joined the CMI Congregation in 1935. Fr. Dunston wanted to be a saint, the first saint in India! For him that was an expression of his love for the country. When the cause of Sr. Alphonsa was started, he thought that it would take time. Before that, he decided resolutely that he should become a saint. His thinking was similar when the cause of Chavara was started: “It will take time; before that I will become a saint!”

In 1943, during his formation at Chethipuzha, he took part in a speech competition. He chose “Love of Truth” as the subject. He spoke affirmatively that Jesus had said, “I am the Truth.” Hence, he adopted the position that everyone should “love the truth, and live for it…” In fact, that remained his firm ideal throughout his life.

St. Thomas Moor was declared a saint in 1935. At that time, Fr. Dunston was fifteen. He thought to himself: “In Thomas Moor, I got a patron saint.” Thomas Moor was the chancellor of British Emperor Henri VIII. He became a martyr because he did not approve the latter's marriage with another woman when his first wife was still alive. “In Thomas Moor, I find very clearly most of my ideals. He is my saint. As years go by, my love for him increases,” Father Dunston wrote in his notes.

Fr. Dunston's love for truth was reflected throughout his life. The main areas of his religious life were discerning and promoting vocations, animating candidates under formation, and spending time at the confessional. He encouraged the candidates to be open. Fr. Benjamin, who was a formator for a long time in Chethipuzha and later in Dharmaram, once remarked: “The openness I found in those coming from the North (Kerala) was through the influence of Fr. Dunston.”

Fr. Dunston always and clearly opposed resorting to bribery to get things done. That was an expression of his love for truth. During the Provincial Synaxes, often when the house debated on issues, even with some tint of 'politics', members would approach Fr. Dunston to get his view. They knew that Fr. Dunston stood for truth. Interestingly, he

moved with all freely, irrespective of age differences. Indeed, Fr. Dunston was a blessing for the community in which he lived.

Fr. Dunston was the rector of Fr. Paul Kalluveettil during his initial formation at Varandarappilly for one year (1957). Recalling his acquaintance with Fr. Dunston, Fr. Kalluveettil wrote: “For the spirituality of Fr. Dunston there was no place for sentimentality. His relationship with God and men was founded on reason and conclusions drawn from it. When I consider his spirit of poverty, which was heroic and original, his simplicity and innocent smile, love for hard work, prayerfulness, and his ability to consider everything objectively and his courage to speak openly what he found correct. I find the spirituality of Jesus reflected.”

Fr. Dunston was the confessor of the late Mar Joseph Irimpen, Bishop of Palakkad, for a long time. Mar Jacob Manathodath, his successor, says that Bishop Irimpen was very sad when Fr. Dunston could not visit him because he was very weak. Mar Manathodath, while speaking during the funeral, said: “At a time when modern psychology proposes ways of overcoming areas of weakness and inferiority complex, Fr. Dunston showed how to accept weaknesses with courage and make them channels for receiving God's grace. When people with deficiencies try to withdraw into themselves, Fr. Duston exhorted to make them ways of spiritual advancement and a guiding light and a sign of hope.”

Fr. Poly Payyappilly recalled on the eve of the anniversary of Fr. Dunston's death and wrote: “When I left home at the age of 14, I considered it as my final journey. Henceforth, I was totally submissive to the superiors.” This journey of eighty-six years ended on 20 October 2006 with the following words: “I am dying, I am going, I am happy, help me Jesus!” “The flower fell down, but the fragrance spreads…” We are reminded of the parable of yeast hidden in dough (Mt 13:33). Many who heard of the death of Fr. Dunston responded: “A saint has left us!” Fr. Dunston needs to be known to wider public. We all pray for his cause to be considered by the Church.

Fr. John Peter Muringathery CMI

# Our Priceless Prince Fr. Dunston



You oh great ! Lived as a pure soul,
To serve God and people were your sole goal.
You believed that one needs to live life with true love.
You are a blessing who came all the way from above.

A man of prayer, humility and simplicity you are.
Your valour and patience, the nations speak so far.
Your lovable words and deeds worked as a medicine
To the poor, needy and the helpless citizen.

"Laugh at you mistakes", you said.
Let that insightful words spread
Throughout the world and live forever more,
The world misses you as your presence is not here anymore.

Oh beautiful soul! The lover of nature,
You paved a way to each and every creature.
Oh purest of purest soul! You preached through your practice,
It is such a wise and wonderful tactics.
Oh! Here you are, now as a saint,
Nothing compares to your never ending quaint.

Fr. Dany Kokkaden CMI

## ഉള്ളഴകിൻ പുണ്യാത്മാവ്: ഡൺസ്റ്റനച്ചൻ



ആത്മവിശുദ്ധിതൻ വിളനിലമേ
ആത്മീയതേജസ്സിൻ പുണ്യസ്രോതസ്സേ
മാനവരക്ഷക്കുതകിയ നിൻചെയ്തികൾ
ആത്മസമർപ്പണത്തിൻ നൽദൃഷ്ടാന്തമേ

വിളിതന്നുൾവിളിയിൻ പ്രേമമായ്
വെടിഞ്ഞു ഈ ലോകസുഖത്തെ
കൈപിടിച്ചു കരുതലാം കാരുണ്യത്തെ
പകർന്നു സദ്മൂല്യങ്ങൾ ശിഷ്യർക്കായ്

ആകാരത്തിൽ അകൃത്യനായവനേ
പ്രകൃതിയിൽ പ്രാകൃതനായവനേ
സുരഭിലമാമകതാരിൻ നിറവാൽ
അഴകിനുമാനം നൽകിയവനേ

അർപ്പണത്തിൽ അർപ്പിതനെ
ആത്മനാ സായൂജ്യമേകിയവനെ
നൽനടപ്പിൻ മാണിക്യക്കല്ലേ
പുണ്യമാം ഉള്ളഴകിൻ കേദാരമേ

വിടരുന്നു നറുപുഞ്ചിരി നിന്നധരങ്ങളിൽ
വിരിയുന്നു സ്നേഹത്തിൻ പൂമൊട്ടായ്
തഴുകിടുന്നീസോദരരെ മന്ദമാരുതനായ്
ചേർത്തിടുന്നേവരേയും തൻമിത്രമായ്

അനുകരണീയമാം നിൻ ചുവടുകൾ
ഉണർത്തുന്നു അമർത്യമാം പാഠങ്ങൾ
തളിരിടുന്നു നിൻ ജീവിത ശൈലികൾ
എൻ മനതാരിൽ എന്നുമെന്നും.

**ഫാ. പോൾ തെക്കിനിയത്ത് സി.എം.ഐ.**

## സ്നേഹത്തിൻ സക്രാരി



കർമ്മല സഭയിൽ പൂത്തു വിരിഞ്ഞ
സന്യാസത്തിൽ മിഴിവാർന്ന
സൗന്ദര്യം മാനവർക്കേകിയ
പരസ്നേഹത്തിൻ പൂന്തെന്നലാം
സന്യാസവര്യാ ഡൺസ്റ്റനച്ചാ.

സ്വർഗ്ഗത്തിലെത്തുവാൻ
വിശുദ്ധനായി തീരുവാൻ
മണ്ണിന്റെ മഹത്വമാകെ മാറ്റിവച്ചു നീ
വിണ്ണിൻ മഹത്വ സ്നേഹവഴി ഏറ്റു
അനുഗ്രഹ നന്മകൾ പൊഴിയുന്ന
സന്യാസ സുകൃതിയായി മാറി നീ.

സ്നേഹത്തിൻ സക്രാരി
അകതാരിൽ തീർത്തു നീ
വിനയത്തിലും പുണ്യത്തിലും
നിത്യം ചരിച്ചു നീ
പാപത്തിൻ ഭാരം ചുമക്കുന്നവർക്ക്
അത്താണിയായി
അനുരഞ്നത്തിൻ കൂദാശയേകി നീ.

നിരാശതൻ കൂരിരുൾ മൂടിയ പാതയിൽ
സ്നേഹപ്രകാശം ചൊരിയുന്ന
കിടാവിളക്കായി നീ
സന്യാസത്തിനു ചേരുന്ന മക്കളായി ജീവിക്കാൻ
എന്നും നിൻ പൂജ്യ മാതൃക പിഞ്ചെല്ലും ഞാൻ
പൂജ്യനായി വാഴുന്ന നിൻ സന്യാസ മാതൃക
പൂജ്യമായി മാറ്റിടും എൻ സന്യാസ ജന്മം.

**ഫാ. ടോണി കൊള്ളനൂർ സി.എം.ഐ.**



# ഡൺസ്റ്റനച്ചൻ: ഒരു അനുഭവ യാത്ര

ദൈവസ്നേഹം ഉടയാടയാക്കി, സന്യാസം ശിരസ്സിൽ വഹിച്ച്, ദൈവേഷ്ടം പാദരക്ഷയാക്കി പ്രേഷിത പ്രവിശ്യയുടെ സ്വന്തമായ പുണ്യശ്ലോകനായ ഡൺസ്റ്റനച്ചാ, അങ്ങയുടെ മുമ്പിൽ ഒരു നിമിഷം ധ്യാനനിർലീനനായി നിന്നുകൊണ്ട്, അങ്ങയുടെ ആത്മീയ പുത്രരായ ഞങ്ങൾക്കും, ഇനി വരുന്ന തലമുറകൾക്കും പ്രചോദനവും, ഉൾപ്രേരണയും നൽകുമെന്ന പ്രത്യാശയിൽ ഞാനിവിടെ എന്നെ വ്യക്തിപരമായി സ്പർശിച്ച അനുഭവങ്ങൾ ചുരുങ്ങിയ വാക്കുകളിൽ കുറിക്കട്ടെ. അനേകം സുകൃതങ്ങളുടെ വിളനിലവും, ധാരാളം ആത്മീയ അനുഭവങ്ങളുടെ ഭണ്ഡാരവും, അനേകം വ്യക്തികളിൽ സ്വാധീനം ചെലുത്തിയവനുമായ ഡൺസ്റ്റനച്ചൻ, അദ്ദേഹത്തിന്റെ കൂടെയായിരുന്നവർക്ക് ആത്മീയവും, മാനസീകവുമായ ഉണർവ്വും, ഉന്മേഷവും നൽകിയിരുന്നു. ഒരു അപ്പൂപ്പന്റെ വാത്സല്യവും, ഒരു അപ്പച്ചന്റെ സ്നേഹവും, ഒരു യുവാവിന്റെ ചുറുചുറുപ്പും, ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയും, അതിലുമുപരിയായി ഒരു സന്യാസിയുടെ തീക്ഷണതയും പ്രോജ്ജ്വലിച്ചു നിന്നിരുന്ന ഈ വന്ദ്യവൈദീകനെ കാണുമ്പോൾ എല്ലാവരും പറയുമായിരുന്നു ഡൺസ്റ്റനച്ചൻ ഒരു മാതൃക സന്യാസിയായിരുന്നുവെന്ന്. എന്നെ വ്യക്തിപരമായി സ്പർശിച്ച അനുഭവങ്ങൾ നിരവധിയാണ്. ഓരോ ദിവസവും, ഓരോ വിധത്തിൽ. അദ്ദേഹത്തിന്റെ ജീവിത സായാഹ്നത്തിൽ ഒരുമിച്ചു ജീവിക്കുവാൻ അവസരം ലഭിച്ചത് ഓ! ഭാഗ്യം. മഹാഭാഗ്യം തന്നെ.

### ഉള്ളഴക്

അഴകോ ആകാരഭംഗിയോ അദ്ദേഹത്തിനില്ല. ബാഹ്യമായ അഴക് അദ്ദേഹത്തിൽ നിന്നും വളരെ വിദൂരത്താണ്. തലയിൽ മുടി ഒട്ടും തന്നെയില്ല. പുരികങ്ങൾ ശൂന്യമാണ്. പക്ഷെ ബാഹ്യമായ അഴകിനെ കവച്ചു വയ്ക്കുന്ന ഉള്ളഴക്; നിഷ്കളങ്കമായ പെരുമാറ്റ രീതി; പുണ്യത്തിന്റെ മുഖം മൂടിയില്ലാതെ ആത്മാർത്ഥതയും സുതാര്യതയും നിറഞ്ഞ ജീവിത ശൈലി; പുഞ്ചിരിക്കുന്ന മുഖം; ശാന്തവും ശാലീനവുമായ സ്വഭാവം ജീവിതത്തിൽ പ്രതിഫലിച്ചു കാണുന്നത് എത്രയോ അത്ഭുതാവഹം.

### അൾത്താരയിലെ കെടാവിളക്ക്

ഡൺസ്റ്റനച്ചൻ അൾത്താരയിലെ കെടാവിളക്കായിരുന്നുവെന്ന ഉച്ചൈസ്തരം വിളിച്ചു പറയുവാൻ എനിക്കൊട്ടും മടിയില്ല. അൾത്താരക്കു മുമ്പിൽ തലകുനിച്ച് ധ്യാനനിർലീനനായി മുട്ടിൻമേൽ നിന്നു മണിക്കൂറുകളോളം പ്രാർത്ഥിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ട്. പലപ്പോഴും സക്രാരിയുടെ അടുത്തേക്ക് കൊണ്ടുപോയി ഇവിടെ നിന്ന് എല്ലാ ശക്തിയും ലഭിക്കുമെന്ന് പറഞ്ഞ്

ഉപദേശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ അരികിൽ spiritual directionനോ, കുമ്പസാരത്തിനോ പോയാൽ, ദൈവം തരുന്നത് സ്വീകരിക്കുകയെന്നും, ദൈവത്തിന് എല്ലാം അറിയാമെന്നുമൊക്കെ പറയുമായിരുന്നു. അതുകൊണ്ടായിരിക്കാം ശാരീരികമോ മാനസികമോ ആയ വേദനകൾ ഉണ്ടാകുമ്പോൾ അച്ചന് ആരോടും പരാതിയോ, പരിഭവമോ ഇല്ല. ആ സമയത്തൊക്കെ അദ്ദേഹം ഉരുവിട്ടിരുന്ന ഒരുജപമന്ത്രമുണ്ട്: 'ദൈവമെ, സഹായിക്കണമെ! ദൈവമെ, രക്ഷിക്കണമേ! ദൈവമെ, നിന്നെ ഞാൻ സ്നേഹിക്കുന്നു!' ഈ പ്രാർത്ഥനാമന്ത്രം അവസാനകാലത്തിൽ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവർക്കും, അദ്ദേഹത്തെ പരിചരിച്ചവർക്കും അറിയാവുന്നതാണ്. ദിവ്യകാരുണ്യത്തിൽ നിന്നും അദ്ദേഹത്തിനു ലഭിച്ച ആത്മീയ ശക്തിയല്ലേ അത്.

## തനതായ ആദ്ധ്യാത്മികത

തന്റെ കുട്ടിക്കാലത്ത് സ്വന്തം പെങ്ങൾ പറഞ്ഞു കൊടുത്ത വി. കൊച്ചുത്രേസ്യായുടെയും, കർമ്മലീത്ത സഭാതനയരായ വി. അമ്മത്രേസ്യായുടെയും, കുരിശിന്റെ വി. യോഹന്നാന്റെയും, വി. ചാവറ പിതാവിന്റേയും ആദ്ധ്യാത്മിക ശാസ്ത്രങ്ങൾ ആവശ്യനേരത്ത് പുറത്തെടുക്കുന്നത് കാണുമ്പോൾ അഭിമാനം തോന്നിയിട്ടുണ്ട്. അദ്ദേഹം വലിയ പ്രാസംഗികനോ, ഗായകനോ അല്ല. പാട്ട് പാടാൻ പറഞ്ഞാൽ ആ... ആ... ആ... എന്ന സ്വരം പാട്ടുരൂപത്തിൽ പാടുന്നത് കാണേണ്ടത് തന്നെ. കൈകൾ കൂപ്പിപിടിച്ച് ഈശോയെയും, മാതാവിനെയും, മനസ്സിൽ ധ്യാനിച്ച് ഭയഭക്തി ബഹുമാനങ്ങളോടെയാണ് അദ്ദേഹം പാടാറുള്ളത്. ചാവറാ പിതാവിനോടുള്ള ഭക്തിയും, സ്നേഹവും അതിമനോഹരം തന്നെയാണ്. നവസന്യാസ ഭവനത്തിലെ (സരവണാംപട്ടി) നടുവട്ടത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള വി.ചാവറ പിതാവിന്റെ രൂപത്തിനു മുമ്പിൽ രാത്രിയും പകലും നിന്ന് പ്രാർത്ഥിക്കുന്നത് കണ്ടിട്ടുണ്ട്. വിശുദ്ധന്റെ രൂപം ചൂണ്ടിക്കാണിച്ച് 'അദ്ദേഹം നല്ലൊരു പിതാവാണ്, നല്ലൊരു അച്ചനാണ്; വിഷമം വരുമ്പോൾ അപേക്ഷിച്ചാൽ അദ്ദേഹം നമ്മെ സഹായിക്കും' എന്നൊക്കെ ഞങ്ങളോട് പറയാറുണ്ട്. നവസന്യാസഭവനത്തിൽ ചാവറ പിതാവിന്റെ കൃതികളെകുറിച്ച് ക്ലാസ്സെടുക്കുമ്പോഴും ഈ അനുഭവങ്ങൾ തന്നെയാണ് അദ്ദേഹം പങ്കുവെച്ചിട്ടുള്ളത്. ജീവിത സായാഹ്നത്തിൽ പോലും, ഈശോയെയും, മാതാവിനെയും, ചാവറ പിതാവിനെയും കുറിച്ചുള്ള നല്ല ഓർമ്മകൾ ആവശ്യനേരത്ത് പുറത്തെടുക്കുന്നതു കാണുമ്പോൾ അച്ചനോടുള്ള സ്നേഹവും, ഭക്തിയും കൂടി വരുന്നതോടൊപ്പം അദ്ദേഹത്തിന്റെ വിശ്വാസവും, ആദ്ധ്യാത്മികതയും അത്രക്ക് ആഴമുള്ളതായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയുന്നു. അച്ചനുമായി നവസന്യാസഭവനത്തിൽ നടക്കുമ്പോൾ, അദ്ദേഹത്തിന്റെ പുഞ്ചിരിക്കുന്ന മുഖത്തേക്കു നോക്കി, നവസന്യാസികൾ, 'അച്ചാ, അച്ചൻ പ്രാർത്ഥിക്കുന്ന അച്ചനാണ്, പുണ്യവാനായ അച്ചനാണ്; സ്നേഹമുള്ള അച്ചനാണ്' എന്നു പറയുമ്പോൾ അദ്ദേഹം തരുന്ന മറുപടി അത്ഭുതപ്പെടുത്തുന്നതാണ്: (കരഞ്ഞുകൊണ്ട്) 'ഞാൻ ഒന്നുമല്ല' എന്നും 'എനിക്കു കുറവുകൾ' ഉണ്ടെന്നും 'നിങ്ങൾ എന്നെ കളിയാക്കുകയാണെന്നും' എന്നു മൊക്കെ. ഇങ്ങനെയൊക്കെ സുബോധത്തോടെ പറയുന്ന ഡൺസ്റ്റനച്ചനെ ഓർമ്മയില്ലാത്തവരുടെ ഗണത്തിൽപ്പെടുത്തുന്നത് തീർത്തും അനുചിതമായിരുന്നുവെന്ന് തോന്നിയിട്ടുണ്ട്. മറിച്ച് നമുക്കാണോ ഓർമ്മക്കുറവ് സംഭവിച്ചിരിക്കുന്നത്?

ഡൺസ്റ്റനച്ചൻ സേവനതല്പരനും കഠിനാദ്ധ്വാനിയായിരുന്നു. അദ്ദേഹം അനാവശ്യമായി സമയം കളയുന്നതു കിട്ടില്ല. ഒന്നുകിൽ പള്ളിയിലോ, ക്ലാസ് മുറിയിലോ, വായനയിലോ, അല്ലെങ്കിൽ പറമ്പിലോ ആയിരിക്കും. ഏകദ്ദേശം 83-ാം വയസ്സുവരെ പ്രഭാത ഭക്ഷണം കഴിഞ്ഞാലുടൻ കൈയ്യിൽ മൺവെട്ടിയുമായി പറമ്പിൽ അദ്ധ്വാനിക്കുന്ന ഡൺസ്റ്റനച്ചൻ പ്രകൃതിയെ സ്നേഹിക്കുന്ന ഉത്തമ സന്യാസിയായിരുന്നു... സറവണാംപട്ടിയിലെ കൃഷിക്കാരായ ഗ്രാമവാസികൾ അദ്ദേഹത്തോടുള്ള താല്പര്യം കൊണ്ട് 'കാപ്പി പൊടികളർ സാമി' എന്ന ഓമനപേരും കൊടുത്തിട്ടുണ്ട്. പണി കഴിഞ്ഞാൽ അദ്ദേഹം നേരെ വരുന്നത് ക്ലാസ്സെടുക്കാനോ, പള്ളിയിൽ വിസീത്ത നടത്താനോ ആയിരിക്കും. ദൈവോന്മുഖതയും, പരോന്മുഖതയും സമന്വയിപ്പിച്ച് കൊണ്ടു പോകാൻ അദ്ദേഹം എപ്പോഴും പരിശ്രമിച്ചിരുന്നു.

മാതൃപ്രവിശ്യയായ ദേവമാതാ പ്രവിശ്യയിലും, തുടർന്ന് പ്രേഷിത പ്രവിശ്യയിലും ആത്മീയ സുഗന്ധം പരത്തിയ അങ്ങയുടെ സന്യാസ സമർപ്പണ ജീവിതം ഞങ്ങൾക്കെന്നും പ്രചോദനമായി ഭവിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സന്യാസ സമൂഹങ്ങളിൽ നിന്നും കാലഹരണപ്പെട്ടു പോയികൊണ്ടിരിക്കുന്ന മൂല്യങ്ങളെ നിലനിർത്തുവാൻ അങ്ങയുടെ ജീവിതം ഞങ്ങളെ പഠിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ഡേവിസ് തട്ടിൽ സി.എം.ഐ.**



## ഡൺസ്റ്റനച്ചൻ: പ്രകൃതി സംരക്ഷകൻ

ചെറിയ കാര്യങ്ങളിൽ വിശ്വസ്തത പാലിക്കുക എന്നുള്ളത് വളരെ വലിയ ഒരു കാര്യം തന്നെയാണ്.

ബൈബിൾ നമ്മെ പഠിപ്പിക്കുന്നതുപോലെ: 'ചെറിയ കാര്യങ്ങളിൽ വിശ്വസ്തൻ വലിയ കാര്യങ്ങളിലും വിശ്വസ്തൻ ആയിരിക്കും' എന്ന് ഞാൻ novitiate ൽ ആയിരിക്കുമ്പോൾ ഡൺസ്റ്റനച്ചൻ പറയുമായിരുന്നു.

പറമ്പിലെ ചെറിയ ചെറിയ പ്ലാസ്റ്റിക് സാധനങ്ങൾ, ഉജാല ബോട്ടിലുകൾ തുടങ്ങിയവ, അച്ചൻ പറമ്പിൽ നടന്ന് പറക്കുമായിരുന്നു. ഒരു പ്രാവശ്യം എന്നോടും ഇങ്ങനെ പറമ്പിൽ നിന്ന് കൊണ്ടുവരാൻ പറഞ്ഞു.

ഞാൻ വിചാരിച്ചു ഈ സാധനങ്ങൾ എന്തിന് ഉപകരിക്കും എന്ന്. വിറ്റാലും വലിയ കാശ് ഒന്നും കിട്ടുകയുമില്ല. പക്ഷേ പിന്നീടാണ് പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും, പറമ്പിൽ പ്ലാസ്റ്റിക് സാധനങ്ങൾ കിടന്നാൽ അത് നല്ലതല്ല എന്നും, അതു ഭൂമിയെ നശിപ്പിക്കുകയുള്ളൂ എന്നുള്ള വലിയ കാര്യം മനസ്സിലായത്. ജർമ്മനിയിൽ വന്നപ്പോൾ അതിൻെറ വില കൂടുതൽ മനസ്സിലാവുകയും ചെയ്തു. ഇതുപോലെ നിസ്സാര കാര്യങ്ങളിൽ ഉള്ള സൂക്ഷ്മത എൻെറ മനസ്സിൽ എപ്പോഴും ഡൺസ്റ്റനച്ചൻ വഴിയായി കിട്ടിയിട്ടുണ്ട്.

**ഫാ. ആന്റോ അക്കരപ്പട്ടിയേക്കൽ സി.എം.ഐ.**

# പുണ്യചരിതനായ ഡൺസ്റ്റൻ ഒലക്കേങ്കൽ അച്ചൻ



1978-ൽ ഞാൻ സഭയിൽ ചേരുമ്പോൾ വരന്തരപ്പിള്ളി കൊവേന്തയിലെ പ്രിയോർ അച്ചൻ ഡൺസ്റ്റനച്ചനായിരുന്നു. അന്നു മുതൽ 2006-ൽ മരിക്കുന്നതുവരെ പല പ്രാവശ്യം ഞങ്ങൾ ഒരേ ഭവനത്തിൽ ഒരുമിച്ച് താമസിക്കുവാൻ ഇടയായിട്ടുണ്ട്. അപ്പോഴുണ്ടായ ചില ചിന്തകളാണ് ചുരുക്കമായി ഞാനിപ്പോൾ നിങ്ങളുമായി പങ്കുവയ്ക്കുന്നത്. ഓരോ അനുഭവങ്ങളും അച്ചനിലെ ആഴമായ ആദ്ധ്യാത്മികതയുടെ പാഠപുസ്തകം തന്നെയാണ്.

1978 ജൂൺ 24-ാം തിയതി എന്റെ അപ്പനും, അമ്മയും സഹോദരങ്ങളുമൊക്കെ ചേർന്ന് എന്നെ വരന്തരപ്പിള്ളി കൊവേന്തയിൽ കൊണ്ടാക്കുമ്പോഴാണ് അവിടത്തെ പ്രിയോർ ആയിരുന്ന ഡൺസ്റ്റനച്ചനെ ആദ്യമായി ഞാൻ കാണുന്നത്. പ്രിയോരച്ചനും, ഞങ്ങളുടെ റെക്ടർ ആന്റണി കുറ്റിക്കാട്ടച്ചനും വീട്ടിൽ നിന്ന് വന്നവരെ parlourൽ ഇരുത്തി എന്നെ കൊവേന്തയ്ക്കുള്ളിലേക്ക് കൂട്ടികൊണ്ടു പോയി. കുറേ നേരം കഴിഞ്ഞ് വീട്ടുകാർക്ക് പോകാൻ സമയമായപ്പോൾ എന്നെ വിളിക്കണമെന്ന് അമ്മ റെക്ടറച്ചനോട് ആവശ്യപ്പെട്ടപ്പോൾ 'പ്രിയോരച്ചന്റെ അനുവാദം ചോദിക്കട്ടെ' എന്ന ഉത്തരം അമ്മയെ ഏറെ വേദനിപ്പിച്ചു. ഇത്രനാളും തനിക്ക് മാത്രം വേണമെന്ന് സ്വന്തമായിരുന്ന മകനെ ഒരു നോക്ക് കാണുവാൻ പോലും മറ്റാരുടേയോ അനുവാദം കേട്ടാൽ ഏതമ്മയുടെ നെഞ്ചാണ് പിടയ്ക്കാതിരിക്കുക. എങ്ങിയേങ്ങി കരയുന്ന അമ്മയെ കണ്ടു കൊണ്ടാണ് ഞാനും പ്രിയോരച്ചനും കടന്നു വന്നത്. അമ്മയുടെ കരച്ചിൽ കണ്ടു അത്ര പരിചയമില്ലാത്ത ഞാനും ഇടറിപ്പോയി. കരച്ചിലിന്റെ കാര്യമറിഞ്ഞപ്പോൾ ഡൺസ്റ്റനച്ചനും അങ്കലാപ്പിലായി. അവരെയൊക്കെ ആശ്വസിപ്പിച്ച് തിരികെ അയച്ചതിനു ശേഷം അച്ചൻ എന്നെ തനിയെ കൂട്ടികൊണ്ടു പോയി ആശ്വസിപ്പിച്ചതും, ഉണ്ടായ കാര്യത്തിൽ ദുഖം പ്രകടിപ്പിച്ചതും അല്പം അത്ഭുതത്തോടെയാണ് ഞാൻ നോക്കി കണ്ടത്. കാരണം ഇരിങ്ങാലക്കുട ക്രൈസ്റ്റ് മോണാസ്ട്രിയിൽ ഓർമ്മവച്ച കാലം മുതൽ പ്രിയോർമാരെ കണ്ട് വളർന്നവനാണ് ഞാൻ. പ്രിയോർമാർ ഇത്ര താഴ്മയോടെ പെരുമാറുന്നത് കണ്ടതാണ് എന്നെ അത്ഭുതപ്പെടുത്തിയത്. പിന്നീട് എനിക്ക് മനസ്സിലായി ഡൺസ്റ്റനച്ചനെപ്പോലെ ഡൺസ്റ്റനച്ചൻ മാത്രമേയുള്ളൂ എന്ന്.

യോഗാർത്ഥികളായ ഞങ്ങൾക്ക് spiritual ക്ലാസും, Latin ക്ലാസും ഡൺസ്റ്റനച്ചനാണ് എടുത്തിരുന്നത്. അത്ര ആകർഷകമായ ക്ലാസുകളല്ലായിരുന്നെങ്കിലും അനുഭവങ്ങളുടെ നിലവറയായിരുന്നു ആ ക്ലാസുകൾ. സത്യസന്ധതയുടെ ആൾ രൂപമായിരുന്നല്ലോ ഡൺസ്റ്റനച്ചൻ. വർഷങ്ങൾക്കുശേഷം വൈദികനായപ്പോൾ പ്രോവിൻസിൽ നടന്നിരുന്ന

ചർച്ചകളിൽ സന്യാസാരൂപിയ്ക്ക് നിരക്കാത്ത തീരുമാനങ്ങളെടുക്കാൻ തുടങ്ങിയാൽ തീ ചീറ്റുന്ന ഒരൊറ്റയാൾ പട്ടാളമായിരുന്നു എന്നും ഡൺസ്റ്റനച്ചൻ എന്നതും ഞാനോർക്കുന്നു. സ്വതവേ ശാന്തപ്രകൃതക്കാരനായ അച്ചന്റെ മുഖഭാവം അപ്പോൾ കാണേണ്ടത് തന്നെയാണ്. ദേവാലയത്തിൽ നിന്ന് കച്ചവടക്കാരെ ആട്ടിയോടിക്കുന്ന യേശുവിന്റെ മുഖഭാവത്തിന് സദൃശമായിരുന്നു അത് എന്നു വേണമെങ്കിൽ പറയാം.

കടലുണ്ടി Postulancy എന്റെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ അനുഭവങ്ങളുടെ ഒരു കാലഘട്ടമായിരുന്നു. ഒരിക്കൽ ആനിമേറ്ററായിരുന്ന ഡൺസ്റ്റനച്ചൻ ഏതോ ആവശ്യത്തിന് തൃശൂർ പോയി തിരിച്ചു വരുമ്പോൾ Feroke നിന്ന് കടലുണ്ടിയിലേയ്ക്കുള്ള അവസാനത്തെ ബസും വിട്ടു പോയിരുന്നു. ഏകദേശം 8–10 കിലോമീറ്റർ ദൂരം കാണും. ആരായാലും auto പിടിച്ച് വരാവുന്ന ദൂരം മാത്രം. എന്നാൽ അച്ചന്റെ ദാരിദ്ര്യവ്രതം അതിനനുവദിച്ചില്ലായിരിക്കാം. അച്ചൻ ആ രാത്രി ബസ്സ്റ്റോപ്പിൽ തന്നെ ചുരുണ്ടുകൂടി കിടന്ന് നേരം പുലർന്നിട്ടാണ് വന്നു ചേർന്നത്. മറ്റേതെങ്കിലും അച്ചന്മാർ സഭയിൽ ഇങ്ങനെയൊക്കെ ചെയ്യുന്നവരായിട്ടുണ്ടാകുമോ? ‘ദൈവം സംരക്ഷിച്ചു കൊള്ളും’ എന്ന അടിയുറച്ച വിശ്വാസമുള്ളവർക്കു മാത്രമേ ഇതൊക്കെ ചെയ്യാൻ കഴിയൂ.

അച്ചന്റെ കൃത്യനിഷ്ഠയും, പരിശുദ്ധ കുർബ്ബാനയോടുള്ള ഭക്തിയും, പൂന്തോട്ടം, പച്ചക്കറി തോട്ട നിർമ്മാണവും, സ്നേഹമസൃണമായ പെരുമാറ്റവും, ദാരിദ്ര്യാരൂപിയുമൊക്കെ നേരിട്ടനുഭവിച്ച നാളുകളായിരുന്നു അവ. റോസ് ചെടികൾ graft ചെയ്യാൻ അന്ന് അച്ചൻ പഠിപ്പിച്ച വിദ്യ ഇന്നും എനിക്കൊരു മുതൽകൂട്ടാണ്. പല വർഷങ്ങൾ അട്ടപ്പാടിയിലെ superior ജോലി ചെയ്തിട്ടുള്ള ആളാണ് ഡൺസ്റ്റനച്ചൻ. പാക്കുളത്ത് നിന്ന് ജെല്ലിപാറയിലും (10 km) കാരറയിലും (15 km) കോട്ടത്തറയിലുമൊക്കെ (20 km) നടന്നു പോയിട്ടാണ് അത്യാവശ്യ ഘട്ടങ്ങളിൽ അവിടെയുള്ള അച്ചന്മാരെ സഹായിച്ചിരുന്നതെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്.

1995–96 കൗണ്ടൻപാളയം LF Aspirants Houseൽ റെക്ടറച്ചനായ ഡൺസ്റ്റനച്ചന്റെ കൂടെ താമസിക്കാൻ ഭാഗ്യം കിട്ടിയ ഒരു വർഷമായിരുന്നു. അന്ന് അച്ചന്റെ കാലിൽ eczema എന്ന ചർമ്മരോഗം വ്രണമായി അച്ചൻ ഏറെ കഷ്ടപ്പെട്ടിരുന്ന ഒരു കാലമായിരുന്നു. ചില സമയങ്ങളിൽ നിലത്ത് കാലുകുത്താൻ പോലും പ്രയാസമുള്ള സഹനം. ഇടയ്ക്കിടെ ഡോക്ടറെ കാണിക്കാൻ ഞാൻ കൊണ്ടുപോകുമായിരുന്നു. ആ വർഷം യോഗാർത്ഥികളെ ധ്യാനിപ്പിക്കാൻ വന്ന ഒരു charismatic team ധ്യാനത്തിനിടയിൽ വിളിച്ചു പറഞ്ഞു: ‘ഡൺസ്റ്റനച്ചന്റെ കാലിലെ രോഗം യേശു തൊട്ടു സുഖപ്പെടുത്തുന്നു.’ ഞാനും അച്ചനും തൊട്ടടുത്താണിരുന്നിരുന്നത്. അച്ചൻ പറഞ്ഞു: ‘അയ്യോ! എനിക്ക് ആകെയുണ്ടായിരുന്ന ഒരു സഹനമായിരുന്നു.’ അത്ഭുതമെന്ന് പറയട്ടെ, മരണം വരെ അച്ചന് ആ അസുഖം പിന്നീടുണ്ടായിട്ടില്ല. സഹനത്തെ ഒരു വരമായി സ്വീകരിച്ച ആളായിരുന്നു അദ്ദേഹം. പക്ഷെ പരീക്ഷണ

കാലഘട്ടം ജീവിച്ചിരിക്കുമ്പോൾ തന്നെ ചുരുക്കി കൊടുത്ത് യേശു അച്ചനെ അനുഗ്രഹിച്ചു.

Rector അച്ചനുമായി യോഗാർത്ഥികളെ ബന്ധിപ്പിക്കുന്ന ഒരു ആത്മനിയന്താവിന്റെ ഭാഗമായിരുന്നു അന്ന് അച്ചൻ ചെയ്തുകൊണ്ടിരുന്നത്. കുട്ടികളെ തനിയെ വിളിച്ച് കാണുകയും പ്രശ്നങ്ങൾ വിവേചിച്ചറിഞ്ഞു കൊണ്ട് Rector അച്ചനായ എന്നെ സമീപിച്ച് പ്രശ്നപരിഹാരം ഔദ്യോഗികമാക്കുന്ന ഒരു കണ്ണിയായിരുന്നു അദ്ദേഹം. ടീം വർക്ക് എന്ന വാക്കിന്റെ ഉത്തമോദാഹരണമായിരുന്നു അച്ചൻ. കാഴ്ച്ചപ്പാടിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ പോലും അലൗകീകമായ ആ പുഞ്ചിരിയിലൂടെ എല്ലാവരേയും കൂട്ടി ചേർക്കുന്ന വ്യക്തിത്വം. ഈ ലോകത്തിലെ സ്ഥാനമാനങ്ങൾക്ക് വില കല്പിക്കാത്തവർക്ക് മാത്രം ചെയ്യാൻ കഴിയുന്ന ഒരു പുണ്യമാണത്.

സരവണാംപട്ടിയിൽ നിന്ന് വേലന്താവളത്തേക്ക് നവസന്യാസഭവനം മാറ്റി സ്ഥാപിക്കുന്ന കാലയളവിൽ കൊഴിഞ്ഞാംപാറയ്ക്ക് താല്ക്കാലികമായി ലഭിച്ച സൗഭാഗ്യമായിരുന്നു ഡൺസ്റ്റനച്ചൻ. ‘കുട്ടികളുടെ സാന്നിദ്ധ്യവും ശബ്ദവുമായിരുന്നു അച്ചന്റെ ചികിത്സക്കുള്ള ഏറ്റവും നല്ല സിദ്ധൗഷധം’ എന്ന തിരിച്ചറിവായിരിക്കാം അച്ചനെ യോഗാർത്ഥി ഭവനത്തിലേക്ക് അയക്കാനുണ്ടായ കാരണം. ഓർമ്മ ഏതാണ്ട് പരിപൂർണ്ണമായി നഷ്ടപ്പെട്ട സമയമായിരുന്നു. അവിടെയുള്ള ജീവിതത്തെക്കുറിച്ച് ഓർമ്മിക്കാൻ അച്ചന് കഴിഞ്ഞിരുന്നില്ലെങ്കിലും മറക്കാൻ കഴിയാത്ത ജീവിത പാഠങ്ങളാണ് അച്ചൻ അപ്പോഴും പകർന്നു തന്നിരുന്നത്.

യോഗാർത്ഥികൾ താമസിച്ചിരുന്നത് ഒന്നാം നിലയിലാണ്. അവരുടെ ഉല്ലാസ സമയത്തെ ശബ്ദം കേട്ടപ്പോൾ യാന്ത്രികമായി എന്നവണ്ണം കോണി പടികൾ കയറാൻ തുടങ്ങിയ അച്ചനോട് ചിരിച്ചു കൊണ്ട് ഞാൻ പറഞ്ഞു: ‘മുകളിൽ പോകാൻ അനുവാദമില്ല എന്നാണ് റെക്ടറച്ചൻ പറഞ്ഞിരിക്കുന്നത്.’ ഒന്ന് ചിരിച്ചുകൊണ്ട് അദ്ദേഹം തൊട്ടടുത്ത തന്റെ മുറിയിലേക്ക് പോയി. ഓരോ ദിവസവും ഉല്ലാസ സമയത്ത് കുട്ടികളുടെ ശബ്ദം കേൾക്കുമ്പോൾ എന്തോ അനുഭൂതിയിലെന്നപ്പോലെ കോവണി ചുവട്ടിൽ നിന്ന് ആ ശബ്ദം ആസ്വദിക്കുന്ന ഡൺസ്റ്റനച്ചനെ പലപ്പോഴും ഞാൻ നോക്കി ആസ്വദിക്കാറുണ്ട്. മറവി കാലത്ത് പോലും അനുസരണത്തിന്റെ ഉത്തമ ദൃഷ്ടാന്തമായിരുന്നു അച്ചൻ.

പ്രേഷിത പ്രോവിൻസിന്റെ ആത്മശക്തി ഡൺസ്റ്റനച്ചനായിരുന്നു. അതിനെ വെല്ലാൻ ഇനിയും ഒരാൾ ജനിച്ചിട്ടില്ല. എന്നും നേരിന്റെ കൂടെ നിന്ന്, ആരുടേയും മുഖം നോക്കാതെ, നിശബ്ദ ഗർജനം നടത്തിയിരുന്ന ഒരു ഡൺസ്റ്റനച്ചന്റെ കുറവ് ഇന്ന് പ്രോവിൻസിന് മാത്രമല്ല, CMI സഭയും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പേര് വിളിച്ചാലും ഇല്ലെങ്കിലും മരിക്കാത്ത ഓർമ്മയിലെ ഒരു വിശുദ്ധനാണ് എനിക്ക് ഡൺസ്റ്റനച്ചൻ.

**ഫാ. വിൻസൻ മൊയലൻ സി.എം.ഐ.**

# Fr. Dunston: A Trusted and Worthy Friend



I cherish the vision and mission of Fr. Dunston, and admire at his amazing virtues and very simple but rustic life as a religious priest

I used to enjoy his spiritual treasures while he was my aspirant rector at Varandharapilly, and later as my spiritual companion and director for many years. To be honest, he was a holy religious priest, and in appearance like an angel. He never compromised on principles and values for his own benefits or selfish reasons. He called a spade, spade.

He was always ready to adjust and re-adjust to the maximum possible level even to the extent of sacrificing his life for others. In form and moving, he seemed to be an ascetic, and his words and deeds contained a Divine touch.

He was much more interested in eco-friendly activities. Leisurely times he occupied himself with planting of trees and shrubs and engaged in other kinds of domestic agriculture. He sincerely obeyed the law of the Lord, and highly respected the law of the land without diluting them to his convenience. He took maximum care not to hurt or wound others, their feelings in words, deeds, or thoughts. It was his spiritual style to forget what was filthy and unwanted and remembered only the best and desirable. He rejected superfast and luxury conveniences on travel and other domestic articles, wristwatch, chappals, umbrella, etc., and he felt them as overload on his shoulders.

He was a trusted and worthy friend who never divulged anything that might affect the bright future of others. Rather, he preferred to correct them personally. He never lied but appreciated and accepted every one as they were and inspired them for a highly qualified religious and priestly life.

The integrity and wholeness of his religious commitment to the Lord were highly and clearly exemplified in the daily observance of the religious vows.

His life is a model for us and inspires us to enjoy the spiritual luxury rather than worldly pleasure. Let us ask Fr. Dunston to instil our hearts with the famous inspiring words of St. Paul, “For the love of Jesus, I consider everything in the world as garbage” (Phil 3:8).

Fr. Francis Thaivalappil CMI

# ഓർമ്മകളിലെ സുകൃതജീവിതം



“അവിടുന്ന് അവരുടെ മിഴികളിൽ നിന്ന് കണ്ണീർ തുടച്ചുനീക്കും; ഇനി മരണം ഉണ്ടായിരിക്കുകയില്ല’ ’ (വെളിപാട് 21: 4).

നമ്മുടെ ഇടയിൽ മരിച്ചവർ ഇന്നും സജീവമാകുന്നു എങ്കിൽ അത് ജീവിച്ചിരിക്കുന്ന നമുക്ക് അവരുടെ ഓർമ്മകൾ മരിക്കാത്തതുകൊണ്ടല്ലേ. കുരിശിന്റെ വിശുദ്ധ യോഹന്നാൻ പറയുന്നതുപോലെ ഓരോ നിമിഷവും മരിക്കുന്നു, മണ്ണിൽ ഉള്ളവരെ ഓർമ്മകളുടെ ചരടിൽ കുരുക്കുവാൻ.

എന്തൊക്കെ സ്മൃതികൾ അവശേഷിപ്പിച്ചാണ് ഓരോരുത്തരും കടന്നുപോകുന്നത്. വിസ്മൃതികളുടെ ഈ ലോകത്തിൽ സ്മൃതികൾ ഒരു സുകൃതം ആണെന്ന് പഠിപ്പിച്ചവർ, ജീവിതം കൊണ്ട് ജീവിച്ചു കാണിച്ചവർ. എന്റെ ഓർമ്മകളുടെ സമൃദ്ധിയിൽ ഒരു സുകൃതമായി ഞാനിന്നും ഓർക്കുന്ന ഒരു രൂപമാണ് ഡൺസ്റ്റനച്ചന്റേത്.

ദൈവവിളി തിരിച്ചറിഞ്ഞുകൊണ്ട് വൈദിക-സന്യാസ ജീവിതത്തിലേക്ക് ഞാൻ കടന്നു വന്ന വർഷം ആയിരുന്നു 1989. എന്നെ സംബന്ധിച്ചിടത്തോളം വലിയ കരുതലിന്റെയും സ്നേഹത്തിന്റെയും പര്യായമായിരുന്നു ഡൺസ്റ്റനച്ചൻ. അതിനുള്ള മൂലകാരണവും മറ്റൊന്നുമായിരുന്നില്ല: ഞങ്ങളിരുവരും തൃശൂർ അതിരൂപതയിലെ പാവറട്ടി ഇടവകാംഗങ്ങൾ ആയിരുന്നു എന്നതായിരുന്നു. എന്റെ ആത്മീയ വളർച്ചക്ക് ഒരു കുമ്പസാരക്കാരൻ എന്ന നിലയ്ക്ക് എനിക്ക് പകർന്നു നൽകിയ ഓരോ ഉപദേശങ്ങളും അനുഭവങ്ങളും ഇന്നും പച്ച കെടാതെ നിൽക്കുന്ന നല്ല ഓർമ്മകളാണ്. സ്വന്തം നാട്ടുകാരനോടുള്ള ഒരു വാത്സല്യവും, വിശേഷങ്ങൾ പങ്കുവയ്ക്കലും എന്റെ ആദ്യകാല സന്യാസവൈദിക പരിശീലനത്തിൽ എനിക്ക് നൽകിയ ഉണർവും ഉത്തേജനവും പറഞ്ഞ അറിയിക്കുന്നതിന് അപ്പുറമായിരുന്നു..

എന്റെ ജീവിതായനത്തിൽ ഞാൻ പഠിക്കാൻ ശ്രമിച്ച ഒരു പാഠപുസ്തകമായിരുന്നു അച്ചന്റെ ജീവിതം മുഴുവനും. സന്യാസത്തിന്റെ പിള്ളത്തൊട്ടിൽ ആയ നവസന്യാസഭവനത്തിലെ രണ്ടാം വർഷം ഡൺസ്റ്റനച്ചനോട് കൂടെയായിരുന്ന ആ കാലം. തോട്ടപ്പണിയിലും പള്ളിയിലും ഞങ്ങളോടൊപ്പം എന്നും എപ്പോഴും കർമ്മനിരതൻ ആയിരുന്നു അദ്ദേഹം. ഒരുപക്ഷേ ഞങ്ങളെക്കാൾ ഊർജ്ജസ്വലതയോടെ കാര്യങ്ങൾ ചെയ്തു കൊണ്ട് ഞങ്ങൾക്ക്

മുൻപിൽ ഒരു കറയറ്റ സന്യാസിയായി മാതൃകാജീവിതം ജീവിച്ച ഒരു പുണ്യചരിതനായിരുന്നു ഞങ്ങൾക്ക് ഡൺസ്റ്റനച്ചൻ.

വാക്കുകൾക്കപ്പുറം ജീവിതംകൊണ്ട് മറ്റുള്ളവരെ അതിശയിപ്പിച്ച പുണ്യജീവിതം. ഡൺസ്റ്റനച്ചനോട് കൂടെയായിരുന്ന ഓരോ നിമിഷവും ഓരോ വ്യത്യസ്ത അനുഭവങ്ങളായിരുന്നു. ഓർമ്മകളിൽ ഞാൻ ഇന്നും കാത്തു സൂക്ഷിക്കുന്ന അനുഭവങ്ങൾ ഏറെയാണ്.

ഞാൻ Beadleഉം ജോബി തെക്കേത്തല അച്ചൻ Asst. Beadleഉം ആയിരുന്ന കാലം, Septic ടാങ്ക് നിറഞ്ഞു കവിഞ്ഞു. ഞങ്ങളെല്ലാവരും വൃത്തിയാക്കുന്ന നേരം ഡൺസ്റ്റനച്ചനും അവിടെ ഉണ്ടായിരുന്നു. പ്രായത്തെ തൃണവൽക്കരിച്ചുകൊണ്ട് ജീവിതമൂല്യങ്ങളെ ജീവിതചര്യയാക്കിയ ഒരു മാതൃക സന്യാസി.

2005 ഡേവിസ് തട്ടിലച്ചൻ നോവിസ് മാസ്റ്ററായിരുന്നു സമയം, ചാവറയച്ചന്റെ നാടകം കണ്ടു വിലയിരുത്തുവാൻ കൊഴിഞ്ഞപാറയിൽ ഒന്നാം വർഷ യോഗാർഥികളുടെ ചുമതലയായിരുന്ന എന്നെയും നോവിഷ്യേറ്റിലേക്കു വിളിച്ചിരുന്നു. അന്ന് ഡൺസ്റ്റനച്ചൻ അവിടുത്തെ ടീം മെമ്പർ ആയിരുന്നു. നാടകത്തിൽ ചാവറ അച്ചന്റെ അമ്മയുടെ വേഷം ചെയ്തിരുന്നത് തൃശ്ശൂർ പ്രോവിൻസിലെ ഒരു ശെമ്മാശ്ശൻ ആയിരുന്ന ജിജോ തട്ടിൽ ആയിരുന്നു. ചട്ടയും മുണ്ടും ഉടുത്തിരുന്ന ആ ശെമ്മാശ്ശനെ ഒറ്റനോട്ടത്തിൽ ആർക്കും അമ്മയെന്നെ തോന്നുകയുള്ളു. തന്റെ ഓർമ്മ നഷ്ടപ്പെട്ട അവസ്ഥയിലും ഈ സ്ത്രീ വേഷം കാണാനിടയായ ഡൺസ്റ്റനച്ചൻ വേഗം ചെന്ന് ഉടുത്തിരുന്ന വസ്ത്രത്തിൽ പിടിച്ച്, ആ ശെമ്മാശ്ശനെ സന്യാസഭവനത്തിന് പടിവാതിൽക്കൽ ഇറക്കിവിട്ടത് ഇന്നും ഓർമ്മിക്കുന്നു. കൊവേന്തയിൽ എങ്ങനെയാണ് ഒരു സ്ത്രീ സാന്നിധ്യം എന്ന് ചിന്തിക്കുവാൻ അന്നത്തെ അച്ചന്റെ മറവിക്ക്പോലും സാധിച്ചു എന്നതാണ് സത്യം. മറവിയുടെ മന്ദതയുള്ള ഈ ലോകത്തിലും മറവിയുടെ കൂട്ടുകാരനായ ഡൺസ്റ്റനച്ചനെ വ്യത്യസ്ഥനാക്കുന്നതും ഇത് തന്നെയാണ്. എന്നും എപ്പോഴും താനൊരു സന്യാസിയായിരുന്നുവെന്ന ബോധ്യം.

പ്രായാധിക്യത്താൽ ഓർമ്മകൾ മരവിച്ചപ്പോഴും ദൈവസ്മരണയിൽ ആയിരിക്കുവാനും, സന്യാസമൂല്യങ്ങളെയും, വ്രതബദ്ധജീവിതത്തെയും ഒത്തിരി സ്നേഹിച്ചുകൊണ്ട് തീക്ഷ്ണതയോടെ ജീവിക്കാൻ പരിശ്രമിച്ച അച്ചന്റെ ജീവിതം ഇന്നും അതിശയത്തോടെ നോക്കി നിൽക്കാനേ ആകുന്നുള്ളൂ.

വൈദികരെയും വൈദിക വിദ്യാർഥികളെയും ഒത്തിരി സ്നേഹിച്ചിരുന്ന ഡൺസ്റ്റനച്ചൻ നമുക്കെന്നും ഒരു മാതൃകയും പ്രചോദനവും ആയിരിക്കട്ടെ.

**ഫാ. ജോയ് അറയ്ക്കൽ സി.എം.ഐ.**

# ഡൺസ്റ്റനച്ചൻ എന്റെ ഓർമകളിൽ...



1958–1959ൽ വരന്തരപ്പിള്ളിയിൽ ഡൺസ്റ്റനച്ചൻ എന്റെ റെക്ടർ ആയിരുന്നു. അന്ന് അച്ചന്റെ തലയിൽ നന്നായി മുടിയുണ്ടായിരുന്നു. അന്ന് അച്ചന് വയസ്സ് 38.1978ലെ ദേവമാതാ പ്രവിശ്യാസംഘത്തിൽ അച്ചനും ഞാനും തുല്യവോട്ടുകളോടെ പൊതുസംഘത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. സീനിയോരിറ്റിയനുസരിച്ച് അച്ചനാണ് തെരഞ്ഞെടുക്കപ്പെട്ടത്. അരുൾമലർ ഇല്ലത്തിൽ ഞാൻ റെക്ടർ ആയിരുന്ന കാലത്ത്, 1993–96 ഡൺസ്റ്റനച്ചൻ ടീമിൽ ഉണ്ടായിരുന്നു(1993 - 94 ).

ദിവ്യോദയ ആശയങ്ങളോട് ഏറെ താല്പര്യമുള്ള ആളായിരുന്നു അച്ചൻ. 1982ൽ അച്ചൻ സറവരണംപെട്ടിയിൽ നോവിസ്മാസ്റ്റർ ആയിരിക്കുന്ന കാലത്ത് ഹൗസിൽ ഫോണില്ലായിരുന്നു. അടുത്തുള്ള മുത്തുസാമി ഗൗണ്ടറുടെ വീട്ടിൽ പോയാണ് ഫോൺ ചെയ്തിരുന്നത്. ഞാൻ ജോലി ഏറ്റെടുത്തപ്പോൾ അച്ചൻ പറഞ്ഞു: ‘അദ്ദേഹം നല്ല മനുഷ്യനാണ്’. ഞാൻ മുത്തുസാമിയെ പരിചയപ്പെട്ടിട്ട് പലകാര്യങ്ങളും ദിവ്യോദയ ശൈലിയിൽ ചെയ്തിരുന്നു.

അടുത്തുള്ള കൗമാരമഠം സന്ദർശിക്കുവാൻ ഞാൻ നോവിസസിനെ കൂട്ടി കൊണ്ടു പോയപ്പോൾ ഡൺസ്റ്റനച്ചനും ജോയ് ചാലിശ്ശേരി അച്ചനും കൂടെയുണ്ടായിരുന്നു. മഠാധിപൻ സുന്ദരസാമികളെ കണ്ടശേഷം തൊട്ടടുത്തുള്ള വേദപാഠശാലയിലെ കുട്ടികളെ പരിചയപ്പെട്ടു. പൂജാരികൾ ആകാൻ വേണ്ടിയുള്ള പരിശീലനമാണ് അവിടെ നടന്നിരുന്നത്. നോവിസസ് പൂജാരി കുട്ടികളുമായി വളരെ താല്പര്യത്തോടെ ഇടപഴകി. എല്ലാം കഴിഞ്ഞ് തിരിച്ചെത്തി അത്താഴം കഴിഞ്ഞുള്ള ബ്രീഫിങ് സമയത്ത് ഞാൻ ചോദിച്ചു, ‘ഇന്ന് നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു അനുഭവം ഏതാണ്?’ ബ്രദേഴ്സ് പറഞ്ഞു: ‘പൂജാരി കുട്ടികളുമായുള്ള പരിചയപ്പെടൽ എന്ന്’. അപ്പോൾ ഞാൻ തമാശയായി പറഞ്ഞു: ‘എന്നാൽ അടുത്ത ഔട്ട്ഡോർ നോവിഷ്യേറ്റ് അവിടെ ആക്കിയാലോ?’ അതിനു മറുപടിയായി ഡൺസ്റ്റനച്ചൻ പറഞ്ഞു: ‘ആ നല്ല കുട്ടികളെ മോശമാക്കേ’. ഇത് കേട്ട് എല്ലാവരും ചിരിച്ചു.

2006 ഒക്ടോബർ 10ന് ജർമ്മനിയിലേക്ക് പോകുന്നതിനു മുൻപ് ഞാൻ അച്ചനെ കാണാൻ കൗണ്ടംപാളയത്തേക്കു ചെന്നപ്പോൾ അച്ചന് ഓർമ്മ തീരെ നഷ്ടപ്പെട്ടിരുന്നു. ബ്രദേഴ്സ് അച്ചന്റെ കൈപിടിച്ച് എന്റെ ശിരസ്സിൽവെച്ചു. അങ്ങനെ അച്ചന്റെ അനുഗ്രഹത്തോടെ ഞാൻ ജർമ്മനിയിലേക്ക് പോയി. ഒക്ടോബർ 20ന് അച്ചൻ മരിച്ചപ്പോൾ മൃതസംസ്കാര കർമ്മങ്ങളിൽ എനിക്ക് പങ്കെടുക്കാൻ സാധിച്ചില്ല. എന്നാലും പോളിയച്ചൻ വിളിച്ച് വിവരം പറഞ്ഞു. പോളിയച്ചന്റെ പുസ്തകം വായിച്ചപ്പോൾ ഡൺസ്റ്റനച്ചനെ ഞാൻ വേണ്ടവിധം മനസ്സിലാക്കിയില്ലല്ലോ എന്ന വേദനയാണ് എനിക്ക് ഉണ്ടായത്.

**ഫാ. ജോൺ പീറ്റർ മുരിങ്ങാത്തേരി സി.എം.ഐ.**

## ലാളിത്യത്തിന്റെ രാജകുമാരൻ: ഡൺസ്റ്റനച്ചൻ



ഒന്നാം അഷ്ടഭാഗ്യമായ 'ആത്മനാ ദരിദ്രർ ഭാഗ്യവാന്മാർ! എന്തെന്നാൽ അവർ സംതൃപ്തരാക്കപ്പെടും' എന്നത് ഗൗരവത്തിലെടുത്ത്, ദാരിദ്ര്യത്തെ വരിച്ചതിൽ പരിപൂർണ്ണ ആത്മസംതൃപ്തി പൂണ്ട് 'ലോകാ സമസ്ഥാ സുഖിനോ ഭവന്തു' ജീവിത ലക്ഷ്യമാക്കിയെടുത്ത് ലാളിത്യവും മിതത്വവും ഉടയാടക്കി, സന്യാസം വരിച്ച പുണ്യാത്മാവ്. സർവ്വസമ്പന്നനായിരിക്കെ, തല ചായ്ക്കാനിടമില്ലാത്ത ദരിദ്രനായി മനുഷ്യമക്കളെ സമ്പന്നരാക്കിയവന്റെ ഒരു യഥാർത്ഥ ശിഷ്യൻ!

ഓർമ്മവച്ച പ്രായത്തിൽ പള്ളിക്കുന്ന് ഇടവക പള്ളിയിൽ മിതഭാഷിയായ, ആത്മീയതയുടെ പ്രതീകമായ ഒരു നിഷ്പാദുകൻ തൊട്ടടുത്ത കൊവേന്തയിൽ നിന്ന് വന്നിരുന്നു, ബലിയർപ്പിക്കാൻ. തലയിൽ മുടിയില്ലാത്ത, കാപ്പിപ്പൊടിയുടുപ്പുകാരനച്ചനെ ഇഷ്ടപ്പെടാൻ ആകാര ഭംഗിയോ പാണ്ഡിത്യമോ ഒന്നുമായിരുന്നില്ല കാരണം. കുട്ടികൾക്കൊക്കെ അദ്ദേഹത്തിൽ ഒരു കൗതുകം തോന്നിയിരുന്നു: ആ ഭാവത്തിലും രൂപത്തിലും നിഷ്കളങ്കമായ ചിരിയിലും! അന്നൊന്നും സ്വപ്നേപി നിനച്ചിരുന്നതല്ല ഒരുമിച്ചുള്ള സഹവാസം. ദൈവിക പദ്ധതികളുടെ നിഗൂഢതകളറിഞ്ഞവർ ആരുണ്ടുലകിൽ? വർഷങ്ങൾക്കിപ്പുറം സന്യാസ പിള്ളത്തൊട്ടിലാം നവസന്യാസ ഭവനത്തിൽ ഒന്നിച്ചിരുന്ന് പ്രാർത്ഥിച്ചും ഭക്ഷിച്ചും ഉല്ലസിച്ചും ജോലി ചെയ്തും ജീവിക്കാനായപ്പോൾ കൗതുകങ്ങൾ ബഹുമാനത്തിന് വഴിമാറി കൊടുത്തു.

എല്ലാം മറന്ന്, ആത്മീയാനുഭൂതിയിൽ തന്റെ ആത്മനാഥനോടൊപ്പം മണിക്കൂറുകൾ ദേവാലയത്തിലായിരിക്കുന്നത് നിത്യാനുഭവമായിരുന്നു. നവസന്യാസ ഭവനത്തിന്റെ ശ്രേഷ്ഠസ്ഥാനം മാറി ഒരംഗമായി കഴിയവെ ഇന്നലെ വരെ തന്റെ കീഴിലുണ്ടായിരുന്ന, ഒരു കാലത്ത് ശിഷ്യനായിരുന്ന പുതുശ്രേഷ്ഠനോട് പ്രകടിപ്പിച്ചിരുന്ന വിധേയത്വവും അനുസരണവും ഞങ്ങളിൽ പലർക്കും ഗുണപാഠവും എന്നും അത്ഭുതകരവുമായിരുന്നു; അതെസമയം, കളിയാക്കിയവരും വിമർശിച്ചവും നിരവധിയായിരുന്നു. അധികാരസ്ഥാനങ്ങൾ ഒരിക്കലും അദ്ദേഹത്തെ തെല്ലും മോഹിപ്പിച്ചില്ല;

അധികാരികളുടെ കീഴിൽ വിനയാന്വിതനായിരിക്കുന്നതിൽ ലജ്ജിച്ചില്ല;
നാളയെക്കുറിച്ച് ആകുലപ്പെട്ടില്ല, ആരോഗ്യത്തെപ്രതി വ്യസനിച്ചതുമില്ല;
മറിച്ച്, ദൈവപ്രീതിക്കായിരുന്നു എന്നും ആഗ്രഹിച്ചതും അദ്ധ്വാനിച്ചതും.
ഒന്നുമില്ലാത്തവനിലായിരുന്നു പരിപൂർണ്ണ ആശ്രയവും പ്രതീക്ഷകളത്രയും!
അധികാരികളിൽ കിരുന്നതും ഭൂമിയോളം താഴ്ന്ന് ബഹുമാനിച്ചതും
അവർ പ്രതിനിധാനം ചെയ്യുന്ന തമ്പുരാനെ മാത്രമായിരുന്നു, മരണത്തോളം!
നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷിക്കണമെന്ന ആദിയിലെ ദൈവകല്പന
അലംഘനീയമായ നിയമമായി, മന്ത്രമായി നിറവേറ്റുവാൻ കാംക്ഷിക്കയാൽ
അദ്ധ്വാനമെന്നും ഉന്മാദം കൊള്ളിച്ചിരുന്നു, പ്രായം പ്രയാസങ്ങളുണ്ടാക്കിയപ്പോഴും!

കുഞ്ഞങ്ങളുടെ നിഷ്കളങ്കതയും സന്യാസിയുടെ അനുസരണവും, പിന്നെ
തിരുവസ്ത്രത്തിന്റെ പവിത്രതയും വിലയുള്ളതായി കണ്ടു, ജീവിതചര്യയാക്കി.
ലളിത ജീവിതത്തിനായി തിരക്കുകളിൽ നിന്നൊഴിഞ്ഞ് കുടിൽ കുത്തി കഴിയാൻ
അധികാരികളുടെ അനുവാദത്തിനായി കുറച്ചൊന്നുമല്ല ആഗ്രഹിച്ചിരുന്നത്!
'ഔട്ട് ഡോർ നോവിഷ്യേറ്റി'നായി പോകുമ്പോഴൊക്കെ അദ്ദേഹവും വന്നിരുന്നു
ഉടുപ്പില്ലാത്തവനായി, നിത്യോപയോഗ വസ്തുക്കളില്ലാതെ, ദരിദ്രനായി
ഇല്ലായ്മയിൽ പറഞ്ഞറിയിക്കാനാകാത്ത, സ്ഥായിയായ അനുഭൂതിയോടെ!
ഉപദേശങ്ങളേക്കാൾ മാതൃക പകർന്നു തന്നു, പ്രാർത്ഥനയിലും പ്രവൃത്തികളിലും.
പരാതികളും പരിഭവങ്ങളുമില്ല. എങ്കിലും ബോധ്യങ്ങളിൽ നിന്ന് വ്യതിചലിച്ചില്ല;
സത്യങ്ങൾ പറയാൻ മടിച്ചില്ല, ആരേയും ഭയപ്പെട്ടതുമില്ല; നിലപാടുകളുടെ മനുഷ്യൻ!
വയോധിക ജീവിതനാളുകളിലും മുട്ടിന്മേൽ നിന്ന് പ്രാർത്ഥനയിൽ ലയിച്ചിരുന്നു,
രാത്രികളിൽ പോലും, ശാന്തനായി! പിതാവിനോട് സംഭാഷിച്ച ഈശോ കണക്ക്.
പാവപ്പെട്ടവരോട് കരുണയുള്ളവനായിരുന്നു! അതുകൊണ്ടാകാം ധൂർത്തിനോട്
എന്നും കലഹിച്ചിരുന്നു, ഉപയോഗശൂന്യമാക്കുന്ന എന്തിനെയുംപ്രതി ദു:ഖിച്ചുമിരുന്നു.

വിശുദ്ധിയിലേക്കുള്ള പാത ഇടുങ്ങിയതാണെന്നും ദുർഘടമാണെന്നും തിരിച്ചറിഞ്ഞ്
കുഞ്ഞുനാൾതൊട്ട് ശ്രമിച്ചിരുന്നു, സുവിശേഷത്തിലെ ഈശോയെ പോലെയാകാൻ.
മറ്റുള്ളവരുടെ മുമ്പിൽ അവഹേളിക്കപ്പെടുന്നതിലും ഇഷ്ടങ്ങൾ ത്യജിക്കുന്നതിലും
തെല്ലും ലജ്ജിക്കപ്പെട്ടില്ല; സമയം പാഴാക്കി കളഞ്ഞതുമില്ല, ക്ഷീണിതനായെങ്കിലും!
പിൻതലമുറക്കാർക്ക് മാതൃകയായി, മാദ്ധ്യസ്ഥ്യം തേടാൻ അത്താണിയായി
അദ്ദേഹം ജീവിക്കുന്നു നമ്മുടെ മനസ്സുകളിൽ, നിറസാന്നിദ്ധ്യമായി, ദീപ്തമോടെ
ലാളിത്യത്തിന്റെ രാജകുമാരൻ, യഥാർത്ഥ സന്യാസി, നമ്മുടെ ഡൺസ്റ്റനച്ചൻ...

**ഫാ. ബാബു തട്ടിൽ സി.എം.ഐ.**



# കുഞ്ഞേത്തിയുടെ ആത്മഗതം

*ചെറുപ്പത്തിൽ കുഞ്ഞേത്തിയും ഇട്ടൂപ്പുണ്ണിയും ബലിയർപ്പിക്കുവാൻ പള്ളിയിൽ പോകുന്നതിനെ ആധാരമാക്കിയുള്ള ഒരു ധ്യാനചിന്ത*

നേരം പുലരുന്നത് കാത്തു ഞാനിരുന്നു... എൻ പ്രാണനാഥനെ പുണരുവാൻ... ഉണ്ണിയെ തട്ടി, ഉണർത്തുവാൻ. തിരിഞ്ഞു നോക്കാതെ അതിവേഗം ഞാനൊരുങ്ങി, ഇറങ്ങി. കൂരിരുളാണ് ഇരുവശത്തും... ഭയമെനിക്കില്ല... എന്റെ കണ്ണിൽ എൻ പ്രാണനാഥൻ മാത്രം... ഏന്തി വലിക്കുന്ന കാലുകളെന്നെ തളർത്തുന്നില്ല...

വേദന ആഴ്ന്നിറങ്ങുമ്പോൾ ഏന്തി ഏന്തി ഞാൻ എന്റെ പ്രാണന്റെ അടുത്തേയ്ക്ക്... സഹനങ്ങളേറുമ്പോൾ കുരിശിന്റെ വഴി ഞാൻ ഓർത്തു... എന്റെ കാലിന് ഈണം കൂടുവാൻ... അതു മാത്രം മതിയായിരുന്നു...

'ഇരുളിന് ഇനിയധികം സമയമില്ല'.

ആനന്ദമേകുവാൻ എന്റെ ഉണ്ണി, ഇട്ടൂപ്പുണ്ണി അടുത്തെത്തി... ഇളം കാലുകൾ വേഗത്തിൽ സഞ്ചരിക്കുന്നു... അവന്റെ നോട്ടത്തിൽ കണ്ടു ഞാൻ ആ ചോദ്യം... ഉത്തരമായി ഞാൻ പറഞ്ഞു... 'നീ നടന്നോ ഉണ്ണീ...'

'നാഥാ ആ ഇളം കാലുകൾ തളരാതെ കാക്കണേ...

നിന്നിൽ എത്തുവാൻ...

നിന്നിൽ അലിയുവാൻ...

നീയായ് മാറുവാൻ...

പുഞ്ചിരി തൂകുവാൻ... പൂമരമാകുവാൻ...

നീ അവനെ അനുഗ്രഹിക്കൂ...'

വെളിച്ചം പരന്നു... ഞങ്ങൾ പ്രാണന്റെ അടുത്തെത്തി...,

**ഫാ. റിജോ ചിറയത്ത് സി.എം.ഐ.**

# Strong Footprints of Fr. Dunston



I recall and cherish my memories of Fr. Dunston which still give me strength and motivation to lead a meaningful religious life. The two years of my novitiate in the holy presence of this pious and saintly religious taught me how to do the least things with great love, commitment and devotion than yearning for doing greater things. During the last years of his life, his memory was at its low ebb; nevertheless, he never forgot what he valued much in his life, a life strongly founded on prayer. He was so particular that in his thought, word or deed he would neither hurt nor wound anyone but through his ever shining flames of love gain everyone for Christ. He could remember the name of Jesus always even when he could not recall the names of the members of his community, which clearly shows how he was closely associated with Jesus. He used to advise those who discontinued from the religious life to call the name of Jesus in all adversities of life without losing heart. This simple but powerful word has impacted my life and I still continue to use this for my meditation.

He faithfully followed the religious vows and ensured that at every moment he adhered by the laws of the vows intact. Though he often failed to recollect the names of the superiors, he knew very well the designation given to each and obeyed their instructions without raising an eyebrow even if they were hard to follow. To the authority he always expressed great reverence and respect that I could observe in his life. For the sake of fun, when the Novice Master stopped him from doing or eating something, he immediately obeyed like an innocent child and waited patiently to get his permission. The material possession he had was the least that any religious would have which consisted of an iron trunk box, three sets of habit and a crucifix. He practised absolute poverty in both spirit and matter without any compromise. He was totally chaste in his words and actions and considered it as an offence when someone casually made any comment with a sensual tinge in it.

He had no difficulty in asking forgiveness from the novices as well. When he objected to take medicine, the brothers used to insist; later, for this, he would ask pardon. There was an occasion when he stood before the door of the Novice Master to ask sorry for a trivial mistake he had committed. He was active in the community by being with the members in the playground, recreation hall and garden. His presence was always a boost for the novices.

The novices took turns to sleep in his room as his health was deteriorating but he would get out of the room stealthily and found his way to the chapel to be with God. Everyone enjoyed his presence and all relished the time they spent with him. I have seen him standing beneath the crucifix and pouring out his heart with patches of tears on his cheek recalling the sufferings and pains Jesus had to undergo during the time of crucifixion. He even was afraid of touching the crucifix remembering the excruciating pains and sufferings of Jesus and would say even our touch would escalate his pain. For fun sake, once I touched the wound of Christ forcefully and in no time he reacted with a hard slap.

Fr. Dunston was a man of spiritual wealth that he garnered by his intense prayer life and mediation. I recall the time I failed to take him back to his room from the chapel during the night hours as I slumbered myself due to exhaustion. Now I realize my fault of wasting the precious moments I got when I could grow more in my prayer life along with him. When the food was placed before him, he used to take the worst and give the best to others. Every minute that I spent with him gave me joyful memories especially the fun we used to have with him. These were the opportunities that taught me the true religious spirit and spirituality. I dream of a time leaving everything and living a life remembering Jesus and Jesus alone like Fr. Dunston.

Fr. Jose Martin Kaithavalappil CMI



# നന്മനിറഞ്ഞവൻ ഡൺസ്റ്റനച്ചൻ



ആർഷഭാരത സംസ്കാരത്തിന്റെ അടിത്തറ സർവസംഘപരിത്യാഗിയായ സന്യാസ വര്യന്മാരായിരുന്നു. ഭാരതത്തിന്റെ ആദ്ധ്യാത്മികതയ്ക്കു സന്യാസിയുടെ പങ്കു ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാരത സംസ്കാരത്തിൽ ഒരു വ്യക്തി തന്റെ സന്യാസജീവിതം തിരഞ്ഞെടുക്കേണ്ടത് ഉപനയനത്തിലൂടെയാണ്. ഏകദേശം 10 വയസു പ്രായമുള്ളപ്പോൾ ഈ തെരഞ്ഞെടുപ്പ് നടത്തുന്നു. ഇതുവഴി തന്നെ വളർത്തിയ മാതാപിതാക്കളേയും ബന്ധുമിത്രാദികളേയും വീടിനെയും തനിക്കു സ്വന്തമായ എല്ലാം ഉപേക്ഷിച്ച് ഈശ്വരനിൽ ദൃഷ്ടിയുറപ്പിച്ച് ഗുരുവിനെ അനുഗമിക്കുന്നവനാണ് സന്യാസി. ചുരുക്കത്തിൽ തിരിച്ചു വീട്ടിലേക്കു വരാൻ പാടില്ല; ഒരിക്കൽ ഉപേക്ഷിച്ചാൽ ജീവിതകാലം മുഴുവൻ ഉപേക്ഷിക്കണം. വീട്ടുകാരും പടിയടച്ചു പിണ്ഡം വെക്കുന്ന കർമ്മമുണ്ട്: ഒരിക്കലുംതിരിച്ചുവരാതിരിക്കുന്നതിനെ സൂചിപ്പിക്കാനാണിത്.

ഡൺസ്റ്റനച്ചൻ തന്റെ വീട്ടിൽ നിന്ന് ദൈവവിളി സ്വികരിച്ച് യാത്ര തിരിച്ചപ്പോൾ ഈ സത്യം ഉൾകൊവനായിരുന്നു: ‘എന്റെ വീടിനെ സംബധിച്ചിടത്തോളം ഞാൻ അന്ന് മനസാ മരിച്ചു കഴിഞ്ഞിരുന്നു’ എന്ന് അദ്ദേഹം പ്രതിപാദിക്കുന്നത് നമുക്കു കാണുവാനാകും.

തന്റെ ഭവനത്തിൽ നിന്നുതന്നെ ദൈവീകഭക്തിയും, അനുസരണവും അഭ്യസിച്ചു. കുടുബത്തിൽ ആദ്ധ്യാത്മിക അന്തരീക്ഷം നിറഞ്ഞു നിന്നിരുന്നു എന്നത് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ നിന്നും കാണാവുന്നതാണ്. ആദ്ധ്യാത്മികത എന്ന തീയിൽ കുരുത്ത ഡൺസ്റ്റനച്ചൻ വെയിലേറ്റ് വാടിയില്ല. പ്രശ്നങ്ങളും, സഹനങ്ങളും, അസുഖങ്ങളും ഒന്നിന് പുറകെ ഒന്നായി വന്നപ്പോഴും യേശുവിൽ ദൃഷ്ടി ഉറപ്പിച്ച് ഡൺസ്റ്റനച്ചൻ മുന്നേറി തന്റെ ചുറ്റുമുള്ളവർക്ക് നന്മയുടെ പ്രകാശം പരത്തി. അധികാരത്തിനോ, സ്ഥാനമാനങ്ങൾക്കോ അദ്ദേഹം ആഗ്രഹിച്ചില്ല.

ഭാവി തലമുറയെ വാർത്തെടുക്കുന്നതിൽ ദത്തശ്രദ്ധനായിരുന്നു. നല്ല സന്യാസികളെ വാർത്തെടുക്കണമെന്ന നിർബന്ധം ഉണ്ടായിരുന്നതുകൊണ്ട് ഓരോ വ്യക്തിയേയും വ്യക്തിപരമായി മനസിലാക്കുകയും സ്നേഹിക്കുകയും തിരുത്തലുകൾ കൊടുക്കുകയും ചെയ്യുമായിരുന്നു. എന്റെ +2 പഠനകാലത്തും, നൊവിഷ്യേറ്റിലും ഡൺസ്റ്റനച്ചൻ ആയിരുന്നു ഞങ്ങളുടെ ആദ്ധ്യാത്മിക പിതാവ്. അദ്ദേഹത്തിന്റെ അരികിലേക്ക് ചെന്ന് മനസ്സ്തുറന്നു പറയാനും, ആദ്ദേഹം തരുന്ന നിർദ്ദേശങ്ങൾ എഴുതിയെടുക്കുവാനും, പാലിക്കാനും, വീഴ്ചകൾ

പറ്റുമ്പോൾ അത് ഏറ്റുപറയുവാനും ഞാൻ ശ്രദ്ധിച്ചിരുന്നു. +2 പഠനം കഴിഞ്ഞ് നൊവിഷ്യേറ്റിലേക്കുള്ള തയ്യാറെടുപ്പിന്റെ കാലത്തു ഒരിക്കൽ ഡൺസ്റ്റനച്ചൻ എന്നോട് ചോദിച്ചു: "നൊവിഷ്യേറ്റിലേക്ക് പോകാനുള്ള പുണ്യം ഉണ്ടോ?" ഈ ചോദ്യം എന്നെ വല്ലാതെ ചിന്തിപ്പിച്ചു. +2 ജയിച്ചാൽ മാത്രം പോരാ, പുണ്ണ്യവും വേണമെന്നത് എനിക്ക് ഡൺസ്റ്റനച്ചനിൽ നിന്ന് ലഭിച്ച പുതിയ അറിവായിരുന്നു.

ദിവ്യകാരുണ്യ ഭക്തനായിരുന്നു ഡൺസ്റ്റനച്ചൻ. ഏറെ നേരം ദിവ്യകാരുണ്യ നാഥനോട് സല്ലപിക്കുകയും ശാന്തമായി സ്നേഹനാഥന്റെ വചസുകൾ കേൾക്കുകയും ചെയ്തത് വഴി വിശുദ്ധ ജീവിതം നയിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

കുമ്പസാരക്കൂട്ടിൽ കരുണയുള്ള അപ്പച്ചനായി; ഇരുപ്പിലും, നടപ്പിലും, സംസാരത്തിലും,സാന്നിധ്യം കൊണ്ടും ദൈവീകചൈതന്യം നിറഞ്ഞവനായി കാണപ്പെട്ടു. വി. ചാവറയച്ചനെ കവർ 'ദൈവിക മനുഷ്യൻ' എന്ന് പറഞ്ഞതുപോലെ ഡൺസ്റ്റനച്ചനെ കവർ 'വിശുദ്ധനായ അച്ചൻ' എന്ന് പറഞ്ഞ് അച്ചനിലെ വിശുദ്ധി തിരിച്ചറിഞ്ഞു.

ഡൺസ്റ്റനച്ചന്റെ നാട്ടുകാരനായ എനിക്ക് ആദ്ദേഹത്തോടുള്ള സ്നേഹം നിസ്സീമമാണ്. കുർബാനക്ക് കൂടുന്ന കാലങ്ങളിൽ ഡൺസ്റ്റനച്ചൻ വലിയ പെരുന്നാളിന് ഇടവകപ്പള്ളിയിൽ കുർബാന ചൊല്ലുവാനായി വരുമ്പോൾ അച്ചനിലെ ശാന്തതയും, ഭക്തിയും എന്നെ ആകർഷിച്ചിട്ടുണ്ട്. അച്ചന്റെ കൂടെ കുർബാനക്ക് കൂടുവാൻ അൾത്താരശുശ്രുഷികളായ ഞങ്ങൾക്ക് ഏവർക്കും ഏറെ താല്പര്യമായിരുന്നു. എന്റെ ദൈവവിളി തിരിച്ചറിയുവാനും, സി.എം.ഐ. സഭയിലേക്കു കൂട്ടികൊണ്ടുവരുവാനും ഡൺസ്റ്റനച്ചൻ പ്രചോദനമേകി. എന്റെ ഭവനത്തിലേക്ക് വരികയും എന്റെ അമ്മയോടും സഹോദരങ്ങളോടും സംസാരിക്കാനും അച്ചൻ സമയം കണ്ടെത്തിയതും ഞാൻ നന്ദിയോടെ ഓർക്കുന്നു.

ഡൺസ്റ്റനച്ചൻ ഇന്നിന്റെ സമൂഹത്തിന് ഒത്തിരി വെല്ലുവിളികൾ ഉയർത്തുന്നുണ്ട്: വ്രത ബദ്ധ ജീവിതം, അധികാരികളെ അനുസരിച്ചു ജീവിക്കുക, ദൈവഹിതം ആരായുക, ദിവ്യകാരുണ്യനാഥനെ കേന്ദ്രമാക്കി ജീവിക്കുക, കഠിനാധ്വാനം, സഭാസ്നേഹം, ദൈവസാന്നിധ്യസ്മരണ കാത്തുസൂക്ഷിക്കുക. എന്നും ഏവർക്കും മാതൃകയായി ജീവിച്ച ഡൺസ്റ്റനച്ചൻ തന്റെ സ്വദേശമായ പാവറട്ടിക്കും, സി.എം.ഐ. സഭയ്ക്കും, ഭാരത സഭയ്ക്കും, ആഗോള സഭയ്ക്കും എന്നും അഭിമാനമാണ്. അദ്ദേഹം കാട്ടിയ എളിമയുടെ വഴി നമുക്കും പിഞ്ചെല്ലാം.

**ഫാ. ആന്റണി വാഴപ്പിള്ളി സി.എം.ഐ.**

# 'ഞാൻ രക്തം കണ്ടാൽ തല കറങ്ങി വീഴുന്നവനാണ്'



1958ൽ ഞാൻ വരന്തരപ്പിള്ളി സെന്റ് പയസ് X ആസ്പിരൻസ് ഹൗസിൽ ചേർന്നു: ജോഷാച്ചൻ പ്രിയോർ, ഡൺസ്റ്റനച്ചൻ റെക്ടർ. അന്ന് യോഗാർത്ഥികൾ രണ്ടുവർഷം വരന്തരപ്പിള്ളിയിൽ പഠിക്കണം. ലത്തീനും സുറിയാനിയും ഇംഗ്ലീഷും പ്രധാന വിഷയങ്ങൾ.

എന്റെ ആദ്യ വർഷത്തിൽ വരന്തരപ്പിള്ളിയിൽ ഒരു വലിയ അത്യാഹിതം നടന്നു. കേരളത്തിൽ ആദ്യമായി കമ്മ്യുണിസ്റ്റ് ഗവൺമെന്റ് ഭരണത്തിൽ വന്ന കാലം. പാലപ്പിള്ളിയിൽ നിന്ന് ഒരു കമ്മ്യണിസ്റ്റ് ജാഥ വരന്തരപ്പിള്ളിയിൽ വന്നു. വരന്തരപ്പിള്ളി അങ്ങാടിയിൽ വച്ച് ജാഥക്കാരും അങ്ങാടിക്കാരും തർക്കം മൂത്ത് കല്ലേറും കത്തിക്കുത്തും നടന്നു. അങ്ങാടിക്കാർ കല്ലും ജാഥക്കാർ കത്തി പ്രയോഗവും നടത്തി.

കത്തിക്കുത്തിൽ അതിദാരുണമായി പരുക്കേറ്റ നാലഞ്ചു പേർ കൊവേന്തപ്പടിക്കുള്ളിൽ കിടന്നു പിടയുന്നു. പ്രിയോരച്ചനും റെക്ടറച്ചനും ഞങ്ങളെ രണ്ടു മൂന്ന് ബ്രദേഴ്സിനെ വിളിച്ച് മരണാസന്നരായവർക്ക് ഒപ്രൂശുമ കൊടുക്കാൻ പോയി. മുറിവുകളിൽ നിന്ന് രക്തം ചീറ്റി ഒഴുകുന്നത് കണ്ടപ്പോൾ ഡൺസ്റ്റനച്ചൻ തല കറങ്ങി വീണു.

രണ്ടുപേർ അച്ചനെ കൊവേന്തയിലേക്ക് താങ്ങി കൊണ്ടുപോന്നു. പ്രിയോരച്ചനും ഞാനും നാലുപേർക്ക് പെട്ടെന്ന് ഒപ്രൂശുമ കൊടുത്തു. ഒരാൾ ഹിന്ദുവായിരുന്നു. പോലീസ് വാഹനം വരുന്നുണ്ടെന്ന് കേട്ടപ്പോൾ ഞങ്ങൾ വേഗം കൊവേന്തയിലേക്ക് പോന്നു. തൽക്ഷണം പോലീസ് വണ്ടിവന്ന് മുറിവേറ്റ് അവശരായി കിടന്നവരെയെല്ലാം വണ്ടിയിൽ കയറ്റി കൊണ്ടുപോയി. അതിൽ അഞ്ച് അങ്ങാടിക്കാരും കത്തി പ്രയോഗം നടത്തിയ ജാഥക്കാരനും ഉൾപ്പെട്ടിരുന്നു.

കൊണ്ടുപോയ ആറിൽ നാലുപേരും മരിച്ചു. കൊവേന്തപ്പടിക്കുള്ളിൽ കിടന്നവരിൽ ഒരാൾ മരിച്ചില്ല. കുറച്ചു ദിവസങ്ങൾക്കു ശേഷം ആസ്പത്രിയിൽ നിന്നുപോന്നു. പയ്യപ്പിള്ളി അച്ചന്റെ അപ്പൻ മരിച്ചില്ല. റോട്ടിൽ കിടന്നിരുന്ന ജാഥക്കാരൻ മരിച്ചുവെന്ന് കരുതി ഇടിയും തൊഴിയും നിറുത്തിയതായിരുന്നത്രെ; അയാൾ മരിച്ചില്ല.

ഡൺസ്റ്റനച്ചൻ പറഞ്ഞു: 'ഞാൻ രക്തം കണ്ടാൽ തല കറങ്ങി വീഴുന്നവനാണ്'. പിന്നീട് പോലീസ് വന്ന് നമ്മുടെ പലരേയും ചോദ്യം ചെയ്ത് ഭീഷണിപ്പെടുത്തി. റെക്ടറച്ചന് ഒപ്രൂശുമ കൊടുക്കേണ്ടി വരുമോയെന്ന് പ്രയോരച്ചൻ പറഞ്ഞു. റെക്ടറച്ചനെ കൊവേന്തയിലേക്ക് കൊണ്ടുപോന്നില്ലായിരുന്നുവെങ്കിൽ അച്ചനെയും പോലീസ്‌വിയിൽ കേറ്റി കൊണ്ടു പോകുമായിരുന്നു.

**ഫാ. ജെ. വിതയത്തിൽ സി.എം.ഐ.**



# എളിമതന്നെയായ ഡൺസ്റ്റനച്ചൻ

ഡൺസ്റ്റനച്ചനോടൊപ്പം താമസിക്കാനുള്ള ഭാഗ്യം ലഭിക്കുന്നത് 1981-ൽ അമ്പഴക്കാട് നവസന്ന്യാസം ആരംഭിച്ചതു മുതലാണ്. അന്ന് അദ്ദേഹത്തിന്റെ ഷഷ്ഠിപൂർത്തി കഴിഞ്ഞിരുന്നു. യൂസ്റ്റസ് തോട്ടാനച്ചൻ നവസന്യാസഗുരുവും ഡൺസ്റ്റനച്ചനും അവുരേവൂസച്ചനും പരിശീലനസംഘത്തിലെ അംഗങ്ങളും ആയിരുന്നു.

എളിമ മാത്രമായിരുന്ന ഡൺസ്റ്റനച്ചനെ പരിചയപ്പെടുന്നതിനും അച്ചനുമായി കൂടുതൽ അടുക്കുന്നതിനും വലിയ ബുദ്ധിമുട്ടുകളൊന്നും ഉണ്ടായില്ല. നവസന്ന്യാസികൾ തന്നെക്കാൾ ഉന്നതരാണ് എന്ന രീതിയിലാണ് അച്ചൻ ഞങ്ങളോട് ഇടപഴകിയിരുന്നത്. പ്രാർത്ഥന ഞങ്ങളോടൊപ്പം അദ്ദേഹം പ്രാർത്ഥിക്കുന്നവനായിരുന്നു. ക്ലാസുകളിൽ പഠനവിഷയങ്ങൾ ലളിത വും ഉന്നതവുമായ വിചിന്തനങ്ങളോടെ ഞങ്ങൾക്ക് പറഞ്ഞുതന്നിരുന്ന ആശാനാണ്. അനുദിനം രാവിലെ തോട്ടപ്പണിയുടെ നേരത്ത് ഞങ്ങളോടൊപ്പം പണിയായുധങ്ങളുമേന്തി ജോലിയിലേർപ്പെടുന്ന, മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കുന്ന കർഷകനായിരുന്നു.

കുരുമുളക്, വാഴ, കപ്പ തുടങ്ങിയ പച്ചക്കറികൾ കൃഷിയിറക്കുമ്പോൾ സൂക്ഷിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഞങ്ങൾക്ക് അറിവു പകരാൻമാത്രം കൃഷി കാര്യങ്ങളിൽ അദ്ദേഹം അനുഭവസ്ഥനായിരുന്നു. പറമ്പിലെ ചെടികളെക്കുറിച്ചും മരങ്ങളെക്കുറിച്ചുമുള്ള ശരിയായ വിവരങ്ങ ൾ അദ്ദേഹത്തിനു ഹൃദിസ്ഥമായിരുന്നു. ഈസ്റ്ററിനുവേണ്ടി എങ്ങനെ ലില്ലിപൂക്കൾ വിരിയിക്കാമെന്ന കൗതുകകരമായ അറിവ് ഇപ്പോഴും ഓർമ്മയിലുണ്ട്.

1982-ൽ ഉയിർപ്പ് തിരുനാളിൽ പള്ളിയിലെ തിരുകർമ്മങ്ങൾക്കുശേഷം പുലർച്ചയിൽതന്നെ ഏതാനും നവസന്ന്യാസികളെ ഡൺസ്റ്റനച്ചൻ രഹസ്യമായി വിളിച്ചുകൂട്ടി. വിളിക്കപ്പെട്ടവരിൽ ഞാനും ഉൾപ്പെട്ടിരുന്നു. "നമുക്ക് പുറത്തേക്കു പോകാം" എന്നു പറഞ്ഞുകൊണ്ട് ഞങ്ങളെ പറമ്പിലേക്കു അദ്ദേഹം കൊണ്ടുപോയി. അച്ചൻതന്നെ ഒരുക്കിവച്ചിരുന്ന ബക്കറ്റ്, കത്തി, ചുറ്റിക പോലുള്ള സാധനങ്ങൾ എന്നോട് എടുക്കാൻ പറഞ്ഞു.

"വാ, നമുക്ക് കശുമാവിൻ തോട്ടത്തിലേക്ക് പോകാം." ഡൺസ്റ്റനച്ചൻ പറഞ്ഞതനുസരിച്ച് നവസന്ന്യാസികളുടെ കളിസ്ഥലത്തിനു ചുറ്റുമുള്ള കശുമാവിൻ തോപ്പിലേക്ക് ഞങ്ങൾ പോയി. അവിടെ എത്തിയതും വളരെ ഉത്സാഹപൂർവ്വം അദ്ദേഹം ഒരു കശുമാവിൽ കയറി. "നമുക്ക്

കശുമാങ്ങ പറിക്കാം. കശുവണ്ടി ചുട്ടുതിന്നാം.” കശുമാവിൻ കൊമ്പിലിരുന്നുകൊണ്ട് അച്ചൻ മൊഴിഞ്ഞു.

അപ്പോഴാണ് കാര്യം മനസ്സിലായത്. എല്ലാവർക്കും ഉത്സാഹമായി. ഡൺസ്റ്റനച്ചനെ അനുഗമിച്ച് ആവേശത്തോടെ ഞങ്ങൾ കശുമാവിൽ കറി. മാങ്ങ പറിച്ച്, പറിച്ച മാങ്ങയെല്ലാം കൂട്ടിയിട്ട്, കശുവണ്ടി തിരഞ്ഞെടുത്ത്, ഉണക്കയില കൂട്ടിയിട്ട് തീകൂട്ടി അണ്ടി ചുട്ടെടുത്തു. ചുട്ട കശുവണ്ടി കഴിക്കാനൊരുങ്ങിയപ്പോൾ അച്ചൻ പറഞ്ഞു: “ആദ്യം നമുക്ക് ഇന്ന് മേശവാഴ്ത്തിനുള്ള കശുവണ്ടി തയ്യാറാക്കാം.” അപ്പോൾ എല്ലാവർക്കും ഉത്സാഹം കൂടി.

ഉയിർപ്പുദിനം പാതിരാകുർബാനക്കുശേഷം ഡൺസ്റ്റനച്ചനോടൊപ്പം കശുമാവിൽ കയറിയതും ഏകദേശം പ്രാതലിന്റെ സമയംവരെ മാവിൻചുവട്ടിലിരുന്ന് ഒത്തിര തമാശകൾ പങ്കുവച്ചതും കശുവണ്ടി ചുട്ടതും അണ്ടി തല്ലി ശരിപ്പെടുത്തിയതും, അവയെല്ലാം സന്തോഷത്തോടുകൂടി സമാഹരിച്ച് അന്നത്തെ മേശവാഴ്ത്തിന്നു കൊണ്ടുവന്നതുമെല്ലാം മായാതെ ഓർമ്മയിലുണ്ട്.

കശുമാവിൽ കയറുവാനും മാങ്ങ പറിക്കുവാനും ഞങ്ങളെക്കാൾ ഉത്സാഹം ഡൺസ്റ്റനച്ചനായിരുന്നു. അദ്ദേഹം ഒരു എളിമയുള്ള സന്യാസി ആയതുകൊണ്ട് ആ എളിമയിൽ പങ്കുചേർന്ന വേളയിൽ ഞങ്ങളുടെ അഹങ്കാരം താണു. ഇന്നും മായാത്ത ഓർമ്മയായി അതു നിലകൊള്ളുന്നു.

1982–ലാണ് ഞങ്ങൾ നാല് നവസന്ന്യാസികൾ ഡൺസ്റ്റനച്ചനോടൊപ്പം കോയമ്പത്തൂർ ശരവണംപട്ടിയിലേക്കു യാത്ര പുറപ്പെടുന്നത്. ഞങ്ങളെ നവസന്ന്യാസഭവനത്തിലേക്കു സ്വീകരിച്ചത് ലജിസ്ലാവോസച്ചനും ആറ് അനുജസഹോദരങ്ങളുമായിരുന്നു. ഞങ്ങൾ പത്ത് നവസന്ന്യാസികളുടെ ഗുരുവായി ഡൺസ്റ്റനച്ചൻ ഉത്തരവാദിത്വം ഏറ്റെടുത്തു. അങ്ങനെ അദ്ദേഹം എന്റെ നവസന്ന്യാസ ഗുരുവായി. കോയമ്പത്തൂർ പ്രവിശ്യയുടെ ആദ്യനവസന്ന്യാസഗുരു.

പ്രാഥമിക ഘട്ടത്തിലെ എല്ലാ പ്രാരാബ്ധങ്ങളും വളരെ തന്മയത്വത്തോടെ അച്ചൻ കൈകാര്യം ചെയ്തു. പൂർത്തികരിക്കുന്നതിനുവേണ്ടി തകൃതിയായി പണിനടന്നുകൊണ്ടിരുന്ന കെട്ടിടമായിരുന്നു അന്നത്തെ നവസന്ന്യാസഭവനം. ഊണും ഉറക്കവും പഠനവുമെല്ലാം ഒരേ ഹാളിൽ തന്നെയായിരുന്നു. ആ വിജനപ്രദേശത്ത് ഞങ്ങളെ ആശ്വസിപ്പിക്കാനായി പലതരം പാമ്പുകളും തേളുകളും ഇതരജീവികളും സന്ദർശകരായിരുന്നു. നവസന്യാസികൾ തങ്ങളുടെ താമസസ്ഥലത്ത് ആവൃതി കാത്തുകഴിയുമ്പോൾ ഈ സന്ദർശകർക്ക് അതൊന്നും പ്രശ്നമായിരുന്നില്ല. കിടപ്പുമുറിയിലും പ്രാർത്ഥനാസ്ഥലത്തും കളിസ്ഥലത്തും തോട്ടത്തിലും ജലസംഭരണിയിലും അങ്ങനെ എല്ലായിടത്തും അവർ ഒരുപോലെ വിഹരിക്കുമായിരുന്നു.

നവസന്യാസികൾ അവയെ കണ്ട് ഓരോ ചുവടും പുറകോട്ടുവെക്കുമ്പോൾ ഡൺസ്റ്റനച്ചൻ വളരെ കൗതുകമൂറുന്ന ഒരു കുഞ്ഞിനെപ്പോലെ അവയെ നിരീക്ഷിക്കുന്നത് കാണുവാനിടയായിട്ടുണ്ട്.

ഡൺസ്റ്റനച്ചനു തോട്ടപ്പണി ഒരു പ്രത്യേക ഹരമായിരുന്നു. തെങ്ങിൻതൈ നടുക, വാഴത്തോട്ടം ഉണ്ടാക്കുക, പച്ചക്കറികൾ നടുക, കറുകപുല്ല് പറിച്ചുകളയുക, കോഴി വളർത്തുക, പശു വളർത്തുക ഇങ്ങനെ പോകുന്നു ആ എളിയ കൃഷിക്കാരന്റെ താത്പര്യപട്ടിക.

ഒരിക്കൽ വാഴത്തോട്ടത്തിൽനിന്ന് ഡൺസ്റ്റനച്ചന്റെ ഉറക്കെയുള്ള കരച്ചിൽ! "പാമ്പ്!, പാമ്പ്!" ഞങ്ങൾ രണ്ടുപേർ വടിയും മറ്റ് സാധനങ്ങളുമായി അവിടെ ചെന്നപ്പോൾ ഡൺസ്റ്റനച്ചന്റെ തലയിലും വസ്ത്രത്തിലും രക്തം പുരണ്ടിരിക്കുന്നു. അദ്ദേഹം കുനിഞ്ഞുനിന്ന് "പാമ്പ്!, പാമ്പ്!" എന്നുപറഞ്ഞുകൊണ്ട് തന്റെ കൈയിലിരുന്ന തൂമ്പകൊണ്ട് കൊത്തികൊണ്ടിരിക്കുന്നു. ഞങ്ങൾ അടുത്തെത്തിയപ്പോൾ അദ്ദേഹം രക്തം പുരണ്ട, പുഞ്ചിരിക്കുന്ന മുഖത്തോടെ നിവർന്നു നിന്നു. മുഖം തുടച്ചുകൊണ്ട് തന്റെ സ്വതസിദ്ധമായ പുഞ്ചിരിയോടെ പറഞ്ഞു, "അത് കൊള്ളാവുന്ന ഒരു അണലി ആയിരുന്നു. അവനെ തല പൊക്കുവാൻ അനുവദിച്ചില്ല; എന്റെ കൈയിൽ ഉണ്ടായിരുന്ന തൂമ്പകൊണ്ട് അവനെ ശരിപ്പെടുത്തി." ഞങ്ങൾ നോക്കുമ്പോൾ മീൻകറിക്കരിഞ്ഞുവച്ചതുപോലെ പല കഷണങ്ങളായി രക്തത്തിൽ കുളിച്ച് ഒരുവിധം നല്ല വണ്ണമുള്ള അണലി. തന്റെ തൂമ്പകൊണ്ട് അതിനെ കൊത്തുന്ന സമയത്ത് തെറിച്ച പാമ്പിന്റെ ചോരയായിരുന്നു അച്ചന്റെ മുഖത്തും ഉടുപ്പിലും കണ്ടത്. ആ പാമ്പിനെ അവിടെ നിന്നിരുന്ന വാഴയ്ക്കു വളമാക്കിയിട്ട് ഞങ്ങൾ എല്ലാവരും സ്ഥലംവിട്ടു. തരക്കേടില്ലാത്ത ഒരു അണലിയെ സ്വയം കൈകാര്യം ചെയ്തതിന്റെ അഹങ്കാരമൊന്നും ഡൺസ്റ്റനച്ചനിൽ കണ്ടില്ല.

ഞങ്ങളുടെ ഒരു നേരമ്പോക്കിനു കാരണമാണ് ഡൺസ്റ്റനച്ചന്റെ ഉറക്കം. പ്രാർത്ഥനാസമയത്ത് സിമന്റ് തറയിൽ യാതൊരു സഹായ ഉപകരണങ്ങളുമില്ലാതെ അദ്ദേഹം മുട്ടുകുത്തിനിൽക്കുന്നതു കണ്ടിട്ടുണ്ട്. ഒരിക്കൽ, താൻ എന്തുകൊണ്ടാണ് അങ്ങനെ ചെയ്യുന്നതെന്ന് എനിക്കു തനിച്ചു പറഞ്ഞുതന്നു. മുട്ടുകുത്തിനിന്നാൽ സാധാരണ ഉറങ്ങില്ല. ധ്യാനസമയത്ത് ഉറക്കം വരുന്നുണ്ടെങ്കിൽ ഒന്നു പരീക്ഷിച്ചുനോക്കാൻ അദ്ദേഹം പറഞ്ഞു. ഞാൻ പലപ്പോഴും പരീക്ഷിച്ചെങ്കിലും വിജയിക്കാൻ സാധിച്ചിട്ടില്ല. പരിശ്രമം തുടർന്നുകൊണ്ടിരിക്കുന്നു.

ഒരിക്കൽ രാവിലെ പ്രാതലിനു ശേഷം പള്ളിയിൽ ചെന്നപ്പോൾ തുറന്ന പ്രാർത്ഥന പുസ്തകം കൈയിൽ പിടിച്ചുകൊണ്ട് മുട്ടുകുത്തിനിന്ന് ഉറങ്ങുന്ന എളിയവനായ ഡൺസ്റ്റനച്ചനെയാണ് കണ്ടത്. എന്തോ കാരണത്താൽ അദ്ദേഹത്തിന് അന്ന് പ്രഭാതപ്രാർത്ഥനകൾക്ക് ഞങ്ങളോടൊപ്പം കൂടുവാൻ സാധിച്ചിരുന്നില്ല. തന്റെ പ്രാർത്ഥന മുടങ്ങാതിരിക്കാനായി മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കുകയാണ്; പക്ഷേ അച്ചനെ ഉറക്കം കീഴ്പ്പെടുത്തുന്നതിന് അധികസമയം വേണ്ടിവന്നില്ല.

അമ്പഴക്കാട് ഞങ്ങളുടെ ജ്യേഷ്ഠസഹോദരന്മാർ ഡൺസ്റ്റനച്ചന്റെ ഉറക്കത്തെക്കുറിച്ച് പങ്കുവച്ച കഥകൾ ആ സമയം ഓർമ്മയിലൂടെ കടന്നുപോയി. ആത്മീയോപദേശത്തിനിടയിൽ ഗുരുവും അർത്ഥിയും ഒരുമിച്ചുറങ്ങിയതും പലപ്പോഴും മണിയടിയുടെ ശബ്ദമാണ് അവരെ രക്ഷിച്ച തെന്നുമുള്ള സംഭവങ്ങൾ. ഇപ്രകാരമുള്ള അനുഭവങ്ങൾ അച്ചന്റെ സാന്നിദ്ധ്യത്തിൽ പങ്കുവയ്ക്കുമ്പോൾ വളരെ ആസ്വദിച്ചുകൊണ്ട് അദ്ദേഹം ശ്രവിക്കും; പുഞ്ചിരിക്കും. തന്റെ ബലഹീനതകളെ തന്നെക്കാൾ താഴെയുള്ളവർ ഉല്ലാസത്തിനു വിഷയമാക്കുമ്പോൾ ഒരു പുഞ്ചിരിയോടെ അതിൽ പങ്കുകൊള്ളുന്നത് തന്റെ എളിമയുടെ മഹത്വമാണ്.

നവസന്ന്യാസികളെ തങ്ങൾ ഉൾപ്പെടുന്ന സന്ന്യാസ സമൂഹത്തെക്കുറിച്ച് നല്ല ബോധ്യമുള്ളവരാക്കുവാൻ ഡൺസ്റ്റനച്ചൻ സ്വന്തജീവിതത്തിലൂടെയും പഠിപ്പിക്കുന്ന വിഷയങ്ങളിലൂടെയും പ്രത്യേകം പരിശ്രമിച്ചിരുന്നു. സഭയുടെ നിയമാവലി ക്ലാസുകളിൽ സഭാംഗങ്ങളിൽ ചിലരുടെ നിയമങ്ങളിൽനിന്നു വ്യതിചലിച്ചുകൊണ്ടുള്ള ജീവിതത്തെ പരാമർശിക്കേണ്ടിവരുന്ന വേളകളിൽ അച്ചൻ ഗൗരവത്തോടെ മൗനം ഭജിക്കുന്നത് കാണുവാനിടയായിട്ടുണ്ട്. അല്പനേരത്തെ മൗനത്തിനുശേഷം ഒരു പുഞ്ചിരിയോടെ “ഹാ പോണ പോലെ പോട്ടെ” എന്നുപറഞ്ഞ് ക്ലാസുകൾ അവസാനിപ്പിക്കാറാണ് പതിവ്.

സ്വന്തം ജീവിതത്തിൽ സഭാനിയമങ്ങൾ പ്രാവർത്തികമാക്കുന്നതിനും അതിൽനിന്നു വഴിമാറിയവരെ ധൈര്യപൂർവം തിരികെകൊണ്ടുവരുന്നതിനും എളിയവനായ ഡൺസ്റ്റനച്ചനു യാതൊരു വിഷമവും ഉണ്ടായിരുന്നില്ല. സത്യത്തിനു നിരക്കാത്ത കാര്യങ്ങളെക്കുറിച്ച് അതിന് ഉത്തരവാദികളായവരോടു നേരിട്ടു പറയുന്നതിനു സവിശേഷമായ ഒരു ശക്തി അച്ചനുണ്ടായിരുന്നു. പല കാര്യങ്ങൾ നടക്കുന്നതിനു നാം കൈക്കൂലി കൊടുക്കുന്നു എന്നറിയുമ്പോൾ ഏറ്റവും വേദനിക്കുന്നതും അതിനെതിരെ ശബ്ദമുയർത്തുന്നതും ഡൺസ്റ്റനച്ചനായിരുന്നു. സഭാംഗങ്ങൾ അല്പമെങ്കിലും കളങ്കപ്പെടുന്നത് ആ എളിയ ആത്മാവിനു വളരെയേറെ വേദനയുളവാക്കുന്ന അനുഭവമായിരുന്നു.

ഒരിക്കൽ പ്രവിശ്യയുടെ ഒരു കൂട്ടായ്മയിൽ ഒരാൾ ഭൂമി വാങ്ങുന്നതിനെക്കുറിച്ചും അതിന്റെ രജിസ്ട്രേഷനുവേണ്ടി പാരിതോഷികമായി സർക്കാർ ഉദ്യോഗസ്ഥർക്കു കൊടുക്കേണ്ട നിശ്ചിത തുകയെക്കുറിച്ചും പറഞ്ഞപ്പോൾ ഡൺസ്റ്റനച്ചനു വളരെ വിഷമമായി. അദ്ദേഹം തന്റെ കണ്ണട ഊരി കൈയിൽ പിടിച്ച് അതിനെതിരെ ശക്തമായി വാദിച്ചത് ഒരു ശെമ്മാശനായ എനിക്കു വലിയ പ്രചോദനം നല്കി. ആ ഒരു രംഗം ഇന്നും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു.

നവസന്ന്യാസകാലയളവിൽ ഡൺസ്റ്റനച്ചനുമായി ആരംഭിച്ച ആത്മീയബന്ധം കോളേജിൽ പഠിക്കുന്ന കാലത്തും പട്ടം കഴിഞ്ഞിട്ടും തുടരുന്നതിനു സാധിച്ചിട്ടുണ്ട്. കെനിയയിൽനിന്നും അവധിക്ക് വന്ന് ഡൺസ്റ്റനച്ചനുമായി മിഷൻ അനുഭവങ്ങൾ പങ്കുവെക്കുമ്പോഴെല്ലാം വളരെ

ആത്മാർത്ഥതയോടെ ശ്രവിച്ചിരിക്കും. എന്നിട്ട് പറയും: “ഭവനത്തിൽ ഇരുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു മിഷനറിയായി ഞാൻ വരാം. നിങ്ങളൊക്കെ പ്രേഷിതപ്രവർത്തനവുമായി നടക്കുമ്പോൾ നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ അജപാലനം സ്വീകരിക്കുന്ന ആത്മാക്കൾക്കു വേണ്ടിയും പ്രാർത്ഥിക്കുന്ന മിഷനറിയായി ഞാൻ കെനിയയിലേക്ക് വരാം.”

വാക്കുകൊണ്ടും ജീവിതംകൊണ്ടും തീർത്തും പ്രചോദനാത്മകമായ മാതൃകാജീവിതം നയിച്ച ഡൺസ്റ്റനച്ചനെ എന്നിൽനിന്നു മാറ്റിനിർത്തുക സാധ്യമല്ല. എളിമ മാത്രമായിരുന്ന ഡൺസ്റ്റനച്ചൻ കടന്നുവന്നാൽ ഇറങ്ങിപ്പോകാനും മറക്കുന്നു. നിഷ്കളങ്കമായ പുഞ്ചിരിയുമായി നാം പറയുന്നതെല്ലാം ശ്രദ്ധയോടെ കാതോർത്തു നിൽക്കുന്നു.

സ്നേഹംനിറഞ്ഞ ഡൺസ്റ്റനച്ചാ, ഞങ്ങളിൽനിന്ന് ഇറങ്ങിപ്പോകാൻ ആരും അങ്ങയെ ഓർമ്മപ്പെടുത്താതിരിക്കട്ടെ. സിമന്റ് തറയിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന അങ്ങയുടെ ആ രൂപം എന്നും ഞങ്ങളോടൊപ്പം ഉണ്ടാകട്ടെ. എളിമ മാത്രമായ അങ്ങ് ഞങ്ങൾക്കെന്നും ഒരു ശക്തിയാണ്. അങ്ങേക്ക് മുട്ടുകുത്തുവാൻ ഞങ്ങളുടെ ഉള്ള് ഉറച്ച പ്രതലങ്ങളാണ്. അങ്ങയുടെ സാന്നിധ്യംകൊണ്ടും പ്രാർത്ഥനകൊണ്ടും അവയെ മൃദുലമാക്കണമെ.

**ഫാ. പോൾസൻ കണ്ണനായ്ക്കൽ സി.എം.ഐ.**



## **Fr. Dunston**: A Holy Presence of Intercession in Heaven




When I was doing my first year aspirancy in St. Thomas Ashram, Kozhinjampara, we had a visit to the then novitiate house Arul Malar Illam, Saravanampatty. That day I met Fr. Dunston there. In the first appearance, there was nothing extraordinary in him. A slim, bald-headed, dark human being without having any kind of attractiveness. But one thing I noticed: the way he was walking, greeting people with a smile and the simplicity in his appearance and body language. That was my first and last meeting with Fr. Dunston because by the end of that year, our batch moved to Ampazhakkad for the novitiate, and during that period our beloved Fr. Dunston started journey to heaven for his eternal reward.

Let me ask a question. What are the criteria to assess the life of a religious person as a successful one after his death? If there are a few people to cry at the death of a religious person, if some persons feel a great loss during the death of a *Sannyasi*, if people remember, talk and pray to a *Sannyasi* even after long years of his death without forgetting him, that religious person, we can say, led a successful life on earth. When we take the life of our beloved Fr. Dunston, the success of his religious life lies in winning the hearts of others through a cordial behaviour and magnanimous heart of his own. He could do the ordinary things in an extraordinary manner. The life of Fr. Dunston reminds us clearly that it is not the talent of a person that makes him/her holy but the right attitude towards God and fellow human beings.


Every now and then, I hear these kinds of experiences about Fr. Dunston from others. I consider him a holy presence in heaven, interceding for us, especially for

our province. The patroness of our province St.Teresa of Lisieux once said: “I will spend my heaven doing good on earth.” I think and believe that Fr. Dunston is also doing the same in heaven imbibing the spirit of the patroness of our province. We the fathers and brothers say proudly that we belong to ' Preshitha Province'. With the same pride we can say, Fr. Dunston is ' the Preshithan of Preshitha Province '.


Fr. Shyjo Paramel CMI



Bro. Fegin Dharmaram




Bro. Sebin Kanjirathingal




Bro. Alan George



# ഡൺസ്റ്റനച്ചനും KSRTC യും...



പ്രവശ്യയിൽ നിന്നും സന്ദർശകരെത്തിയാൽ ധർമ്മാരാമിലെ സഹോദരങ്ങൾക്ക് സന്തോഷമാണ്. പ്രവശ്യാംഗങ്ങളുടെ ഒന്നിച്ചു കൂടൽ, വിനോദയാത്ര എന്നിവ അന്നത്തെ പരിപാടികളിലെ അവിഭാജ്യ ഘടകങ്ങളായിരുന്നു.

1979-ലാണെന്നാണോർമ്മ, ഡൺസ്റ്റനച്ചൻ ധർമ്മാരാമിൽ വന്നു. പതിവുപോലെ outing ലാൽബാഗിലേക്കായിരുന്നു... ആഘോഷമായി എല്ലാവരും ബസിൽ കയറി. മുമ്പിലും പിമ്പിലുമായിട്ടാണ് കയറിയത്. ലാൽബാഗിൽ ഇറങ്ങിയപ്പോൾ ആരോ ചോദിച്ചു: 'ടിക്കറ്റ് എടുത്തത് ആരാണ്?' അപ്പോഴാണ് അമളി മനസ്സിലായത്: ആരും ടിക്കറ്റ് എടുത്തിട്ടില്ല. രണ്ട് ഗ്രൂപ്പകാരും മററെ ഗ്രൂപ്പുകാർ എടുത്തിരിക്കുമെന്ന് കരുതി...

ഡൺസ്റ്റനച്ചൻ വിവരമറിഞ്ഞു. അപ്പോഴേയ്ക്കും ബസ് പോയിരുന്നു. പക്ഷേ, ഡൺസ്റ്റനച്ചൻ പോരില്ല. ടിക്കറ്റ് ചാർജ്ജ് കൊടുക്കാതെ പോവുകയില്ലെന്നായി. ബസ് പോയതിനാൽ ടിക്കറ്റ് ചാർജ്ജ് കൊടുക്കാനും സാധ്യമല്ല. എല്ലാവരും ത്രിശങ്കുവിലായി. എന്താണൊരു പോംവഴി!

'ഞങ്ങൾ സ്റ്റേഷനിൽ ചെന്ന് ചാർജ്ജ് കൊടുത്തേക്കാം' മൂത്ത ഒരാൾ മൊഴിഞ്ഞു. ഇതു കേട്ടപ്പോൾ ഡൺസ്റ്റനച്ചൻ ഒന്നയഞ്ഞു. എല്ലാവരും മുന്നോട്ടാഞ്ഞു. ലാൽബാഗിലെത്തി. ഉറപ്പ് കുറുപ്പിന്റെ ഉറപ്പായി ഇന്നും നിലനിൽക്കുന്നു!

വിചിന്തനം:

സിവിൽ നിയമങ്ങളെ ഡൺസ്റ്റനച്ചൻ ഒത്തിരി ബഹുമാനിച്ചിരുന്നു; മുറുകെ പിടിച്ചിരുന്നു. 'നീ നിയമം കാത്തു കൊള്ളുക; നിയമം നിന്നെ കാത്തുകൊള്ളും.' സിവിൽ-സന്യാസ നിയമങ്ങളെ കാറ്റിൽ പറത്തുന്ന നമുക്ക് മുമ്പിൽ ഡൺസ്റ്റനച്ചന്റെ മഹനീയ മാതൃക വലിയൊരു ചോദ്യചിഹ്നമാണ്.



**ഫാ. ജോസ് പോൾ എടക്കളത്തൂർ സി.എം.ഐ.**



# എന്റെ ഫ്രാൻസീസ് അസീസ്സി ഡൺസ്റ്റനച്ചൻ... ഒരു ഓർമ്മക്കുറിപ്പ്

ക്ലാസ്സ് കഴിഞ്ഞ് വന്നതേയുള്ളൂ ഞാൻ. ചായ കുടിച്ച് മുറ്റത്തേക്കിറങ്ങി. തോട്ടത്തിൽ വിടർന്ന് നിൽക്കുന്ന ഡാലിയാ പൂക്കളുടെ നിറങ്ങളിൽ കണ്ണുടക്കി നിൽക്കുമ്പോഴാണ് 'മോനെ, ഫിലിപ്പേ, എന്ന വിളി ഞാൻ കേട്ടത്. ദൈവവിളിയുള്ള കുട്ടികളെത്തേടി, അവരുടെ വീട്ടിലേക്ക് ഡൺസ്റ്റനച്ചൻ വരാറുണ്ട്. കുട്ടികളുടെ വീടുകളിലേക്ക് പോകുമ്പോൾ എന്നെയും ചിലപ്പോഴൊക്കെ അച്ചൻ വിളിക്കാറുമുണ്ട്. 'ഇന്ന് രണ്ടു കുട്ടികളുടെ വീട്ടിലേക്ക് പോകണം. മോനെന്റെ കൂടെ വരണം". അച്ചന്റെ സ്നേഹത്തോടെയുള്ള വിളി കേട്ടപ്പോൾ കൂടെ വരാമെന്ന് ഞാൻ പറഞ്ഞു. അച്ചനേറെ നേരം എന്റെ അമ്മയോടും അനുജനോടും ദൈവീക കാര്യങ്ങൾ സംസാരിച്ചിരുന്നതിനാൽ അന്തിമയങ്ങാൻ തുടങ്ങിയതറിഞ്ഞില്ല. 'സാരല്ല്യ കുട്ടീ. നീ അച്ചന് വഴികാണിച്ചിട്ട് പെട്ടെന്ന് വാ" അമ്മ പറഞ്ഞു. നേരം ആറു മണി കഴിഞ്ഞു. ടാറിടാനെന്നോണം അങ്ങിങ്ങായി, മെറ്റലുകൾ കൂന കൂട്ടിയിട്ടിരിക്കുന്ന ഒരു ചെമ്മൺ പാതയിലൂടെ അച്ചനും ഈ കൊച്ചനും നടന്നു. ആദ്യമായിട്ടാണ് ഞാനും ആ ഇടവഴിയിലൂടെ പോകുന്നത്. അര മണിക്കൂർ ഉൾവഴികളിലൂടെയുള്ള യാത്ര. കുഞ്ഞിന് തീറ്റ കൊടുക്കുന്ന അമ്മക്കിളിയുടെ ചിറകടി മരചില്ലകൾക്കിടയിൽ നിന്നും കേൾക്കാം. തെരുവു വിളക്കുകൾ റോഡുപണി കഴിയും വരെ പണി മുടക്കിലാണെന്നു തോന്നി. അമ്മ ഒരു ടോർച്ചു തന്നു വിട്ടത് ഭാഗ്യമായി. എങ്ങും ഇരുൾ പരക്കാൻ തുടങ്ങി. നിറയെ അമ്പലങ്ങളും പാമ്പിൻ കാവുകളും ഉള്ള നാടാണ് എന്റേത്. യക്ഷികളെക്കുറിച്ച് പറഞ്ഞു കേട്ടിട്ടുള്ള കഥകൾ ഓർമ്മ വരാൻ തുടങ്ങി... മോനെ, മഞ്ഞുണ്ടെന്ന് തോന്നുന്നു, അത്രയും പറഞ്ഞ് അച്ചൻ കപ്പൂസെടുത്ത് തലയിലൂടെയിട്ടു. അച്ചന്റെ കറുത്ത ഉടുപ്പും വളഞ്ഞ നടപ്പും ചെറിയൊരു പേടി എന്നിലുാക്കി. ഇരുട്ട് പടരുന്ന ആ സന്ധ്യയിൽ ഒരു ടോർച്ചു ലൈറ്റിന്റെ മിടുക്കിൽ ഞാൻ അച്ചന്റെ കൂടെ നടന്നു. പെട്ടെന്നെവിടെ നിന്നോ ഒരു നേർത്ത ശബ്ദം ഞങ്ങൾ കേട്ടു . 'ആരോ കരയുന്നുല്ലോ, മോനെ', അച്ചൻ എന്നോടു പറഞ്ഞു. എനിക്ക് ഭയമായിത്തുടങ്ങി. ഈ വൈകിയ നേരത്ത് ആരാണിവിടെ. വല്ല യക്ഷികളുമായിരിക്കുമോ... അച്ചാ, ഞാനാദ്യമായിട്ടാ ഈ വഴിക്കു വരുന്നത്... മോൻ പേടിക്കണ്ടാ. നമുക്ക് നോക്കാം. കരച്ചിൽ കേട്ട ദിക്കിലേക്ക് അച്ചൻ നടന്നു. വഴിയോരത്തു തഴച്ചു നിൽക്കുന്ന കാട്ടു ചെടികൾക്കിടയിൽ ഒരു ചെറുപ്പക്കാരൻ മയങ്ങി കിടക്കുന്നു. അവനെ കണ്ടതും അച്ചന്റെ മനസ്സലിഞ്ഞു. ക്ഷീണിതനായി ബോധമില്ലാതെ കിടക്കുന്ന ആ ചെറുപ്പക്കാരനെ അലിവോടെ അച്ചൻ താങ്ങിയെടുത്തു. 'മോനെ നിനക്കെന്തു പറ്റി', അച്ചൻ ചോദിക്കുന്നുണ്ടായിരുന്നു. അച്ചന്റെ സ്പർശനമേറ്റതും അവൻ കൺ തുറന്നു. തന്റെ മുൻപിൽ നിൽക്കുന്നത് ഒരു വൈദികനാണെന്ന് അവന് മനസ്സിലായിക്കാണണം. അച്ചന്മാരെ കാൽ ഇംഗ്ലീഷ് മീഡിയം

കുട്ടികൾ പറയുന്ന പോലെ അവൻ അറിയാതെ താഴ്ന്ന സ്വരത്തിൽ പറഞ്ഞു: ഗുഡ് മോണിങ് ഫാദർ, അവൻ കൈകൾ കൂപ്പി. 'അച്ചാ, അവൻ കുടിയനാണെന്നു തോന്നുന്നു...' ഞാൻ പറഞ്ഞു... 'അല്ല. അല്ല, അവനെ ആരോ തല്ലി കൊണ്ടിട്ടതാകും. അപ്പോഴേക്കും ആരൊക്കെയോ ആ വഴിക്ക് വരുന്ന കാൽ പെരുമാറ്റം കേട്ടു. അവരും അച്ചനെ സഹായിച്ചു. അടുത്തു കണ്ട പീടികത്തിണ്ണയിൽ അവനെ ഇരുത്തി. ആരോ അൽപം വെള്ളം കൊണ്ടുവന്നു. ആ വെള്ളം അച്ചനവന്റെ വായിൽ ഒഴിച്ചു കൊടുത്തു. 'മോനെ, ഇപ്പോ നിനക്ക് സുഖായോ' സ്നേഹം തുളുമ്പുന്ന ആ വാക്കുകൾ കേട്ടപ്പോൾ അവന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകിയിറങ്ങി. 'അച്ചൻ പൊയ്ക്കോളൂ. ഞങ്ങൾ ഇവനെ വീട്ടിൽ കൊണ്ടാക്കിക്കൊള്ളാം', അവിടെ കൂടിയിരുന്നവർ പറഞ്ഞു. അവന്റെ ശിരസ്സിൽ കൈ വച്ച് അച്ചൻ പ്രാർത്ഥിച്ചു. അവനെ അവരുടെ കയ്യിൽ ഏൽപ്പിച്ച് ഞങ്ങൾ യാത്ര തുടർന്നു. സമയം ഒത്തിരി വൈകിയതിനാൽ സഭയിൽ ചേരാൻ കാത്തിരുന്ന ഒരു കുട്ടിയുടെ വീട്ടിൽ മാത്രം പോയി ഞങ്ങൾ മടങ്ങി.

തിരിച്ചു നടക്കും വഴിയിൽ, എന്റെ മനസ്സിൽ ഡൺസ്റ്റനച്ചൻ ഒരു സൂപ്പർ ഹീറോയായി വളരുകയായിരുന്നു... ഞാൻ പഠിച്ച ലിറ്റിൽ ഫ്ലവർ സ്കൂളിന്റെ മുറ്റത്ത്, ചുമലിൽ പ്രാവുകളുമായി, കൈവിരിച്ച് നിൽക്കുന്ന ഫ്രാൻസീസ് അസ്സീസിയെപ്പോലെ, അതേ കാപ്പിക്കളർ ഉടുപ്പിട്ട് ഡൺസ്റ്റനച്ചൻ മുന്നിൽ ഉയർന്ന് നിൽക്കുന്ന പോലെ തോന്നി. തിരക്കിട്ട വഴികളിൽ തളർന്ന് പോയവരെത്തേടി, ആരോരും ആശ്രയമില്ലാതെ തഴയപ്പെട്ടവരെത്തേടി ഇരു കൈകളും നീട്ടി ഡൺസ്റ്റനച്ചൻ ഇന്നും കടന്നു വരും. ആ പുണ്യസ്മരണക്കു മുൻപിൽ പ്രണാമം ...

**ഫാ. ഫിലിപ്പ്സ് പനയ്ക്കൽ സി.എം.ഐ.**



# The Voyager 'D'



Dazzling the sea wave never ends
Pick the shells and search for pearls
Joy on the shores crazes but,
Draws his smiles not on waves or gains.




**Bro. Dixson,** Deepaham, Madurai

Deep the ocean carries treasures
The seeker never bothered that appears on top
Daring voyager expedites against whales and sharks
Sees the 'Beauty' by intuition far and away!

The good catch with full net not from peripherals
It needs patience and perseverance
Deep the sea, turbulent but could never been shaken
Anchoring faith hold fast any storm stuck.

Steadfast in the journey not bothered his appearance
Neither hairs, bald head, tough skin, nor lean shape.
An austere, 'Divine' face but only patched gowns, cloth bag, poor sandals...
Simple and serene the "D" passed as the fading Sun appears from the sea shores.

The voyager finds own genuine routes through narrow cuts and straights.
The route map created is a referral like beacons for the successors.
The sea and shores remain same with a little ups and downs
The "D" will be immortal as the next dawn with rays of the sun dazzling!

Fr. Varghese Manjaly CMI

# അവധൂതന്റെ അവികലവഴികൾ

ശുദ്ധമനസ്സോടെ ഭവനം വിട്ടിറങ്ങി
അശുദ്ധി ഒട്ടും തീണ്ടാതെ
വിശുദ്ധനായി തീർന്നു.

സ്വന്തബന്ധമെല്ലാം വിട്ടുപോന്നവൻ
വന്നുക ഇടമാണ് സ്വർഗ്ഗമെന്നറിഞ്ഞവൻ
അവൻ എടുത്തുവച്ച ഓരോ ചുവടും
തന്റെ ഗുരുവിനോടൊപ്പമായിരുന്നു.

പ്രാർത്ഥനയെ ആയുധമാക്കി
പ്രാർത്ഥനയെ ജീവിതമാക്കി
പ്രാണൻ വെടിഞ്ഞ തമ്പുരാന്റെ
പ്രാണനായി അവൻ നിന്നു.
പ്രശസ്തി ഒട്ടും നോക്കാതെ
പ്രപഞ്ചനാഥന്റെ പാതയിലെന്നും
പ്രീതിയോടെ നടന്നു നീങ്ങിയവൻ.

അനുസരണത്തിൻ മാതൃകയായി
അനേകർക്ക് വഴികാട്ടിയായി
അധികാരത്തിൻ കീഴിലായി
അടിയറവ് പറഞ്ഞു നിന്നു.



അശാന്തിതൻ ജീവിതത്തിൽ
ശാന്തിയേകാൻ കടന്നുവന്നു
ശാന്തമായ വാക്കുകളാണേ
അശാന്തിയെ നീക്കിടുക.

സന്യാസത്തിൻ മന്ത്രങ്ങളെല്ലാം
ഒന്നുവിടാതെ ഉരുവിട്ട്
സഹനത്തിന്റെ കാൽവരിയെ നോക്കി
സന്തോഷത്തോടെ ജീവിതം
നയിച്ചവനല്ലയൊ ഈ വിശുദ്ധൻ.

**ഫാ. നിമിഷ് ചുൻക്കുഴിയിൽ സി.എം.ഐ.**



# பணிவின் மணிவிளக்கே!

வாய்மையே எளிமை வெல்லும் உம்
திறமையை ஒப்பிட்டுப் பார்க்கையில்
மாமுனியே, ஆன்மீக மணிவிளக்கே
உம் பாதம் பணிகிறோம் அருள் புரிக!

கார்மேல் அன்னையின் மடியில் தவழ்ந்து
சிஎம்ஜ வாடியின் புனிதத்தில் நடந்து
பிரேஷித மகனாக சேவையில் வளர்ந்து
மணிவாழ்வில் புகழ் பெற்றாய் தந்தையே!

தெளிந்த நீரை போல் ஒளிர்ந்த வாழ்க்கையும்
வெண்மலர்போல் கருணையின் செயல்களும்
நினைக்கையில் பொங்கிடும் நீங்கிடா இன்னிசை
முழங்கிடும் பேரொலி தோழமை சிகரமே!

இறைவார்த்தையை மூச்சாக சுவாசித்து
நேர்கொண்ட பார்வையால் மறைப்பணி மேற்கொண்டு
சாதனைப் படைத்தார் நீர் இயற்கையின் நேசரே
உலகெங்கும் போற்றுவோம் உம் அறநெறிகளை!

அழைத்த தேவனை ஆர்வமாய் பின்பற்றி
உழைப்பின் மேன்மை பாரெங்கும் பறைசாற்றி
ஒப்புரவருளாக மாற்றினாய் ஜெபவாழ்வு
பாதை காட்டுவாய் அமைதியின் தூதனே!

அருட்சகோ. ஷிஜோ சொவ்வல்லூர் சி.எம்.ஐ.



# ഗുരുവരൻ ഡൺസ്റ്റനച്ചൻ...

ഭൂവിലതിശ്രേഷ്ഠ രാജ്യം ഭാവി സുന്ദരം ഭാരതം
ദ്യോവിലാദരം കൈവന്ന ദേശവിഭാഗം
പാവറട്ടി പ്രശസ്തമാം പാവനമായൊരു വീട്ടിൽ
പാവപോലൊരുണ്ണി വന്നു പിറന്നു ഭാഗ്യം.
മത്തായിയെന്ന സ്നാനപ്പേരും ഇട്ടൂപ്പുണ്ണി വീട്ടിൽ വിളി
മൊത്തമായിട്ടതു രണ്ട് പിതാക്കന്മാർ.

മത്സരാവേശം പോലൊരു തത്സമയതീക്ഷ്ണതയിൽ
ഉത്സാഹത്തോടെന്നുമെന്നും ഭക്തിവേദിയിൽ
നാട്ടിലും വീട്ടിലുമവനിഷ്ട താരമായുദിച്ചു
നേട്ടമാക്കി ചെന്നു ചേർന്നു സെമിനാരിയിൽ.

സച്ചരിതനീശോഹിതം മെച്ചമായ് ഗ്രഹിച്ച ഡൺസ്റ്റൻ
അച്ചനായിത്തിരിച്ചെത്തി സ്വഛമാം വിധം.
സന്യാസാർത്ഥികൾക്കതേറ്റം പുണ്യപ്പരിശീലകനായ്
ധന്യമാം സേവനം ചെയ്തു കാലമേറെയും.

അധികാര വിധേയത്വം  അതു തരുമാനന്ദവും
അതി സ്വാതന്ത്ര്യത്തിന്നതു മധുരമാക്കി!
വിസ്മയത്തോടാത്മകാര്യം വിസ്തരിച്ചേകിടും നന്നായ്
വിസ്മരിക്കാത്തതുപോലെ വിസ്മയം തന്നെ.

കാർക്കശ്യം സുതാര്യം വെള്ളം ചേർക്കാത്തൊരു തൻ പ്രയാണം
ആർക്കും ബന്ധപ്പെടാം നീതി, ന്യായം പാലിക്കും.
പരാശ്രയപ്പെടാനും തൻ പരോപകാരമേകാനും
വിരോധം നിരോധിച്ചൊരു ജീവിതശൈലി!

മറക്കാൻ താൻ മറക്കില്ല മുറയ്ക്കതു ദിനചര്യ
മറിച്ചൊരു കാര്യം ചെയ്യാൻ മുതിരുകില്ലാ.
മറിമായമറിയാത്ത മറയില്ലാ പ്രയാണത്തിൽ
മുറിവേല്പിച്ചൊരു കാര്യമറിയുകില്ലാ!

ദ്വേഷ്യപ്പെടാനറിയില്ല ശിഷ്യരോടായാലും ശരി
ദ്വേഷ്യം വരുത്തീട്ടൊടുവിൽ ചിരിച്ചു പോകും.
ശക്തനാണെന്നഭിമാനം രക്തം കാണും നേരത്തിൽ താൻ
വ്യക്തമായും വീണു പോകും ശക്തി ചോർന്നീടും.

സന്നദ്ധനാണെപ്പൊഴും താൻ പിന്നെയാവട്ടെന്നൊന്നില്ല
അന്നം മുടക്കിട്ടാരേയും സഹായിച്ചിടും.
സർവ്വസംഗപരിത്യാഗി സർവ്വരേയും സ്വന്തമാക്കി
സർവ്വനാഥനേശുവിന്റെ സ്വന്തമായല്ലോ.

മത്സരവേദി എളിമ ഉസ്താദായ് വിളങ്ങുന്നതിൽ
ഉത്സാഹത്തോടെ കുതിപ്പൂ ട്രോഫി വാങ്ങീടാൻ.

പല മണിക്കൂർ നേരവും പ്രീഡിയോവിൽ ശിരസ്സൂന്നി
പാതിരാത്രി നേരം രഹസ്യാരാധനയിൽ!
നിഷ്കാമ കർമ്മിയാം തന്നായുഷ്കാല സമ്പത്തായിതാ
നിഷ്കാസിതനല്ല നാക പുണ്യ പൂമരം.

പയ്യപ്പിള്ളി ബ്രദറിന്റെ 41-ാം ചരമദിനം സരവണാംപട്ടിയിൽ വീട്ടുകാരും മറ്റും വന്ന് ആചരിക്കുന്നുണ്ടായിരുന്നു. വീട്ടുകാരും ഞാനും ഉള്ള അടുപ്പം മൂലം ഞാനും 41 ആചരിക്കാൻ പോയിരുന്നു. ബൈക്കിലായിരുന്നു യാത്ര കുർബാനകഴിഞ്ഞ് ഭക്ഷണ സമയത്താണ് ഞാൻ എത്തിയത്.

വീട്ടുകാരോട് കുശലം പറഞ്ഞ് ഭക്ഷണത്തിന് അവരുടെ കൂടെയിരുന്നു. ഡൺസ്റ്റനച്ചൻ പലരേയും കണ്ട് സംസാരിക്കുന്നുണ്ടായിരുന്നു.എന്റെ അടുത്ത് വന്ന് സംസാരിക്കാൻ തുടങ്ങി.

ഞാൻ മുമ്പ് കതായി ഓർക്കുന്നു. സുഖമല്ലേ? എല്ലാറ്റിനും ഞാൻ മറുപടി പറയുന്നുണ്ട്. വീട്ടുകാർക്കെല്ലാം സുഖമല്ലേ? മക്കൾ എത്ര പേരുണ്ട്? രണ്ടു പേര്. അവർ പഠിക്കുകയാണോ? അതേ. അങ്ങനെ വീട്ടു വിശേഷങ്ങൾ എല്ലാം ചോദിച്ചറിഞ്ഞു. 1958 തുടങ്ങി പരിചയമുള്ള എന്നെ തിരിച്ചറിയാതെ സംസാരിച്ചുകൊണ്ടിരുന്നു. മറവി അത്രക്കും കൂടിയ അവസാനനാളുകളായിരുന്നു അവ.

തിരിച്ചു പോരുന്നതിനു മുമ്പ് കണ്ട് വിശേഷങ്ങളെല്ലാം പറഞ്ഞു. കുറച്ചു മുൻപ് തെറ്റിദ്ധരിച്ച് സംസാരിച്ചതൊന്നും സംസാരവിഷയമാക്കിയില്ല. ഞാൻ യോഗാർത്ഥി ആയിരുന്നപ്പോൾ വരന്തരപ്പിള്ളിയിൽ ഫ്ളാവിയാനച്ചൻ പ്രൊവിൻഷ്യലായിരിക്കുന്ന കാലം ഞങ്ങൾ രണ്ടു യോഗാർത്ഥികളെ റെക്ടറച്ചനെ നോക്കാൻ ഏല്പിച്ചിരുന്നു, പ്രത്യേകിച്ച് ഭക്ഷണകാര്യത്തിൽ. ഭക്ഷണം കഴിക്കാൻ മറക്കുന്നതാണ് അന്ന് പ്രധാനമായിട്ടുണ്ടായിരുന്നത്.

**ഫാ. ജോസഫ് വിതയത്തിൽ സി.എം.ഐ.**

# അമർത്യൻ

ഇല്ല! തീരെ ഭംഗിയില്ല, ആകാരവടിവില്ല
മുടിയില്ല കട്ടമീശയില്ല
ന്യൂജെൻ മസിലില്ല
നിങ്ങളീപറയുന്ന ഹൈ പ്രൊഫൈലില്ല
പക്ഷേങ്കിലയാളമർത്യനാംപാതിരി
അച്ചൻപദത്തിനർത്ഥംകൊടുത്തോരൊലക്കേങ്കിൽ ഡൺസ്റ്റനച്ചൻ.

പള്ളിയിൽ കാണാമീ പള്ളീലച്ചനെ
കുമ്പസാരക്കൂട്ടിലോമയങ്ങുന്ന ദൈവത്തെ
കൊന്തമണികൾക്കു പ്രിയമീ
ജപമാലഭക്തനെ
മാതൃഭാവത്തിനുറവിടമായോനെ
പക്ഷേങ്കിലാപച്ചമനുഷ്യന് ആകാരവടിവില്ല.

ആചാര്യനാണയാൾ ആത്മീയസ്രോതസ്സും
ദൃശ്യനയാൾ കളിക്കളത്തിലും പൊരിവെയിലത്തും
കറുകപറമ്പിലും പിന്നെ ജനമദ്ധ്യത്തിലും
എപ്പോഴും തവിടിൻ നിറമുള്ള സന്യാസവസ്ത്രത്തിൽ
ഇനി ദൈവത്തിൻ രൂപം തവിട്ടുനിറമാണോയീശ്വരാ?

സുസ്മേരവദനനും കാർക്കശ്യക്കാരനും
താപസനിഷ്ഠകൾ പാലിച്ചമർത്യനും
വിണ്ണിൽ പാവറട്ടിയ്ക്കിടംകൊടുത്തോനും
പൂർണ്ണസന്യാസിയും പകയില്ലാതെ പക്വതയുള്ളോനും
ദൈവികമനുഷ്യനും സമഗ്രതയുള്ളോനും

വിശുദ്ധനാകാരവടിവുണ്ടോ കൂട്ടരേ?
ആപേക്ഷികമാണല്ലോ ഭൂനിയമങ്ങളും
പൊങ്ങച്ചക്കാരെ കുമടുത്തീ ഭൂമിക
മർത്യരിലമർത്യരെ തിരിച്ചറിയുന്നതെങ്ങനെ?
ഉത്തരം ചൊല്ലുവിൻ ബുദ്ധിജീവികളെ?
മാനുഷികമല്ലേയീമാനദണ്ഡങ്ങളും?
സത്യം, ഇയാളമർത്യൻതന്നെ!



ഫാ. ആൻസൻ പാണേങ്ങാടൻ സി.എം.ഐ.

## പ്രേഷിതയുടെ പുണ്യസൂനം ഡൺസ്റ്റനച്ചാ...

ആ...ആ...ആ...ആ...
ലാ...ലാ...ലാ...ലാ...
പ്രേഷിതയുടെ പുണ്യസൂനം ഡൺസ്റ്റനച്ചാ
പുണ്യജീവിത പാതയിൽ മാതൃകയായി (2)
അരികിലരികിൽ നാഥനരികിൽ തന്നെയർപ്പിച്ചു
മൃദുലമാകും ഹൃദയകോവിലിൽ
അവനെയുൾക്കൊണ്ടു
(പ്രേഷിതയുടെ...)
നാഥൻ തന്നിൽ വാസമാകാൻ ആലയം തീർത്തു
ആലയത്തിൽ എളിമയുടെ ജീവിതം തീർത്തു
ജീവിതം തൻ മാതൃകയാൽ നന്മകൾ തീർത്തു
നൽഫലത്താൽ പ്രേഷിതയുടെ നറുമലരായി.
(പ്രേഷിതയുടെ...)
കർമ്മലയിലെ പ്രേഷിതനായ് നിർമ്മലനായ്
നിറവു പകരും ചെയ്തികൾ തൻ ജീവിതമാക്കി
വന്ദ്യഗുരുവേ പുണ്യചരിതാ പ്രേഷിതർക്കെന്നും
മാതൃക മാദ്ധ്യസ്ഥമായി തീർന്നിടേണമേ.
(പ്രേഷിതയുടെ...)

**ലിറ്റിൽ ഫ്ളവർ ആസ്പിരൻസ് ഹൗസ്**
പൊള്ളാച്ചി

## അഴകുള്ളാത്മാവേ...

അഴകുള്ളാത്മാവേ, പ്രേഷിതകുടുംബത്തിൻ
വിശുദ്ധ താതാ
ഉള്ളം മുഴുവൻ അഴകു നിറച്ച
അങ്ങേ കൈതൊഴുന്നു.
(അഴകുള്ളാത്മാവേ...)

കർമ്മല ചൈതന്യത്തിൻ സ്നേഹകാന്താ
മാനവ സേവനത്തിൻ പുണ്യവീര
യേശുവിൻ പ്രിയ ശിഷ്യൻ ഡൺസ്റ്റനച്ചാ (2)
മാധ്യസ്ഥമേകണേ ഞങ്ങൾക്കായ്. (2)

സന്യാസം അങ്ങേ ജീവിതമേ
അറിയാൻ വൈകിയ സൗന്ദര്യമേ
വിശുദ്ധപദത്തിന്റെ പ്രേഷിതമാനം (2)
പരസ്നേഹത്തിൽ ചരിച്ചവൻ. (2)
(അഴകുള്ളാത്മാവേ...)

**അരുൾ ഇല്ലം നോവിഷ്യേറ്റ്**
വേലന്താവളം

# ഡൺസ്റ്റനച്ചന്റെ ജീവിതനാൾവഴികൾ

| | | |
|---|---|---|
| 27-11-1920 | - | ജനനം |
| 22-09-1935 | - | യോഗാർത്ഥിഭവന പ്രവേശനം |
| 20-07-1938 | - | നവസന്ന്യാസപ്രവേശനം |
| 23-11-1938 | - | സഭാവസ്ത്ര സ്വീകരണം |
| 24-11-1939 | - | ആദ്യവ്രതം |
| 04-01-1941 | - | നവസന്ന്യാസത്തിനുശേഷമുള്ള തുടർപരിശീലനം, കൂനമ്മാവ് |
| 24-11-1942 | - | നിത്യവ്രതം |
| 31-05-1947 | - | വൈദികപട്ടം |
| 02-06-1947 | - | നവപൂജാർപ്പണം |
| 03-06-1947 | - | സഹവികാരി, ചെത്തിപ്പുഴ |
| 01-01-1948 | - | സഹവികാരി, മണിമല |
| 01-10-1948 | - | സഹവികാരി, അയിരൂർ |
| 1953 | - | പ്രൊക്യുരേറ്റർ, സെന്റ് തെരേസാസ് മൊണാസ്റ്ററി, അമ്പഴക്കാട് |
| 05-1956 | - | റെക്റ്റർ, സെന്റ് പയസ് X അസ്പേരന്റ്സ് ഹൗസ്, വരന്തരപ്പിള്ളി |
| 21-02-1965 | - | റെക്റ്റർ, സെന്റ് ബെർക്കുമാൻസ് അസ്പേരന്റ്സ് ഹൗസ്, ഏൽത്തുരുത്ത് |
| 06-06-1967 | - | റെക്റ്റർ, സെന്റ് പയസ് X അസ്പേരന്റ്സ് ഹൗസ്, വരന്തരപ്പിള്ളി |
| 1969 | - | പ്രിയോർ, ഇമ്മാക്കുലേറ്റ് ഹാർട്ട് മൊണാസ്റ്ററി, വരന്തരപ്പിള്ളി |
| 11-02-1972 | - | പ്രീഫെക്റ്റ്, ദേവമാത പ്രൊവിൻഷ്യാൽ ഹൗസ്, തൃശ്ശൂർ |
| 11-05-1973 | - | സുപ്പീരിയർ, സെന്റ് ജോസഫ് ഹോം, അട്ടപ്പാടി |
| 06-07-1974 to 02-10-1974 | - | താവളം, ജെല്ലിപ്പാറ എന്നിവിടങ്ങളിൽ വികാരി |
| 25-06-1977 | - | റെക്റ്റർ, ജ്യോതി നിവാസ്, റാഞ്ചി |
| 07-05-1978 | - | പ്രിയോർ, ഇമ്മാക്കുലേറ്റ് ഹാർട്ട് മൊണാസ്റ്ററി, വരന്തരപ്പിള്ളി |

| | | |
|---|---|---|
| 22-06-1978 | - | സി.എം.ഐ. കോയമ്പത്തൂർ ഉപപ്രവിശ്യയിൽ അംഗമായി ചേരുവാൻ സമ്മതം അറിയിച്ചു. |
| 13-06-1979 | - | പ്രീഫെക്റ്റ്, സെന്റ് ആന്റണീസ് ആശ്രമം, ശരവണംപട്ടി |
| 20-09-1979 | - | ടീം മെമ്പർ, ലിറ്റിൽ ഫ്ളവർ നൊവിഷ്യേറ്റ്, അമ്പഴക്കാട് |
| 05-08-1982 | - | റെക്റ്റർ, അരുൾ മലർ ഇല്ലം, ശരവണാംപട്ടി |
| 05-1984 | - | ടീം മെമ്പർ, അരുൾ മലർ ഇല്ലം, ശരവണാംപട്ടി |
| 1986 | - | റെക്റ്റർ, സെന്റ് തോമസ് ആശ്രമം, കൊഴിഞ്ഞാമ്പാറ |
| 26-10-1987 | - | ടീം മെമ്പർ, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 1988 | - | മെമ്പർ, ലിറ്റിൽ ഫ്ളവർ മിഷൻ സെന്റർ, കോയമ്പത്തൂർ |
| 1988 | - | റെക്റ്റർ, സി.എം.ഐ. ഭവൻ, പാലക്കാട് |
| 1988 | - | മെമ്പർ, ലിറ്റിൽ ഫ്ളവർ ആസ്പിരൻസ് ഹൗസ്, സായ്ബാബ കോളനി |
| 1989 | - | ലളിത ജീവിതം, ചെന്നിമലൈ |
| | - | ലളിത ജീവിതം, കുളക്കാട്ടുകുറിശി |
| | - | സേക്രട്ട് ഹാർട്ട് ആശ്രമം, പെരിന്തൽമണ്ണ |
| 06-05-1991 | - | ആനിമേറ്റർ, സി.എം.ഐ. ബ്രദേഴ്സ് യൂണിറ്റ്, സെന്റ് പോൾസ് ഹൗസ്, കടലുണ്ടി |
| 20-05-1993 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 04-05-1994 | - | റെക്റ്റർ, ലിറ്റിൽ ഫ്ളവർ ആസ്പിരൻസ് ഹൗസ്, കൗണ്ടംപാളയം |
| 05-1996 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 30-06-1997 | - | അംഗം, സെന്റ് തെരേസസ് മൊണാസ്റ്ററി, അമ്പഴക്കാട് |
| 05-05-2000 | - | അംഗം, ഭാരതമാത ആശ്രമം, പാലക്കാട് |
| 2000 | - | അംഗം, സെന്റ് തോമസ് ആശ്രമം, കൊഴിഞ്ഞാമ്പാറ |
| 14-11-2002 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 26-06-2006 | - | ലിറ്റിൽ ഫ്ളവർ ആസ്പിരൻസ് ഹൗസ്, കൗണ്ടംപാളയം |
| 20-10-2006 | - | മരണം |

